947.08492

J. V. Stalin.
3.88
11837
G-114

# ലെനിൻ
# നമ്മുടെ ഗുരുനാഥൻ

മൂലലേഖകൻ

**ജെ. വി. സ്റ്റാലിൻ**

പരിഭാഷകൻ

**സി. ഉണ്ണിരാജ**

PC Library & Research Centre

പ്രസാധകർ

**കേരളാ പബ്ലിഷേഴ്സ്, കോട്ടയം**

വില 12 അണ

ഒന്നാംപതിപ്പ്
ഒക്ടോബർ 1955
കോപ്പി 1000

947.08492

അച്ചടി—കലാകേരളം പ്രസ്സ്, കോട്ടയം

6-114

# പരിഭാഷകന്റെ കുറിപ്പ്

മഹാനായ ലെനിനെപ്പററി സ്റ്റാലിൻ എഴുതിയ ലേഖനങ്ങളിൽനിന്നും നടത്തിയ പ്രസംഗങ്ങളിൽനിന്നും കൂടുതൽ പ്രധാനമായവയാണ് ഈ പുസ്തകത്തിൽ തർജ്ജിമ ചെയ്തു ചേർത്തിട്ടുള്ളതു്. മോസ്കോവിലെ വിദേശഭാഷാപ്രസിദ്ധീകരണശാലക്കാർ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള "ലെനിനെപ്പററി" എന്ന ഗ്രന്ഥത്തിൽനിന്നെടുത്തതാണ് ഇതിലെ ലേഖനങ്ങളും പ്രസംഗങ്ങളും.

ലെനിനെപ്പററിയും അദ്ദേഹത്തിന്റെ അനശ്വരങ്ങളും ലോകപരിവർത്തനാത്മകങ്ങളുമായ തത്വങ്ങളെപ്പററിയും അധികൃതമായെഴുതാൻ സ്റ്റാലിനേക്കാൾ കൂടുതൽ അർഹതപ്പെട്ട ആളില്ലെന്നു സ്വയം വ്യക്തമാണ്.

മാർക്സിന്റെ പേരിൽ ലെനിനേയും അദ്ദേഹത്തിന്റെ തത്വങ്ങളേയും എതിർത്തിരുന്ന ആളുകളുണ്ടായിരുന്നു. ഒരു തത്വം ശരിയോ തെറേറാ എന്നു തീരുമാനിക്കപ്പെടുന്നതു അതു പ്രയോഗിക്കുമ്പോഴുണ്ടാകുന്ന അനുഭവത്തിന്മേൽ മാററുരച്ചുനോക്കിയിട്ടാണല്ലോ. സ്റ്റാലിൻ വിവരിക്കുന്നപോലെ പ്രായോഗികപ്രവർത്തനത്തിൽ ലെനിനാണു ശരിയെന്നു വീണ്ടുംവീണ്ടും തെളിയിക്കപ്പെട്ടു.

ഇന്നു ലെനിന്റെ പേരിൽ സ്റ്റാലിനേയും ലോകത്തിലെ കമ്മ്യൂണിസ്റ്റുപാർട്ടികളേയും എതിർക്കുന്ന ആളുകളുണ്ട്: ലെനിൻ മരിച്ചതിന്നു ശേഷമുള്ള കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്തെ ചരിത്രാനുഭവമാണ് അവർക്കുള്ള മറുപടി.

അമേരിക്കൻതൊഴിലാളിപ്രതിനിധിസംഘത്തിന്നു നൽകിയ ഒരു അഭിമുഖസംഭാഷണത്തിൽ സാമ്രാജ്യത്വത്തിന്റേയും തൊഴിലാളിവിപ്ലവങ്ങളുടേയും കാലഘട്ടത്തിലെ മാർക്സിസമാണു

ലെനിനിസമെന്തെന്നു നിർവ്വചിച്ചുകൊണ്ടു് സ്റ്റാലിൻ നൽകിയിട്ടുള്ള വിശദീകരണമൊന്നു വായിച്ചുനോക്കൂ. അതിൽ പറഞ്ഞ കാര്യങ്ങളും ചരിത്രാനുഭവവുമായിട്ടൊന്നു തട്ടിച്ചുനോക്കുക. ലെനിൻെറ പേരിൽ സ്റ്റാലിനേയും കമ്മ്യൂണിസ്റ്റ് പാർട്ടികളേയും എതിർക്കുന്നവരല്ല, സ്റ്റാലിനും കമ്മ്യൂണിസ്റ്റ് പാർട്ടികളുമാണു ശരിയെന്നും ചരിത്രം തെളിയിച്ചിട്ടുള്ളതായി കാണാം.

ലെനിനെപ്പററിയുള്ള സ്റ്റാലിൻെറ ഈ ലേഖനങ്ങളും പ്രസംഗങ്ങളും ലെനിനേയും അദ്ദേഹത്തിൻെറ വിപ്ലവകരമായ പ്രവർത്തനത്തേയും ആ പ്രവർത്തനത്തിൽ വിജയം വരിക്കാൻ ലെനിന്നു മാർഗ്ഗദർശകമായ തത്വങ്ങളേയും പഠിക്കുന്നതിന്നു സഹായകരമായിരിക്കുമെന്നു തീർച്ചയാണു്.

തിരുവനന്തപുരം,
22-5-'56.

---

## ഉള്ളടക്കം


| | |
|---|---|
| ലെനിൻ—റഷ്യൻ കമ്മ്യൂണിസ്ററ പാർട്ടിയുടെ സംഘാടകനും നേതാവും .... .... .... .... | 5 |
| സഖാവു് ലെനിൻ അവധിയെടുക്കുന്നു .... .... | 19 |
| ലെനിൻെറ മരണത്തെപ്പററി .... .... .... | 23 |
| ലെനിൻ—ഒരു പ്രസംഗം .... .... .... | 33 |
| ലെനിനെ പഠിക്കുക .... .... ... .... | 50 |
| ഒരു കൂടിക്കാഴ്ച—അമേരിക്കൻ തൊഴിലാളിപ്രതിനിധിസംഘവുമായി .... .... | 51 |
| ഒരു കൂടിക്കാഴ്ച—എമിൻ ലുഡ്വിഗുമായി .... .... | 63 |
| ഒരു തിരഞ്ഞെടുപ്പുപ്രസംഗം .... .... .... | 69 |
| ഒരു സ്വീകരണയോഗപ്രസംഗം .... .... .... | 79 |

MVK

# ലെനിൻ-റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടകനും നേതാവും

മാർക്സിസ്റ്റുകാരിൽ രണ്ടു ഗ്രൂപ്പുകളുണ്ട്. ഇരുഗ്രൂപ്പുകളും മാർക്സിസത്തിന്റെ കൊടിക്കീഴിൽ പ്രവർത്തിക്കുന്നു, യഥാർത്ഥ മാർക്സിസ്റ്റുകാരായി സ്വയം കണക്കാക്കുകയും ചെയ്യുന്നു. എങ്കിലും അവർ ഒരു വിധത്തിലും ഒരു പോലെയല്ല. അതിലുമധികം, അവർക്കിടയിൽ, ഒരു വിടവുണ്ട്. കാരണം, അവരുടെ പ്രവർത്തനരീതികൾ അന്യോന്യം നേരേ എതിരാണ്.

ആദ്യത്തെഗ്രൂപ്പ് സാധാരണമായി പുറമേക്ക് മാർക്സിസത്തെ സ്വീകരിക്കുന്നതുകൊണ്ടു്, ഒരു കർമ്മമെന്ന നിലയ്ക്ക് മാർക്സിസം ശരിവയ്ക്കുന്നതുകൊണ്ടു്, സ്വയം തൃപ്തിപ്പെടുന്നു. മാർക്സിസത്തിന്റെ സത്ത് ഗ്രഹിക്കാൻ കഴിയാത്തതുകൊണ്ടോ, ആഗ്രഹിക്കാത്തതുകൊണ്ടോ, അതിനെ യാഥാർത്ഥ്യത്തിലേക്കു പരിഭാഷപ്പെടുത്താൻ കഴിയാത്തതുകൊണ്ടോ മാർക്സിസത്തിന്റെ സജീവവും വിപ്ളവകരവുമായ പ്രമാണങ്ങളെ നിർജ്ജീവവും നിരർത്ഥകവുമായ മന്ത്രങ്ങളാക്കി മാററുന്നു. അവർ അവരുടെ പ്രവർത്തനങ്ങൾക്കു അടിസ്ഥാനമാക്കുന്നതു് അനുഭവങ്ങളെയല്ല, പ്രായോഗിക പ്രവൃത്തി എന്തു പഠിപ്പിക്കുന്നു എന്നതിനെയല്ല, നേരേ മറിച്ച് മാർക്സിന്റെ ഉദ്ധരണികളെയാണ്. കൺമുന്നിലുള്ള യാഥാർത്ഥ്യങ്ങളെ പരിശോധിച്ചിട്ടല്ല, അവർ തങ്ങളുടെ മാർഗ്ഗനിദർശനങ്ങളും നിർദ്ദേശങ്ങളും രൂപീകരിക്കുന്നതു്, നേരേമറിച്ച ചരിത്രത്തിൽനിന്നെടുത്ത താരതമ്യങ്ങളിൽനിന്നും സമാനസംഭവങ്ങളിൽനിന്നുമാണ്. വാക്കും പ്രവൃത്തിയും തമ്മിലുള്ള പൊരുത്തക്കേടാണ് ഈ ഗ്രൂപ്പിന്റെ പ്രധാനവ്യാധി. അതുകൊണ്ട് വിധിയേക്കുറിച്ച് ആശാഭംഗവും നിരന്തരമായ

വെറുപ്പും ഇവരിൽ കാണാം. ഭാവിയാകട്ടെ വീണ്ടും വീണ്ടും ഇവരെ വഞ്ചിക്കുന്നു. "അവരുടെ മൂക്കു മുറിക്കുന്നു." മെൻഷവിക്കുകാർ (റഷ്യയിൽ) അല്ലെങ്കിൽ അവസരവാദികൾ (യൂറോപ്പിൽ) എന്ന പേരിലാണ് ഈ ഗ്രൂപ്പറിയപ്പെടുന്നത്. സഖാവ് ടിസ്ക്കാ (യോഗിസ്ച്ചസ്) ലണ്ടൻ കോൺഗ്രസ്സിൽ വച്ച് ഏററവും ഉചിതമായ ഭാഷയിൽ ഈ ഗ്രൂപ്പിനെ ഇങ്ങനെ വിവരിക്കുകയുണ്ടായി: അവർ മാർക്സിസ്റ്റ് അഭിപ്രായഗതിയുടെ കൂടെ നിൽക്കുകയല്ല ചെയ്യുന്നത്, പക്ഷേ അതിൻെറമേൽ കമിഴ്ന്നു കിടക്കുകയാണ്.

നേരേമറിച്ച് രണ്ടാമത്തെ ഗ്രൂപ്പാകട്ടെ, ഒന്നാമത്തെപ്രാധാന്യം കൊടുക്കുന്നതു പുറമേക്കു് മാർക്സിസത്തെ സ്വീകരിക്കുന്നതിലല്ല; എന്നാൽ മാർക്സിസത്തെ സാക്ഷാൽക്കരിക്കുന്നതിനാണ്, അതിനെ യാഥാർത്ഥ്യത്തിലേക്കു പരിഭാഷപ്പെടുത്തുന്നതിലാണ്; ഓരോ സ്ഥിതിക്കും ഏററവുംനന്നായി യോജിച്ചവിധത്തിൽ മാർക്സിസം നടപ്പിൽ വരുത്തുന്നതിനുള്ള ഉപായങ്ങളും വഴികളും നിർണ്ണയിക്കുന്നതിലും സ്ഥിതി മാറുന്നതോടുകൂടി അവയെ മാററുന്നതിലും ഈ ഗ്രൂപ്പു പ്രധാനമായും അതിൻെറ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ചരിത്രപരമായ താരതമ്യങ്ങളിൽ നിന്നും സമാനസംഭവങ്ങളിൽനിന്നുമല്ല, നേരേ മറിച്ച് ചുററുപാടുമുള്ള സ്ഥിതിഗതികൾ മനസ്സിലാക്കുന്നതിൽ നിന്നാണ് ഈ ഗ്രൂപ്പ് അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നിർദ്ദേശങ്ങളും രൂപീകരിക്കുന്നത്. അതു് അതിൻെറ പ്രവൎത്തനങ്ങൾക്കടിസ്ഥാനമാക്കിയെടുക്കുന്നതു് ഉദ്ധരണികളേയും സനാതനതത്വങ്ങളേയുമല്ല, നേരേമറിച്ചു പ്രായോഗികമായ അനുഭവത്തെയാണ്—ഓരോ കാൽവെപ്പിനേയും അതു് അനുഭവംകൊണ്ടു് പരീക്ഷിച്ചുനോക്കുന്നു, സ്വന്തം തെററുകളിൽനിന്നു അതു പഠിക്കുന്നു, ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കാൻ മററുള്ളവരെ അതു പഠിപ്പിക്കുന്നു. അതുകൊണ്ടാണ് വാസ്തവത്തിൽ ഈ ഗ്രൂപ്പിൻെറ പ്രവൎത്തനങ്ങളിൽ വാക്കും പ്രവൎത്തി

യും തമ്മിൽ പൊരുത്തക്കേടില്ലാതിരിക്കാൻ കാരണം. അതുകൊണ്ടാണു് ഈ ഗ്രൂപ്പിൻെറ കയ്യിൽ മാർക്ക്സിൻെറ തത്വങ്ങരം അവയുടെ സജീവവും വിപ്ളവകരവുമായ ശക്തിയെ പരിപൂർണ്ണമായും നിലനിത്തുന്നതു്. മാർക്ക്സിസ്റ്റ്കാക്ക ലോകത്തെ വ്യാഖ്യാനിച്ചതുകൊണ്ടു് തൃപ്തിയടയുവാൻ വയ്യ, പക്ഷേ അവർ പിന്നെയും മുന്നോട്ടുപോയി ലോകത്തെ മാററണം എന്ന മാർക്ക്സിൻെറ വാക്യം ഈഗ്രൂപ്പിൻെറകാര്യത്തിൽ തികച്ചുംശരിയാണെന്നു പറയാം. ഈ ഗ്രൂപ്പ് ബോറംഷേവിക്കുകാർ, കമ്മ്യൂണിസ്റ്റ്കാർ എന്ന പേരിലറിയപ്പെടുന്നു.

ഈ ഗ്രൂപ്പിൻെറ നേതാവും സംഘടകനുമാണു് വി. ഐ. ലെനിൻ.

# I

## ലെനിൻ–റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംഘടകൻ

റഷ്യയിൽ തൊഴിലാളി വർഗ്ഗപ്പാർട്ടിയുടെ രൂപീകരണം പ്രത്യേക പരിത:സ്ഥിതികളിലാണു നടന്നതു്. പാശ്ചാത്യരാജ്യങ്ങളിൽ തൊഴിലാളികളുടെ പാർട്ടികരം രൂപീകരിക്കപ്പെട്ട സമയത്തു് അവിടങ്ങളിലുണ്ടായിരുന്ന സ്ഥിതികളിൽ നിന്നു വ്യത്യസ്തങ്ങളായിരുന്നു അവ. പാശ്ചാത്യരാജ്യങ്ങളിൽ, ഫ്റാൻസിലും ജമ്മനിയിലും, ട്രേഡ്യൂണിയനുകളും പാർട്ടികളും നിയമവിധേയമായിരുന്ന ഒരു സമയത്തു ബൂർഷ്വാ വിപ്ളവം നടന്നുകഴിയുകയും ബൂർഷ്വാ പാർലമെൻറുകരം നിലവിൽ വരുകയും അധികാരപീഠത്തിൽ കയറിയ ബൂർഷ്വാസിക്കു് തൊഴിലാളിവർഗ്ഗത്തെ നേരിടേണ്ടിവരികയും ചെയ്തിരുന്ന ഒരുസമയത്തു ട്രേഡ്യൂണിയനുകളിൽ നിന്നാണു് തൊഴിലാളിപ്പാർട്ടികരം ഉയ

ന്നു വന്നതു്. നേരേമറിച്ചു് റഷ്യയിലാകട്ടെ ഒരു ബൂർഷ്വാജനാധിപത്യവിപ്ലവത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഏററവും ഭീഷണമായ താന്തോന്നിത്ത ഭരണത്തിൻകീഴിലാണു്, തൊഴിലാളിവർഗ്ഗപ്പാർട്ടിയുടെ രൂപീകരണം നടന്നതു് – ആ സന്ദർഭത്തിൽ ഒരു ഭാഗത്തു ബൂർഷ്വാ വിപ്ളവത്തിനുവേണ്ടി തൊഴിലാളിവർഗ്ഗത്തെ ഉപയോഗപ്പെടുത്താൻ വെമ്പിക്കൊണ്ടിരുന്ന "നിയമവിധേയമാർക്സിസ്റ്റുകാരെ"ക്കൊണ്ടു് പാർട്ടിസംഘടന നിറഞ്ഞുവഴിഞ്ഞൊഴുകിയിരുന്ന കാലമായിരുന്നു. മറുഭാഗത്താണെങ്കിൽ, സാറിസ്റ്റുപോലീസ് പാർട്ടിയുടെ അണികളിൽനിന്നു് ഏററവും നല്ല പ്രവത്തകരെ തട്ടിക്കൊണ്ടുപോയിരുന്ന സമയവും ആയിരുന്നു. എന്നാൽ അസംഘടിതമായ ഒരു വിപ്ലവപ്രസ്ഥാനത്തിൻെറ വളർച്ച, താന്തോന്നിത്തഭരണത്തെ അധികാരത്തിൽനിന്നു മാററുന്നതിനു് ആ പ്രസ്ഥാനത്തെ നയിക്കാൻ കെൽപുള്ള സ്ഥിരപ്രത്യയവും സുസംഘടിതവും വേണ്ടത്ര രഹസ്യവും ആയ വിപ്ളവകാരികളുടെ ഒരു സമരസംഘടനയുടെ ആവിർഭാവത്തെ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

അന്നത്തെ കടമ നെല്ലും പതിരും വേർതിരിക്കുകയായിരുന്നു. തൊഴിലാളിവർഗ്ഗത്തിൻേറതല്ലാത്ത ചിന്താഗതിക്കാരിൽനിന്നു സ്വയം വേർപെടുത്തി നില്ക്കുകയായിരുന്നു; അതാതിടങ്ങളിൽ അനുഭവം സിദ്ധിച്ച വിപ്ലവകാരികളായ പ്രവത്തകരെ സംഘടിപ്പിക്കുകയായിരുന്നു; അവക്കു വ്യക്തമായ ഒരു പരിപാടിയും ഉറച്ച അടവുകളും ഉണ്ടാക്കിക്കൊടുക്കുകയായിരുന്നു; അവസാനമായി, സാറിസ്റ്റുപോലീസിൻെറ കയ്യേററങ്ങളെ നേരിടാൻതക്ക വേണ്ടത്ര രഹസ്യവും അതേസമയം ഉചിതമായ സന്ദർഭങ്ങളിൽ ബഹുജനങ്ങളെ സമരത്തിലേക്കു നയിക്കാൻ വേണ്ടത്ര അവരുമായി ബന്ധമുള്ളതുമായ, വിപ്ളവം ഉദ്യോഗമായി സ്വീകരിച്ചവരുടെ, ഒരൊററ സമര സംഘടനയിൽ ഈ പ്രവത്തകരെ ഒന്നിച്ചു ചേക്കുകയായിരുന്നു.

മാർക്സിസ്റ്റ് അഭിപ്രായഗതിയുടെ മേൽ "കമിഴ്ന്നു കിടക്കുന്ന" ആൾക്കാരായ മെൻഷവിക്കുകാർ ഈ പ്രശ്നത്തിന് വളരെ എളുപ്പത്തിൽ ഉത്തരം കണ്ടു: പാശ്ചാത്യരാജ്യങ്ങളിൽ എങ്ങിനെയാണു തൊഴിലാളികളുടെ പാർട്ടി ഉയർന്നുവന്നതു്? തൊഴിലാളിവർഗ്ഗത്തിന്റെ സാമ്പത്തികസ്ഥിതി നന്നാക്കാൻവേണ്ടി പോരാടുന്ന പാർട്ടിയല്ലാത്ത ട്രേഡ്‌യൂണിയനുകളിൽ നിന്നു. അതുപോലെതന്നെ കഴിയുന്നതു റഷ്യയിലും ചെയ്യണം—അതായതു് തല്ക്കാലത്തേക്കു് "മുതലാളികൾക്കും ഗവണ്മെന്റിനും എതിരായ തൊഴിലാളികളുടെ സാമ്പത്തികസമരങ്ങൾ" വിവിധ പ്രദേശങ്ങളിൽ നടത്തിയാൽ മതി; ഇപ്പോൾ യാതൊരു അഖില റഷ്യൻ സമരസംഘടനയും സൃഷ്ടിക്കേണ്ടതില്ല, പിന്നീടെന്തുവേണം? പിന്നീടല്ലേ, അപ്പോഴേക്കും ട്രേഡ് യൂണിയനുകൾ ഉയർന്നുവന്നില്ലെങ്കിൽ, പാർട്ടിയില്ലാത്ത ഒരു തൊഴിലാളി കോൺഗ്രസ്സ് വിളിച്ചുകൂട്ടി പാർട്ടിയെന്നു പ്രഖ്യാപിക്കണം.

മെൻഷവിക്കുകാരുടെ ഈ "മാർക്സിസ്റ്റ് പ്ലാൻ"—റഷ്യൻ സ്ഥിതിഗതികളിൽ അതു വെറും ആകാശക്കോട്ട കെട്ടലാണെന്നിരിക്കട്ടെ—നടപ്പിൽ വരുത്തുന്നതിന്റെ അർത്ഥം അതിവിപുലമായ പ്രക്ഷോഭം നടത്തലാണു്: പാർട്ടിയുടെ ആശയത്തെതന്നെ അവഹേളിക്കുകയും, പാർട്ടി പ്രവർത്തകരെ നശിപ്പിക്കുകയും, തൊഴിലാളിവർഗ്ഗത്തെ ഒരു പാർട്ടിയില്ലാതെ ഉപേക്ഷിക്കുകയും, മിതവാദി മുതലാളികളുടെ ലോലമായ ദയയ്ക്കു തൊഴിലാളിവർഗ്ഗത്തെ അടിയറ വെക്കുകയും ആയിരിക്കും അതിന്റെ ഫലം—ഇതു മെൻഷവിക്കുകാരും, ഒരുപക്ഷേ നല്ലൊരു വിഭാഗം ബോൾഷവിക്കുകാരും, അന്നു് ഊഹിച്ചിരിപ്പാൻതന്നെ ഇടയില്ല.

ഈ "പ്ലാൻ" ബീജരൂപത്തിലിരിക്കുന്ന സമയത്തു തന്നെ അതിന്റെ കർത്താക്കൾപോലും അതിന്റെ ഏകദേശരൂപം കഷ്ടിച്ചുമാത്രം മനസ്സിലാക്കിയസമയത്തുതന്നെ, മെൻഷവിക്കുകാരുടെ ഈ സംഘടനാ"പദ്ധതി"യുടെ അത്യാപത്തിനെ തുറന്നുകാട്ടുകയും അതു തുറന്നുകാട്ടിയതിനുശേഷം സംഘടനാകാര്യങ്ങളിൽ മെൻഷ

വിക്കകാരെടുക്കുന്ന അരാജക നിലക്കെതിരായി ഒരു ഗംഭീരാക്രമണം ആരംഭിക്കുകയും ഉശിരൻ പ്രവത്തകരുടെ ശ്രദ്ധ ഈ പ്രയത്നത്തിൽ കേന്ദ്രീകരിക്കുകയും ചെയ്ത ലെനിൻ റഷ്യൻ തൊഴിലാളി വഗ്ഗത്തിനും അതിൻെറ പാർട്ടിക്കും വമ്പിച്ചൊരു സേവനമാണുചെയ്തതു്. കാരണം പർട്ടിയുടെ നിലനിൽപുതന്നെ ആപത്തിലായിരുന്നു; പാർട്ടിക്കതൊരു ജീവന്മരണപ്രശ്നമായിരുന്നു.

"എന്തുചെയ്യണം"? "ഒരടി മുന്നോട്ടു്, രണ്ടടി പിന്നോട്ടു്" എന്നീ സുപ്രസിദ്ധ ഗ്രന്ഥങ്ങളിൽ, ലെനിൻ മുന്നോട്ടു കൊണ്ടുവന്ന പ്ലാൻ എന്തായിരുന്നു? എല്ലാ പാർട്ടിശക്തികളേയും ഒരുമിച്ചണിനിരത്തുന്ന കേന്ദ്രമെന്ന നിലയ്ക്കു് ഒരു അഖിലറഷ്യൻരാഷ്ട്രീയപത്രം തുടങ്ങുക; പാർട്ടിയുടെ "കൃത്യമായി പ്രവത്തിക്കുന്ന ഘടക"ങ്ങളെന്ന നിലയ്ക്കു് അതാതിടങ്ങളിൽ ഏററവും ഉറച്ച പാർട്ടി പ്രവത്തകരെ സംഘടിപ്പിക്കുക; ഈ പത്രംവഴി ഈ പ്രവത്തകരെ ഒരൊററ സംഘടനയിൽ കൂട്ടിയിണക്കുക; വ്യക്തമായി നിർവചിക്കപ്പെട്ട അതിത്തികളോടും വിശദമായ ഒരു പരിപാടിയോടും ഉറച്ച അടവുകളോടും ഒരൊററ അഭിപ്രായത്തോടും കൂടിയ ഒരു അഖില റഷ്യൻ സമര സംഘടനയിൽ അവരെ ഏകോപിപ്പിക്കുക. ഇതു റഷ്യൻസ്ഥിതിഗതികാംക്കു ഏററവും യോജിച്ചതായിരുന്നു, ഉശിരൻ പ്രവത്തകരിലേററവും നല്ലവരുടെ സംഘടനാപരമായ അനുഭവത്തിൽനിന്നു് അതിനിപുണമായരീതിയിൽ ഈ സാമാന്യ തത്വങ്ങാം രൂപീകരിച്ചു- എന്നതിലാണു് ഈ പദ്ധതിയുടെ ഗുണം കിടക്കുന്നതു്. ഈ പദ്ധതിക്കു വേണ്ടിയുള്ളസമരത്തിൽ, റഷ്യയിലെ ഉശിരൻ പ്രവത്തകന്മാരിൽ ഭൂരിപക്ഷവും ലെനിൻെറ ഭാഗത്തുറച്ചു നിന്നു: അവർ പിളർപ്പുണ്ടാകുമെന്നു പേടിച്ചുമ്മളിയില്ല. ലോകത്തിൽ ഇന്നു നിസ്തുലമായ, അടുത്തു കൂട്ടിയിണക്കപ്പെട്ട, ഉരുക്കുപോലുറച്ച, റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിത്തറയിട്ടതു ഈ പദ്ധതിയുടെ വിജയമാണു്.

ലെനിന്നു വിവാദങ്ങളോടും പിളർപ്പുകളോടുംഅത്യധികമായ ഒരിഷ്ടമുണ്ടെന്നും രാജിമനോഭാവക്കാരോടു പോരാടുന്നതിൽ

ലെനിൻ വിട്ടുവീഴ്ച കാണിക്കാറില്ലെന്നും മററും നമ്മുടെ സഖാക്കാം (മെൻഷവിക്കുകാർ മാത്രമല്ല!) ലെനിനെ പലപ്പോഴും കുററപ്പെടുത്താറുണ്ട്. ഒരു കാലത്തു തീർച്ചയായും അങ്ങനെയായിരുന്നുതാനും. പക്ഷേ, പാർട്ടി അതിൻെറ അണികളിൽനിന്നു് തൊഴിലാളി വർഗ്ഗത്തിനു ചേർന്നവരല്ലാത്ത, അവസരവാദികളായ ആളുകളെ പുറത്താക്കിയിരുന്നില്ലെങ്കിൽ, നമ്മുടെ പാർട്ടിക്കു് അതിൻെറ ആഭ്യന്തരമായ ദൗർബല്യങ്ങളേയും ചിന്നിച്ചിതറിയ സ്വഭാവത്തേയും നീക്കാൻ കഴിയുമായിരുന്നില്ലെന്നു്, ഇന്നത്തെ അതിൻെറ സ്വഭാവവിശേഷമായ ഓജസ്സും ശക്തിയും സമ്പാദിക്കാൻ കഴിയുമായിരുന്നില്ലെന്നു് മനസ്സിലാക്കാൻ വിഷമമില്ല. ബൂഷ്വാവാഴ്ചയുടെകാലഘട്ടത്തിൽ, പാർട്ടിക്കുള്ളിലും തൊഴിലാളിവർഗ്ഗത്തിനകത്തുമുള്ള അവസരവാദികളോടും വിപ്ലവ വിരോധികളോടും പാർട്ടിവിരോധികളോടും എത്രകണ്ടു പോരാടുന്നുവോ അത്രകണ്ടു മാത്രമേ ഒരു തൊഴിലാളി വർഗ്ഗപ്പാർട്ടി വളരുകയുള്ളു; ബലപ്പെടുകയുള്ളു. "ഒരു പാർട്ടി സ്വയം ശുദ്ധീകരിക്കുന്നതുകൊണ്ടു് കൂടുതൽ ശക്തിപ്പെടുന്നു" എന്നു ലാസ്സേൻ പറഞ്ഞ സമയത്തു് അദ്ദേഹം ശരിയായിരുന്നു. ലെനിനെ കുററപ്പെടുത്തിയവർ അന്നു് "ഐക്യം" നടമാടിയിരുന്ന ജർമ്മൻ പാർട്ടിയെ ഉദാഹരണമായി സാധാരണ എടുത്തു കാണിക്കാറുണ്ടു്. പക്ഷേ, ഒന്നാമതു് എല്ലാത്തരത്തിലുമുള്ള ഐക്യവും ശക്തിയുടെ ഒരു ലക്ഷണമല്ല; രണ്ടാമതു്, ഇപ്പോൾ മൂന്നു പാർട്ടികളായി പിരിഞ്ഞു കഴിഞ്ഞ പണ്ടത്തെ ജർമ്മൻ പാർട്ടിയെ ഒന്നു നോക്കിയാൽ മതി, ഒരു ഭാഗത്തു ഷീഡ്മാനും നോസ്കും മറുഭാഗത്തു ലീബ്നെഖ്ററും ലുക്സംബർഗ്ഗും തമ്മിലുണ്ടായിരുന്ന "ഐക്യ"ത്തിൻെറ അങ്ങേയററത്തെ പൊള്ളയും കള്ളത്തരവും മനസ്സിലാക്കാൻ. എന്നുതന്നെയല്ല, ജർമ്മൻ പാർട്ടിയിലെ വിപ്ലവകാരികളായ വിഭാഗം എതിർ വിപ്ലവകാരികളിൽ നിന്നു തക്കസമയത്തു തെററിപ്പിരിഞ്ഞിരുന്നുവെങ്കിൽ, അതു ജർമ്മൻതൊഴിലാളി വർഗ്ഗത്തിനു കൂടുതൽ നന്മ ചെയ്യുമായിരുന്നില്ലെന്നു് ആക്കറിയാം?.......ഇല്ല,

പാർട്ടി വിരോധികൾക്കും വിപ്ലവ വിരോധികൾക്കും എതിരായി രാജിയില്ലാത്ത സമരമെന്ന മാർഗ്ഗത്തിലൂടെ പാർട്ടിയെ നയിച്ചതിൽ ലെനിൻ ആയിരം തവണ ശരിയായിരുന്നു. എന്തുകൊണ്ടെന്നാൽ; സംഘടനാ കാര്യത്തിൽ അത്തരമൊരു നയം സ്വീകരിച്ചതിൻെറ ഫലമായിട്ടു മാത്രമാണ്, കെറൻസ്കി ഭരണകാലത്തെ ജൂലായ് കുഴപ്പത്തിൽ നിന്നു മുറിയും ചതവും പററാതെ പുറത്തു വരാനും ഒക്ടോബർ കലാപത്തിൻെറ ഭാരമാകെ താങ്ങാനും ബ്രെസ്റ്റ്-ലിറേറാവിസ്ക് കാലഘട്ടത്തിലെ കുഴപ്പങ്ങളിലൂടെ ആട്ടം തട്ടാതെ കടന്നുപോരാനും, സാമ്രാജ്യശക്തികൾക്കെതിരായി വിജയം സംഘടിപ്പിക്കാനും, അവസാനമായി ഏതു സന്ദർഭത്തിലും സ്വന്തം അണികൾക്കുള്ളിൽ യാതൊരു കുഴപ്പവും ഉണ്ടാക്കാതെ അണികളെ മാററിപ്പടുത്തു് ഏതെങ്കിലും വലിയൊരു കടമ ചെയ്യാൻ നൂറായിരക്കണക്കിനു മെമ്പർമാരെ കേന്ദ്രീകരിക്കാൻ പാർട്ടിയെ ശക്തമാക്കുന്ന ആ അന്യാദൃശമായ അയവു സമ്പാദിക്കാനും പാർട്ടിക്കു കെല്പുണ്ടാക്കിയ ആഭ്യന്തരമായ ഐക്യവും അത്ഭുതാവഹമായ ദൃഢതയും നമ്മുടെ പാർട്ടിക്കു സൃഷ്ടിക്കാൻ കഴിഞ്ഞതു്.

# II

## ലെനിൻ—റഷ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാവ്

പക്ഷേ, സംഘടനാരംഗത്തിലുള്ള റഷ്യൻകമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഈ ഗുണാതിശയങ്ങൾ കാര്യത്തിൻെറ ഒരു വശം മാത്രമാണ്. അതിൻെറ പ്രവർത്തനത്തിൻെറ രാഷ്ട്രീയമായ ഉള്ളടക്കം, അതിൻെറ പരിപാടിയും അടവുകളും, റഷ്യയിലെ യാഥാർത്ഥ്യങ്ങൾക്കു് ഒത്തുചേർന്നതായിരുന്നില്ലെങ്കിൽ, അതിൻെറ മുദ്രാവാക്യങ്ങൾ തൊഴിലാളി ബഹുജനങ്ങളെ ആവേശം കൊള്ളിക്കുകയും

വിപ്ലവപ്രസ്ഥാനത്തെ മുന്നോട്ടു നീക്കുകയും ചെയ്തിരുന്നില്ലെങ്കിൽ പാർട്ടി ഇത്ര വേഗത്തിൽ വളരുമായിരുന്നില്ല, ഒരു ഉരുക്കു കോട്ട പോലെ ശക്തിപ്പെടുമായിരുന്നില്ല. ഇനി നമുക്കു് ഈ വിഷയത്തെപ്പററി പരിശോധിക്കാം.

പാശ്ചാത്യ രാജ്യങ്ങളിൽ, ഉദാഹരണത്തിനു ഫ്രാൻസിലും ജമ്മനിയിലും വിപ്ലവകരമായ കോളിളക്കങ്ങൾ നടന്ന സമയത്തെ സ്ഥിതിഗതികളിൽ നിന്നു വ്യത്യസ്തമായ സ്ഥിതികളിലാണു് റഷ്യയിലെ ബൂർഷ്വാജനാധിപത്യ വിപ്ലവം നടന്നതു്(1905) കൈവേല വ്യവസായത്തിൻേറയും വളർച്ച എത്താത്ത വർഗ്ഗസമരത്തിൻേറയും കാലഘട്ടത്തിലാണു്, തൊഴിലാളി വർഗ്ഗം ദുർബലവും എണ്ണത്തിൽ കുറവുമായിരുന്ന കാലഘട്ടത്തിലാണു്, തൊഴിലാളി വർഗത്തിനു അതിൻെറ ആവശ്യങ്ങൾ രൂപീകരിക്കാൻസ്വന്തം ഒരു പാർട്ടിയില്ലാതിരുന്നപ്പോഴാണു്, ബൂർഷ്വാസിയാകട്ടെ തൊഴിലാളികളുടേയും കൃഷിക്കാരുടേയും വിശ്വാസം നേടി നാടുവാഴിപ്രഭുത്വത്തിനെതിരായ സമരത്തിൽ അവരെ നയിക്കാൻ വേണ്ടത്ര വിപ്ലവകാരിയായിരുന്നപ്പോഴാണു് പാശ്ചാത്യരാജ്യങ്ങളിൽ വിപ്ലവം ഉണ്ടായതെങ്കിൽ, നേരേമറിച്ചു് റഷ്യയിൽ(1905ൽ) വിപ്ലവം ആരംഭിച്ചപ്പോൾ, അതു യന്ത്രവ്യവസായത്തിൻേറയും വളൎന്നുകഴിഞ്ഞ വർഗ്ഗസമരത്തിൻേറയും കാലഘട്ടത്തിലായിരുന്നു, താരതമ്യേന എണ്ണത്തിൽ കൂടുതലും മുതലാളിത്തത്താൽ തന്നെ കൂട്ടിയിണക്കപ്പെട്ടവരുമായ റഷ്യൻ തൊഴിലാളി വർഗ്ഗം ബൂർഷ്വാസിയോടു പല സമരങ്ങളും നടത്തിക്കഴിഞ്ഞ സമയത്തായിരുന്നു, ബൂർഷ്വാപാർട്ടിയേക്കാൾ കൂടുതൽ ഏകോപിച്ച ഒരു പാർട്ടിയും അതിൻേറതായ സ്വന്തം വ്യക്തമായ ആവശ്യങ്ങളും തൊഴിലാളി വർഗ്ഗത്തിനുണ്ടായിക്കഴിഞ്ഞ സമയത്തായിരുന്നു, മാത്രമല്ല, ഗവണ്മെൻറു കൺട്രാക്ററുകളെ ആശ്രയിച്ചു ജീവിക്കുന്ന റഷ്യൻ ബൂർഷ്വാസി തൊഴിലാളി വർഗ്ഗത്തിൻെറ വിപ്ലവകരമായ ഊക്കു കണ്ടു പേടിച്ചു് തൊഴിലാളികൾക്കും കൃഷിക്കാൎക്കും എതിരായി ഗവണ്മെൻറായും ജന്മികളായും കൂട്ടുകെട്ടുണ്ടാക്കാൻ നോക്കിയ

സമയത്തായിരുന്നു. മഞ്ചൂറിയയിലെ യുദ്ധരംഗങ്ങളിൽപററിയതോൽവികളുടെ ഫലമായിട്ടാണ് റഷ്യൻ വിപ്ലവം പൊട്ടിപ്പുറപ്പെട്ടതെന്ന വാസ്തവം സംഭവഗതിക്കു വേഗം കൂട്ടുക മാത്രമേ ചെയ്തിട്ടുള്ളു, സാരാംശത്തിൽ അതിനെ മാററിയിട്ടില്ല.

രാജ്യത്തിൽ പരിപൂർണ്ണജനാധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടിയും സ്വന്തം വർഗതാല്പര്യങ്ങളെ ഉറപ്പിക്കുന്നതിനുവേണ്ടിയും തൊഴിലാളിവർഗം വിപ്ലവത്തിൻെറ നേതൃത്വം എടുക്കണമെന്നും വിപ്ലവകാരികളായ കൃഷിക്കാരെ അണി നിരത്തണമെന്നും ഒരേ സമയത്തു സാർവാഴ്ചയ്ക്കും ബൂർഷ്വാസിക്കുമെതിരായി ഉറച്ച പോരാട്ടം നടത്തണമെന്നും അന്നത്തെ സ്ഥിതി ആവശ്യപ്പെട്ടു.

പക്ഷേ മാർക്സിസ്റ്റ് ചിന്താഗതിയുടെ മേൽ "കമിഴ്ന്നു കിടക്കുന്ന" ആൾക്കാരായ മെൻഷ്വവിക്കുകാർ, അവരുടെ സ്വന്തംരീതിയിൽ പ്രശ്നത്തിനു പരിഹാരം കണ്ടു; റഷ്യൻ വിപ്ലവം ഒരു ബൂഷ്വാ വിപ്ലവം ആയതുകൊണ്ടും ബൂർഷ്വാ വിപ്ലവങ്ങളെ നയിക്കുന്നതു ബൂർഷ്വാസിയുടെ പ്രതിനിധികളായതുകൊണ്ടും; ഫ്റഞ്ചു-ജർമ്മൻ വിപ്ലവങ്ങളുടെ "ചരിത്രം" നോക്കുക, തൊഴിലാളിവർഗ്ഗത്തിന് റഷ്യൻ വിപ്ലവത്തിൽ നേതൃത്വം വഹിക്കുവാൻ വയ്യ, വിപ്ലവനേതൃത്വം ബൂർഷ്വാസിക്കു വിട്ടുകൊടുക്കണം (അവരാകട്ടെ വിപ്ലവത്തെ വഞ്ചിക്കുകയാണ്), കൃഷിക്കാരെ ബൂർഷ്വാസിയുടെ കീഴിൽത്തന്നെ നിറുത്തണം, തൊഴിലാളിവർഗ്ഗമാണെങ്കിൽ അങ്ങേഅററത്തെ ഇടതു പ്രതിപക്ഷകക്ഷി മാത്രമായിരിക്കയും വേണം.

നശിച്ച ബൂർഷ്വാ മിതവാദികളുടെ സ്വരങ്ങളെ ആഭാസമയമായി തട്ടിപ്പടച്ചുണ്ടാക്കിയ ഈ പരിപാടിയെ മെൻഷ്വവിക്കുകാർ "യഥാർത്ഥ"മാർക്സിസത്തിലെ അവസാന വാക്കായി പ്രചരിപ്പിച്ചു.

മെൻഷ്വവിക്കുകാരുടെ ചരിത്രപരമായ സമാന സംഭവങ്ങളുടെ ഉപയോഗശൂന്യതയേയും തൊഴിലാളി വർഗ്ഗത്തിൻെറ ലക്ഷ്യത്തെ ബൂർഷ്വാസിയുടെ ലോലമായദയയ്ക്കു അടിയറ വയ്ക്കുന്ന

മെൻഷവിക്കുകാരുടെ "വിപ്ലവപദ്ധതി"യുടെ ആപത്തിനേയും തികച്ചും തുറന്നുകാട്ടിയ ലെനിൻ റഷ്യൻ വിപ്ലവത്തിനു വമ്പിച്ചൊരു സേവനമാണു ചെയ്തതു്. "രണ്ടു അടവുകൾ" കാഡറുകളുടെ വിജയവും തൊഴിലാളിപ്പാർട്ടിയുടെ കടമയും എന്നീ സുപ്രസിദ്ധമായ ലഘുലേഖകളിൽ ലെനിൻ മുമ്പോട്ടു കൊണ്ടുവന്ന അടവുകളുടെ പദ്ധതി താഴെ കൊടുക്കും പ്രകാരമായിരുന്നു. ബൂർഷ്വാസിയുടെ സർവ്വാധിപത്യത്തിനു പകരം തൊഴിലാളികളുടേയും കൃഷിക്കാരുടേയും വിപ്ലവകരമായ ഒരു ജനാധിപത്യ സർവ്വാധിപത്യം, ബ്യൂളിഗിൻ ഡ്യൂമയിൽ സഹകരിച്ചു. അതിനകത്തു ചേർന്നു പ്രവർത്തിക്കുന്നതിനു പകരം, അതിനെ ബഹിഷ്കരിക്കലും ആയുധമേന്തിയ കലാപവും; ഒരു "കാഡററു" മന്ത്രിസഭ രൂപീകരിക്കുന്നതിനും ഡ്യൂമയെ പിന്തിരിപ്പൻ രീതിയിൽ "പോററിവളത്തു"ന്നതിനു പകരം ഡ്യൂമ വിളിച്ചുകൂട്ടുന്നതിൽ സാർഭരണം വിജയംനേടുകയാണെങ്കിൽ അതിനകത്തു ഒരു "ഇടതുപക്ഷബ്ളോക്കു" രൂപീകരിച്ചു ഡ്യൂമക്കു പുറത്തു നടത്തുന്ന സമരങ്ങൾക്കുള്ള ഒരുപ്ലാററഫോറമായി ഡ്യൂമയെ ഉപയോഗപ്പെടുത്തുക; കാഡററു പാർട്ടിയുമായി ഒരു "ബ്ളോക്കു" രൂപീകരിക്കുന്നതിനു പകരം, ഒരു വിപ്ലവവിരോധശക്തിയെന്ന നിലക്കു അതിനെ എതിൎക്കൽ.

റഷ്യയിലെ ബൂർഷ്വാജനാധിപത്യ വിപ്ലവത്തിൻെറ കാലഘട്ടത്തിലെ തൊഴിലാളിവൎഗ്ഗത്തിൻെറ വൎഗ്ഗാവശ്യങ്ങളെ പരസ്യമായും സുനിശ്ചിതമായും രൂപീകരിച്ചുവെന്നതാണു് ഈ പദ്ധതിയുടെ ഗുണം. സോഷ്യലിസ്റ്റു് വിപ്ലവത്തിലേക്കുള്ള പരിവൎത്തനത്തെ അതു സഹായിച്ചു. തൊഴിലാളിവർഗ്ഗ സൎവ്വാധിപത്യമെന്ന ആശയത്തിൻെറ വിത്തു അതിനുള്ളിൽ അടങ്ങിട്ടുണ്ടു്. അടവുകളുടെ ഈ പദ്ധതിക്കു വേണ്ടിയുള്ള പോരാട്ടത്തിൽ റഷ്യയിലെ ഉശിരൻ പ്രവൎത്തകന്മാരിൽ ഭൂരിപക്ഷവും സുദൃഢമായും പതറിച്ചു കൂടാതെയും ലെനിനെ പിന്തുടർന്നു. യാതൊരു വിപ്ല

വകരമായ അടവുകളുടെ സഹായത്തോടുകൂടിയാണോ നമ്മുടെ പാർട്ടിക്കു ലോകസാമ്രാജ്യത്തിന്റെ അടിത്തറയേത്തന്നെ കുലുക്കി ക്കൊണ്ടിരിക്കുന്നതു് ആ അടവുകളുടെ അടിസ്ഥാനമിടുകയാണു് ഈ പദ്ധതിയുടെ വിജയം ചെയ്തതു്.

പിന്നീടുണ്ടായ സംഭവവികാസങ്ങൾ, നാലുകൊല്ലത്തെ സാമ്രാജ്യയുദ്ധവും രാജ്യത്തിലെ സാമ്പത്തികജീവിതമാകെ തകന്നതും; ഫെബ്രുവരിവിപ്ലവവും പേരുകേട്ട "ഇരട്ട"ഭരണാധികാരവും; ബൂർഷ്വാഎതിർവിപ്ലവത്തിന്റെ കടുന്നൽ കൂടായിരുന്ന താൽക്കാലികഗവമെൻറും ജന്മമെടുത്തു കൊണ്ടുവരുന്ന തൊഴിലാളിസർവാധിപത്യത്തിന്റെ രൂപമായ പെട്രോഗ്രാഡു് സോവിയററും; ഒക്ടോബർ വിപ്ലവവും ജനപ്രതിനിധിസഭയെ പിരിച്ചുവിട്ടതും; ബൂർഷ്വാ പാർളിമെൻററി വ്യവസ്ഥയെ ഉച്ചാടനം ചെയ്ത സോവിയററു റിപ്പബ്ലിക്കു് പ്ര ഖ്യാപിച്ചതും, സാമ്രാജ്യയുദ്ധം ഒരു ആഭ്യന്തരയുദ്ധമായി രൂപാന്തരപ്പെട്ടതും; കള്ളമാർക്സിസ്റ്റുകാരുടെ സഹായത്തോടുകൂടി, തൊഴിലാളിവിപ്ലവത്തിനെതിരായ ലോകസാമ്രാജ്യത്തിന്റെ ആക്രമണവും; അവസാനമായി ജനപ്രതിനിധിസഭയെ പിടിച്ചു തൂങ്ങിനിന്നുകൊണ്ടു് തൊഴിലാളിവർഗ്ഗം കടലിലേയ്ക്കു തെറിഞ്ഞപ്പോൾ വിപ്ലവത്തിന്റെ തിരയടിയേററു് മുതലാളിത്തത്തിന്റെ കരയ്ക്കു ചെന്നു പററിയ മെൻഷവിക്കുകാരുടെ ദയനീയനില—ഇതെല്ലാംതന്നെ ലെനിൻ അദ്ദേഹത്തിന്റെ "രണ്ടു് അടവുകൾ" എന്ന പുസ്തകത്തിൽ നിർണ്ണയിച്ച വിപ്ലവകരമായ അടവുകളുടെ തത്വങ്ങളെ ശരിവെക്കുക മാത്രമാണു ചെയ്തതു്. ഇത്തരമൊരു പാരമ്പര്യത്തോടുകൂടിയ പാർട്ടിക്കു് വെള്ളത്തിലാണ്ടുകിടക്കുന്ന പാറകളെപ്പററി ഭയപ്പെടാതെ മുന്നോട്ടുപോകാൻ സാധിക്കും.

* * *

തൊഴിലാളിവിപ്ലവത്തിന്റെ ഇക്കാലത്തു, പർട്ടിയുടെ ഓരോ മുദ്രാവാക്യവും ഒരു പാർട്ടിനേതാവിന്റെ ഓരോ വാക്കും

പ്രവത്തനത്തിൽ പരിശോധിക്കപ്പെടാൻ പോകുന്നസമയത്തു, തൊഴിലാളിവർഗ്ഗം അതിൻെറ നേതാക്കളിൽ നിന്നു സവിശേഷമായ കാര്യങ്ങളാവശ്യപ്പെടുന്നുണ്ടു്. കൊടുങ്കാററിൻെറയും കോളിളക്കത്തിൻേറയും സമയത്തു ആത്മത്യാഗികളും ധീരരുമായ പ്രായോഗികനേതാക്കളായിരുന്ന തൊഴിലാളിവർഗ്ഗത്തിൻെറ നേതാക്കളെപ്പററി ചരിത്രത്തിന്നറിയാം, പക്ഷെ അവർ സിദ്ധാന്തത്തിൽ ബലഹീനരായിരുന്നു. അത്തരം നേതാക്കളുടെ പേരുകൾ ബഹുജനങ്ങൾ പെട്ടെന്നു മറക്കുകയില്ല. അത്തരം നേതാക്കളായിരുന്നു, ഉദാഹരണത്തിനു്, ജർമ്മനിയിലെ ലാസർ, ഫ്റാൻസിലെ ബ്ളാൻകപി. പക്ഷെ പ്രസ്ഥാനത്തിന്നൊട്ടാകെ അനുസ്മരണകളിന്മേൽമാത്രം ജീവിക്കാൻ സാദ്ധ്യമല്ല. അതിനു വ്യക്തമായ ഒരു ലക്ഷ്യം വേണം, (പരിപാടി),ദൃഢമായ ഒരു നയം വേണം (അടവുകൾ)

ഇനി മറെറാരുതരം നേതാക്കളുണ്ടു്,സമാധാനനേതാക്കൾ. അവർ സിദ്ധാന്തത്തിൽ പ്രബലരായിരിക്കും, പക്ഷെ, സംഘടനയുടേയും പ്രായോഗിക,പ്രവത്തനത്തിൻേറയും കാര്യത്തിൽബലഹീനരാണു്. അത്തരം നേതാക്കളെ തൊഴിലാളികളിൽ ഉയന്ന ഒരു വിഭാഗത്തിനിടയിൽ മാത്രമേ ഇഷ്ടപ്പെടുന്നുള്ളു, അതും കുറച്ചുകാലത്തേയ്ക്കു മാത്രം. വിപ്ലവത്തിൻെറ കാലം വന്നാൽ, നേതാക്കളിൽനിന്നു് പ്രായോഗിക,വിപ്ലവ,മുദ്രാവാക്യങ്ങൾ ആവശ്യമായിത്തീരുമ്പോൾ, ഈ തത്വശാസ്ത്രജ്ഞക്കു് അരങ്ങത്തു നിന്നുമാറി പുതിയ ആളുകൾക്കു വഴിമാറിക്കൊടുക്കേണ്ടതായി വരുന്നു. അത്തരം നേതാക്കളായിരുന്നു, ഉദാഹരണത്തിനു് റഷ്യയിലെ പ്ലഖനോവു്, ജർമ്മനിയിലെ കോട്സ്കി.

തൊഴിലാളി വിപ്ലവത്തിൻേറയും തൊഴിലാളിവർഗ്ഗപ്പാർട്ടിയുടേയും നേതാവെന്ന സ്ഥാനം നിലനിത്തണമെങ്കിൽ, ഒരാൾ സിദ്ധാന്തത്തിൻെറ ശക്തിയും തൊഴിലാളിപ്രസ്ഥാനത്തിൻെറ പ്രായോഗിക സംഘടനയുടെ അനുഭവവും കൂട്ടിയിണക്കണം. പി. ആക്സൽറോഡു് ഒരു മാർക്സിസ്റ്റായിരുന്ന കാലത്തു് ലെനി

നെപ്പററി ഇങ്ങനെ എഴുതുകയുണ്ടായി. "അദ്ദേഹം ഒരു നല്ല പ്രയോഗികപ്രവത്തകൻെറ അനുഭവത്തേയും താത്വികവിജ്ഞാനത്തേയും വിശാലമായ ഒരു രാഷ്ട്രീയ വീക്ഷണഗതിയേയും സ്വന്തമായി കൂട്ടിയിണക്കിയിരിക്കുന്നു" (ലെനിൻെറ "റഷ്യൻ സോഷ്യൽ ഡെമോക്രാററുകാരുടെ കടമകഠം" എന്ന ലഘുലേഖയ്ക്കു പി. ആക്സൽറോഡെഴുതിയ മുഖവുരനോക്കുക) ഇപ്പോഠം "പരിഷ്കൃത" മുതലാളിത്തത്തിൻെറ തത്വശാസ്ത്രകാരനായി മാറിയ മി: ആക്സൽറോഡ് ഇന്നു ലെനിനെപ്പററി എന്താണു പറയുകയെന്നു ഊഹിക്കാൻ വിഷമമില്ല. എന്നാൽ ലെനിനെ നല്ലതുപോലെ അറിയുകയും കാര്യങ്ങഠം നിഷ്പക്ഷമായി കാണാൻ കഴിയുകയും ചെയ്യുന്ന നമുക്കു, ലെനിൻ അദ്ദേഹത്തിൻെറ ഈ പഴയ ഗുണം തികച്ചും പുലത്തി പോന്നിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ലോകത്തിലെ ഏററവും സുശക്തവും ഏററവും ഉയന്ന തോതിൽ കാച്ചിയെടുത്തതുമായ തൊഴിലാളി,വർഗ്ഗപ്പാർട്ടിയുടെ നേതാവു് എന്തുകൊണ്ടു ലെനിനാണു്, മററാരുമല്ല എന്നതിൻെറ കാരണം കാണേണ്ടതു ഈ സംഗതിയിലാണെന്നും കൂടി സന്ദർഭവശാൽ പറഞ്ഞുകൊള്ളട്ടെ.

പ്രവദാ നമ്പർ 86
ഏപ്രിൽ 23,1920.

# സഖാവ് ലെനിൻ അവധിയെടുക്കുന്നു

## കുറിപ്പുകൾ.

"അവധിയെടുത്തിരിക്കുന്നസഖാവുലെനിനെ"പ്പററിഇപ്പോൾ എഴുതുന്നതു് തികച്ചും ഉചിതമാകുമെന്നു് എനിക്കു തോന്നുന്നില്ല. ആ അവധിക്കാലം കഴിയാററായി, സഖാവു ലെനിൻ വീണ്ടും ജോലിയിലേയ്ക്കു തിരിച്ചുവരികയാണു്. കൂടാതെ അവധിയിലിരിക്കുന്ന ലെനിനെപ്പററിഎനിക്കുള്ള ധാരണകൾ അത്രയ്ക്കു് ധാരാളമാണു്, അത്രയധികം അമൂല്യമാണു,അവയെപ്പററി"പ്രവദ"യുടെ പത്രാധിപന്മാരപേക്ഷിക്കുന്നതുപോലെ ഒരുചെറിയകുറിപ്പെഴുതുന്നതു ഒട്ടും ആശാസ്യമല്ലതന്നെ. എങ്കിലും എഴുതാതിരിക്കുവാൻ വയ്യ, പത്രാധിപന്മാർ നിർബന്ധിക്കുന്നു.

യുദ്ധരംഗത്തിൽ വെച്ചു് പഴക്കം ചെന്ന സേനാനികളെ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ടു്. അവർ എത്രയോ നാളുകൾ അന്തമില്ലാതെ ഊണും ഉറക്കവും ഒഴിച്ചു് തുടർച്ചയായി പണിയെടുത്തുകൊണ്ടിരിക്കും; എന്നിട്ടു്വെടിനിരയിൽനിന്നു വെറുംനിഴലുകളെ പോലെ തിരിച്ചുവന്നാൽ ഒരു മരംമുട്ടിപോലെ അവർ കിടന്നുറങ്ങും. "ഒരു രാപ്പകൽ ഇടതടവില്ലാതെ" കിടന്നുറങ്ങിയാൽ തികഞ്ഞ ഉന്മേഷത്തോടും പുതിയ കൃത്യങ്ങളിലേയ്ക്കിറങ്ങാൻ വ്യഗ്രതയോടും കൂടിയായിരിക്കും അവർ ഉണരന്നെഴുന്നേല്ക്കുന്നതു്. യുദ്ധങ്ങൾ കൂടാതെ അവക്കു "ജീവിക്കാൻ വയ്യ"ല്ലോ. ആറാഴ്ചക്കാലം കാണാതിരുന്നതിനുശേഷം ജൂലായ് മാസത്തിൽ ഞാൻ സഖാവു ലെനിനെ ആദ്യമായി സന്ദർശിച്ചപ്പോൾ, അദ്ദേഹം എന്നിലുണ്ടാക്കിയതോന്നൽ മേൽ പറഞ്ഞതരത്തിലായിരുന്നു-നിരന്തരവും ക്ഷീണിപ്പിക്കുന്നതുമായ ഗംഭീരയു

ങ്ങൾക്കു ശേഷം കുറച്ചു വിശ്രമിക്കാൻ സമയം് കിട്ടുകയും ആ വിശ്രമം കൊണ്ടു പുതിയ ഉന്മേഷം നേടുകയും ചെയ്ത ഒരു പഴയ സേനാനിയുടെ പ്രതീതിയാണു ലെനിൻ എന്നിലുളവാക്കിയതു്. അദ്ദേഹം ആരോഗ്യം വീണ്ടുകിട്ടിയപോലെയും ഉത്സാഹവാനായും കാണപ്പെട്ടു. എങ്കിലും കഠിനാദ്ധ്വാനത്തിൻേറയും ക്ഷീണത്തിൻേയും പാടുകൾ തീരെ മാഞ്ഞുപോയിരുന്നില്ല.

"എനിക്കു വർത്തമാനപ്പത്രങ്ങൾ വായിക്കാൻ പാടില്ല" ലെനിൻ പരിഹാസസ്വരത്തിൽ അഭിപ്രായപ്പെട്ടു "ഞാൻ രാഷ്ട്രീയം സംസാരിക്കാനും പാടില്ല. അതുകൊണ്ടു് എൻെറ മേശപ്പുറത്തുള്ള ഓരോ കടലാസ്സുതുണ്ടത്തിനു ചുററും ഞാൻ സശ്രദ്ധം നടക്കും; അതു വർത്തമാനപ്പത്രമാണെങ്കിലോ; ഞാൻ അച്ചടക്കം ലംഘിക്കുന്നതിനിടയായിത്തീർന്നാലോ."

ഞാൻ ഉള്ളലിഞ്ഞു ചിരിച്ചു; സഖാവു ലെനിൻെറ മികച്ച അച്ചടക്കബോധത്തെ അഭിനന്ദിച്ചു. രാഷ്ട്രീയം കൈകാര്യം ചെയ്യുന്നതു് ഉദ്യോഗമാക്കീട്ടുള്ള ആളുകൾ ഒന്നിച്ചു കൂടുമ്പോൾ, അവർ രാഷ്ട്രീയ കാര്യങ്ങളെപ്പററി സംസാരിക്കാതിരിക്കാൻ വയ്യെന്നു മനസ്സിലാക്കാൻ സാധിക്കാത്ത ഡോക്ടർമാരെപ്പററിയും ഞങ്ങൾ പലതും പറഞ്ഞു രസിച്ചു.

ലെനിനെ സംബന്ധിച്ചിടത്തോളം നിങ്ങൾക്കേററവും ഉള്ളിൽ തട്ടുന്നതെന്താണെന്നുവെച്ചാൽ, കാര്യങ്ങളറിയാനുള്ള അദ്ദേഹത്തിൻെറ തൃഷ്ണയും ജോലിചെയ്യാനുള്ള അദ്ദേഹത്തിൻെറ തടുത്തുനിർത്താനാവാത്ത വെമ്പലുമാണു്. ജോലിചെയ്യാനദ്ദേഹം ആർത്തിപ്പെട്ടു ശോഷിക്കുകയാണെന്നു് സ്പഷ്ടമത്രെ. സോഷ്യലിസ്റ്റ് റവല്യൂഷനറികളുടെ വിചാരണ, കൊയ്ത്തു എങ്ങിനെയുണ്ടാകും ജെനോവാ, ഹേഗ്, വ്യവസായം, ധനകാര്യം, ചോദ്യങ്ങൾ ഒന്നിനുപുറകേ മറെറാന്നായി ഇരുതുരെവന്നുകൊണ്ടിരുന്നു. സ്വന്താഭിപ്രായം പ്രകടിപ്പിക്കുവാൻ അദ്ദേഹം യാതൊരു തിടുക്കവും കാണിച്ചില്ല. സംഭവങ്ങളുമായി ബന്ധമില്ലെന്നു അദ്ദേഹം ഒഴിവുകഴിവുപറ

ഞ്ഞു. ഒട്ടുമുക്കാലും അദ്ദേഹം നിങ്ങളോടു ചോദിക്കുകയും എല്ലാം മനസ്സിൽ കുറിച്ചെടുക്കുകയുമാണു ചെയ്തതു്. കൊയ്ത്തു ഇക്കൊല്ലം വളരെ നന്നായിരിക്കുമെന്നു മനസ്സിലായപ്പോൾ സഖാവു് ലെനിൻ തികച്ചും ആവേശഭരിതനായി.

ഒരു മാസത്തിനുശേഷം ഞാൻകണ്ട ചിത്രം തീരെ വിഭിന്നമായിരുന്നു. ഇത്തവണ സഖാവു് ലെനിൻെറ ചുററും പുസ്തകങ്ങളുടേയും പത്രങ്ങളുടേയും കൂമ്പാരമായിരുന്നു (ഇപ്പോൾ മതിവരുവോളം വായിക്കാനും രാഷ്ട്രീയം സംസാരിക്കാനും അദ്ദേഹത്തിനു അനുവാദം കിട്ടിക്കഴിഞ്ഞിരുന്നു). കഠിനാധ്വാനത്തിൻെറയോ ക്ഷീണത്തിൻെറയോ യാതൊരു ലാഞ്ഛനയും കാണാനുണ്ടായിരുന്നില്ല. ജോലി ചെയ്യാനുള്ള ഒരുതരം അത്യാഗ്രഹം ഞരമ്പുകളെ ബാധിച്ചതിൻെറ എല്ലാ ലക്ഷണവും അപ്രത്യക്ഷമായിരുന്നു-അദ്ദേഹം ആർത്തികൊണ്ടു ശോഷിക്കുന്ന ഒരാളായി തോന്നിയില്ല. പ്രശാന്തതയും ആത്മവിശ്വാസവും പരിപൂർണ്ണമായും തിരിച്ചുവന്നിരിക്കുന്നു. ഞാൻ കണ്ടതു നമ്മുടെ പഴയ ലെനിനെയായിരുന്നു-ഒരു കണ്ണടച്ചുകൊണ്ടു് താൻ ചോദ്യംചോദിക്കുന്ന ആളെ അർത്ഥഗർഭമായി നോക്കുന്ന ആ പഴയ ലെനിൻ.

ഞങ്ങളുടെ സംഭാഷണവും കൂടുതൽ ഉത്സാഹപൂർണ്ണമായിരുന്നു. ആഭ്യന്തരകാര്യങ്ങൾ.... കൊയ്ത്തു....വ്യവസായത്തിൻെറ സ്ഥിതി .... റൂബ്ളിൻെറ വില... ബഡ്ജററു്.

"കാലം വിഷമംപിടിച്ചതാണു്. എങ്കിലും ഏററവും വിഷമമായ നിലയെ നാം പിന്നിട്ടു കഴിഞ്ഞു, കൊയ്ത്തു മൗലികമായിത്തന്നെ ഒരു മാററംവരുത്തും. തുടന്നു ധനകാര്യത്തിലും വ്യവസായത്തിലും സ്ഥിതി ഭേദപ്പെടാതിരിക്കുകയില്ല നമ്മുടെ സക്കാർവകുപ്പുകളിലും വ്യവസായങ്ങളിലും കൂടുതലുള്ളആളുകളെ കുറച്ചു കാര്യക്ഷമമാക്കി അനാവശ്യച്ചിലവുകളിൽനിന്നു രക്ഷനേടുകയാണു വേണ്ടതു്. ഇക്കാര്യത്തിൽ നാം ഉറച്ചു നില്ക്കണം. നാം കടന്നു കൂടും, തീർച്ചയായും നാം കടന്നു കൂടും.

വിദേശകാര്യങ്ങൾ.... സഖ്യശക്തികൾ.... ഫ്റാൻസിൻെറ നയം....ഇംഗ്ലണ്ടും ജമ്മനിയും....അമേരിക്കയുടെ പങ്കു്....

"അവർ ദുരാഗ്രഹികളാണ്. അവർ അങ്ങേയററം അന്യോന്യം വെറുക്കുകയും ചെയ്യുന്നു. ഇനിയും അവർ പരസ്പരം കഴുത്തിൽ പിടിക്കാതിരിക്കയില്ല. നാം ഒട്ടും തിരക്കു കൂട്ടേണ്ടതില്ല. നമ്മുടെ മാർഗ്ഗം സംശയത്തിനിടയില്ലാത്തതാണ്. നാം സമാധാനത്തിനും ഒത്തുതീർപ്പിനുംവേണ്ടി നിലകൊള്ളുന്നു; അതേസമയം നാം അടിമപ്പെടുത്തുന്നതിനും അടിമപ്പെടുത്തുന്ന കരാർവ്യവസ്ഥകൾക്കും എതിരാണ്. നാം ചക്രത്തിന്മേൽ മുറുകെപ്പിടിച്ച് നമ്മുടെ വഴിക്ക് തിരിക്കണം, മുഖസ്തുതിയ്ക്കോ ഭീഷണിയ്ക്കോ നാം കീഴടങ്ങാൻ പാടില്ല.

സോഷ്യലിസ്റ്റ് റവലൂഷനറികളും മെൻഷവിക്കുകാരും സോവിയററുറഷ്യയ്ക്കെതിരായ അവരുടെ നാണംകെട്ട പ്രക്ഷോഭവും....

"അതെ സോവിയററുറഷ്യയെ കരിതേയ്ക്കുവാൻ അവർ ഉറച്ചിരിക്കുകയാണ്. സോവിയററുറഷ്യയെ എതിക്കുവാൻ സാമ്രാജ്യവാദികളെ അവർ സഹായിക്കുന്നു. മുതലാളിത്തത്തിൻെറ ചളിക്കുണ്ടിൽ അവർ ചെന്നു കുടുങ്ങിയിരിക്കുന്നു; അവർ പാതാളത്തിലേയ്ക്കു വഴുതിപ്പോവുകയാണ്. അവർ മുങ്ങിച്ചത്തുകൊള്ളട്ടെ. തൊഴിലാളിവർഗ്ഗത്തെ സംബന്ധിച്ചേടത്തോളം അവർ എന്നേ ചത്തുകഴിഞ്ഞിരിക്കുന്നു."

"വൈററ്ഗാർഡ്" പത്രങ്ങൾ...........നാടുവിട്ടുപോയവർ...........ലെനിൻെറ മരണത്തെപ്പററി എല്ലാ വിവരണങ്ങളോടും കൂടിയ, വിശ്വസിക്കാൻ സാധിക്കാത്ത കഥകൾ...........

ലെനിൻ മന്ദഹസിച്ചുകൊണ്ട് പറഞ്ഞു: "അവർ നുണ പറഞ്ഞുകൊള്ളട്ടെ, അവക്കു അതൊരു ആശ്വാസമാണെങ്കിൽ. മരിക്കുന്ന ആളുകളുടെ അവസാനത്തെ ആശ്വാസം തട്ടിയെടുക്കുന്നതു ശരിയല്ല"

പ്രവ്ദാ നമ്പർ 215.
1922 സെപ്തമ്പർ 24

# ലെനിൻെറ മരണത്തെപ്പററി

## 1954 ജനുവരി 26-ാംനു- അഖിലയൂണിയൻ സോവിയററുകളുടെ രണ്ടാമത്തെ കോൺഗ്രസ്സിൽ ചെയ്ത ഒരു പ്രസംഗം.

സഖാക്കളെ,

കമ്മ്യൂണിസ്ററുകാരായ നാം ഒരു പ്രത്യേകമൂശയിൽ വാർത്തെടുത്ത ആളുകളാണ്. ഒരു പ്രത്യേകവസ്തുകൊണ്ടുണ്ടാക്കപ്പെട്ടവരാണ് നാം. സഖാവ് ലെനിൻെറ പട്ടാളത്തിൽ, ആ മഹാനായ തൊഴിലാളിവർഗ്ഗസമരതന്ത്രജ്ഞൻെറ പട്ടാളത്തിൽ, ചേർന്നവരാണു നാം. ഈ പട്ടാളത്തിൽ ചേരുകയെന്ന ബഹുമതിയേക്കാറം ഉന്നതമായി യാതൊന്നുമില്ല. സഖാവ് ലെനിൻ സ്ഥാപിക്കുകയും നയിക്കുകയും ചെയ്ത പാർട്ടിയിലെ മെമ്പർ എന്ന പദവിയേക്കാറം ഉന്നതമായി യാതൊന്നുമില്ല. അത്തരമൊരു പാർട്ടിയിലെ മെമ്പറാവുകയെന്നതു എല്ലാവക്കും കഴിവുള്ളതല്ല. അത്തരമൊരു പാർട്ടിയിലെ മെമ്പർസ്ഥാനത്തിൻെറ കൂടപ്പിറവിയായ കൊടുങ്കാററുകളേയും കഷ്ടപ്പാടുകളേയും നേരിട്ട് ഉറച്ചുനിൽക്കുകയെന്നതു എല്ലാവക്കും കഴിവുള്ളതല്ല. തൊഴിലാളിവർഗ്ഗത്തിൻെറ മക്കളാണ്, ദാരിദ്ര്യത്തിൻേറയും സമരത്തിൻേറയും മക്കളാണ്, ഊഹിക്കാൻ വയ്യാത്ത കഷ്ടപ്പാടിൻേറയും ധീരോദാത്തമായ ഉദ്യമങ്ങളുടേയും മക്കളാണ്, മററെല്ലാവരേക്കാളും മുമ്പിൽ ഇത്തരമൊരു പാർട്ടിയിൽ മെമ്പർമാരാകേണ്ടതു്. അതുകൊണ്ടാണ് ലെനിനിസ്ററുകളുടെ ഈ പാർട്ടിയെ, കമ്മ്യൂണിസ്ററുകാരുടെ ഈ പാർട്ടിയെ, തൊഴിലാളിവർഗ്ഗത്തിൻെറ പാർട്ടിയെന്നുകൂടി വിളിക്കുന്നതു്.

നമ്മെ വിട്ടുപോകുന്ന സമയത്ത്, സഖാവ് ലെനിൻ നമ്മോടാജ്ഞാപിച്ചു, ഈ പാർട്ടിയിലെ മെമ്പറെന്ന മഹത്തായ ബിരുദത്തിന്റെ പരിശുദ്ധതയെ ഉയർത്തിപ്പിടിക്കുവാനും കാത്തുരക്ഷിക്കുവാനും. സഖാവ് ലെനിൻ, അങ്ങയുടെ ഈ കല്പനയെ മേന്മയോടുകൂടി ഞങ്ങൾ നിറവേററുമെന്നു പ്രതിജ്ഞ ചെയ്യുന്നു.

ഇരുപത്തിയഞ്ചുകൊല്ലക്കാലം സഖാവ് ലെനിൻ നമ്മുടെ പാർട്ടിയെ ഉരുക്കുമൂശയിലിട്ടു വാർത്തു രൂപപ്പെടുത്തി; അവസാനമായി ലോകത്തിലെ ഏററവും ശക്തിമത്തും ഏററവും ഉരുക്കുപോലെ ഉറച്ചതുമായ തൊഴിലാളികളുടെ പാർട്ടിയാകാൻ അതിനെ പരിശീലിപ്പിച്ചു. സർവ്വാധിപത്യത്തിന്റേയും അതിന്റെ വൈതാളികരുടേയും പ്രഹരങ്ങൾ, ബൂർഷ്വാസിയുടേയും ജന്മിമാരുടേയും വെറളി, കോൽച്ചാക്കിന്റേയും ഡെനിക്കിന്റേയും ആയുധമെടുത്ത ആക്രമണങ്ങൾ, ഇംഗ്ലണ്ടിന്റേയും ഫ്രാൻസിന്റേയും പട്ടാളപരമായ ഇടംകോലിടൽ, ആയിരം നാവുള്ള ബൂർഷ്വാപത്രങ്ങളുടെ നുണകളും അപവാദങ്ങളും — ഈ തേളുകളെല്ലാംതന്നെ തുടർച്ചയായി, കാൽനൂററാണ്ടുകാലത്തോളം നമ്മുടെ പാർട്ടിയെ കുത്തിക്കൊണ്ടിരുന്നു. എങ്കിലും, ശത്രുവിന്റെ എണ്ണമററ പ്രഹരങ്ങളെ തടുത്തുകൊണ്ട്, തൊഴിലാളിവർഗ്ഗത്തെ മുന്നോട്ട്—വിജയത്തിലേക്ക്—നയിച്ചുകൊണ്ട് നമ്മുടെ പാർട്ടി പാറപോലെ ഉറച്ചുനിന്നു. എന്നുതന്നെയല്ല, ഐക്യംകൊണ്ടും സൗഹാർദ്ദബന്ധംകൊണ്ടും നമ്മുടെ പാർട്ടി തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുക്കളെ തോല്പിച്ചു വിജയം നേടുകയും ചെയ്തു.

നമ്മെ വിട്ടുപിരിയുന്ന സമയത്ത്, സഖാവു ലെനിൻ നമ്മോടാജ്ഞാപിച്ചു, സ്വന്തം കണ്ണിലെ കൃഷ്ണമണിപോലെ നമ്മുടെ പാർട്ടിയുടെ ഐ

കൃത്തെ കാത്തുരക്ഷിക്കാൻ. സഖാവ് ലെനിൻ, അങ്ങയുടെ ഈ കല്പനയേയും ഞങ്ങരം മേന്മയോടുകൂടി നിറവേററുമെന്നു ഇതാ പ്രതിജ്ഞ ചെയ്യുന്നു!

ദുർഭരവും ദുഃസഹവും ആയിരുന്നു തൊഴിലാളിവർഗ്ഗത്തിൻെറ തലയിലെഴുത്തു്. യാതനയും സങ്കടവും നിറഞ്ഞതാണു് പണിയെടുക്കുന്ന വിഭാഗങ്ങളനുഭവിക്കേണ്ടിവന്നിട്ടുള്ള കഷ്ടപ്പാടുകരം. അടിമകളും അടിയുടമകളും, അടിമയാന്മാരും തമ്പുരാക്കന്മാരും, കൃഷിക്കാരും ജന്മികളും, തൊഴിലാളികളും മുതലാളികളും, മർദ്ദിതരും മർദ്ദകന്മാരും—അങ്ങനെയാണു് അനാദികാലം മുതൽ ഈ ലോകം കെട്ടിപ്പടുക്കപ്പെട്ടിട്ടുള്ളതു്; അങ്ങനെതന്നെയാണു് ഇന്നും വമ്പിച്ച ഭൂരിപക്ഷം രാജ്യങ്ങളിലേയും സ്ഥിതി. കഴിഞ്ഞ എത്രയോ നൂററാണ്ടുകരംക്കിടയ്ക്കു, എത്രയോ ഡസൻ തവണ, പോരാ, എത്രയോ നൂറുതവണ പണിയെടുക്കുന്ന ജനങ്ങരം തങ്ങളുടെ ചുമലുകളിൽനിന്നു മർദ്ദകന്മാരെ എടുത്തുമാററാനും സ്വന്തം വിധിയുടെ യജമാനന്മാരായിത്തീരാൻ പരിശ്രമിച്ചിട്ടുണ്ടു്. പക്ഷെ ഓരോ തവണയും തോല്പിക്കപ്പെട്ടും അപമാനിക്കപ്പെട്ടും, വെറുപ്പും അപമാനവും രോഷവും നൈരാശ്യവും നീറിക്കൊണ്ടിരിക്കുന്ന ഹൃദയങ്ങളോടുകൂടി, തങ്ങരംക്കു വിമോചനം കിട്ടുമെന്നാശിച്ചു്, അഗോചരമായ ഒരു സ്വർഗ്ഗത്തിൻെറ നേക്കു കൺകളുയർത്തിക്കൊണ്ടു്, അവർ പിൻവാങ്ങാൻ നിർബ്ബന്ധിതരായിത്തീരുകയാണുണ്ടായതു്. അവരുടെ അടിമത്തച്ചങ്ങലകരം അങ്ങനെതന്നെ നിലനിന്നു; അല്ലെങ്കിൽ പഴയ ചങ്ങലകരംക്കു പകരം അത്ര തന്നെ ഭാരമേറിയതും അപമാനകരവുമായ പുതിയ ചങ്ങലകളുണ്ടായി. അടിച്ചമർത്തപ്പെട്ടവരും മർദ്ദിതരുമായ പണിയെടുക്കുന്ന ബഹുജനങ്ങരം ജന്മികളുടേയും മുതലാളികളുടേയും ഭരണത്തെ വലിച്ചെറിഞ്ഞിട്ടു പകരം തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഭരണം സ്ഥാപിക്കുന്നതിൽ വിജയം നേടിയിട്ടുള്ള

ഒരൊററരാജ്യം നമ്മുടേതു മാത്രമാണ്. സഖാക്കളെ, നിങ്ങറംക്ക റിയാം,-ലോകം മുഴവനും ഇന്നതു സമ്മതിക്കുന്നുമുണ്ട്,-ഈ ഭഗീരഥപ്പോരാട്ടത്തെ നയിച്ചതു് സഖാവു ലെനിനും അദ്ദേഹത്തിൻെറ പാർട്ടിയുമാണ്. സ്വന്തം മോചനത്തെപ്പററി ആശാഭംഗപ്പെടേണ്ടതില്ല, ജന്മികളുടേയും മുതലാളികളുടേയും ഭരണം അല്പായുസ്സാണ്, പണിയെടുക്കുന്ന ബഹുജനങ്ങളുടെ സ്വയം പരിശ്രമങ്ങറംകൊണ്ടുതന്നെ തൊഴിലിൻെറ സാമ്രാജ്യത്തെ സൃഷ്ടിക്കാൻ സാധിക്കും, തൊഴിലിൻെറ ആ സാമ്രാജ്യത്തെ സൃഷ്ടിക്കേണ്ടതു സ്വർഗ്ഗത്തിലല്ല, ഈ ഭൂമിയിൽതന്നെയാണു്—എന്ന വാസ്തവം സോവിയററു് റിപ്പബ്ളിക്ക് സ്ഥാപിച്ചിട്ടു് ലോകത്തിലെ മർദ്ദിതബഹുജനങ്ങറംക്കു പ്രായോഗികമായി കാണിച്ചുകൊടുത്തു എന്നതിലാണ് മററെല്ലാററിലുമധികം ലെനിൻെറ മഹത്വം കിടക്കുന്നതു്. അങ്ങനെ അദ്ദേഹം ലോകത്തിലെയാകെ തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഹൃദയങ്ങളിൽ തങ്ങറംക്കു മോചനം നേടാമെന്ന ആശയെ കത്തിജ്വലിപ്പിച്ചു. ലെനിൻെറ നാമധേയം പണിയെടുക്കുന്നവരും ചൂഷണം ചെയ്യപ്പെടുന്നവരുമായ ബഹുജനങ്ങറം ഏററവും സ്നേഹിക്കുന്ന ഒന്നായിത്തീരാൻ കാരണമിതാണ്.

> നമ്മെ വിട്ടുപിരിയുന്ന സമയത്തു സഖാവ് ലെനിൻ നമ്മോടാജ്ഞാപിച്ചു, തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തെ കാത്തുരക്ഷിപ്പാനും ശക്തിപ്പെടുത്താനും. സഖാവു ലെനിൻ, അങ്ങയുടെ ഈ കല്പനയും മേന്മയോടുകൂടി നടപ്പിൽ വരുത്താൻ അങ്ങേയററം പരിശ്രമിക്കുമെന്നു ഞങ്ങറം പ്രതിജ്ഞ ചെയ്യുന്നു.

നമ്മുടെ രാജ്യത്തു് തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം സ്ഥാപിക്കപ്പെട്ടതു് തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഒരു സഖ്യത്തിൻെറ അടിസ്ഥാനത്തിലാണ്. ഇതാണ് സോ

വിയററ റിപ്പബ്ളിക്കിൻെറ പ്രാഥമികവും മൌലികവുമായ അടിസ്ഥാനം. അത്തരമൊരു സഖ്യം കൂടാതെ തൊഴിലാളികൾക്കും കൃഷിക്കാക്കും മുതലാളികളേയും ജന്മികളേയും കീഴടക്കാൻ സാധിക്കുമായിരുന്നില്ല. കൃഷിക്കാരുടെ പിൻബലംകൂടാതെ തൊഴിലാളികൾക്ക മുതലാളികളെ തോല്പിക്കാൻ കഴിയുമായിരുന്നില്ല. തൊഴിലാളികളുടെ നേതൃത്വത്തിലല്ലാതെ, കൃഷിക്കാക്ക് ജന്മികളെ തോല്പിക്കാൻ സാധിക്കുമായിരുന്നില്ല. നമ്മുടെ രാജ്യത്തിലെ ആഭ്യന്തരയുദ്ധത്തിൻെറ ചരിത്രമാകെ ഇതിനു സാക്ഷ്യം വഹിക്കുന്നു. പക്ഷെ, സോവിയററ റിപ്പബ്ളിക്കിനെ ബലപ്പെടുത്താനുള്ള പോരാട്ടം ഒന്നുകൊണ്ടും അവസാനിച്ചിട്ടില്ല—അതൊരു പുതുരൂപം എടുത്തിട്ടുണ്ടെന്നു മാത്രമേയുള്ളു. പണ്ട് തൊഴിലാളികളുടേയും കൃഷിക്കാരുടേയും സഖ്യം ഒരു പട്ടാളസഖ്യത്തിൻെറ രൂപമാണു കൈക്കൊണ്ടതു്; കാരണം, അതു കോൽച്ചാക്കിനും ഡെനിക്കിനും എതിരായിട്ടായിരുന്നു. ഇന്നു്, തൊഴിലാളികളുടേയും കൃഷിക്കാരുടേയും സഖ്യം പട്ടണവും നാട്ടിൻപുറവും തമ്മിലുള്ള, കൃഷിക്കാരും തൊഴിലാളികളും തമ്മിലുള്ള, സാമ്പത്തികസഹകരണത്തിൻെറ രൂപം കൈക്കൊള്ളണം, കാരണം അതു് വ്യാപാരിക്കും ധനികകൃഷിക്കാരനും എതിരായിട്ടുള്ളതാണു്. അതിൻെറ ലക്ഷ്യം കൃഷിക്കാരും തൊഴിലാളികളും അന്യോന്യം ആവശ്യമുള്ളതെല്ലാം ഉണ്ടാക്കിക്കൊടുക്കുകയെന്നതാണു്. നിങ്ങൾക്കറിയാം, സഖാവു് ലെനിനേക്കാൾ കൂടുതൽ നിഷ്ഠയായി ഇതിനുവേണ്ടി മററാരും പ്രവത്തിച്ചിട്ടില്ലെന്നു്.

നമ്മെ വിട്ടുപിരിയുന്ന സമയത്ത് സഖാവ് ലെനിൻ നമ്മോടാജ്ഞാപിച്ചു, നമ്മുടെ എല്ലാ ശക്തിയുമുപയോഗിച്ചു തൊഴിലാളികളുടേയും കൃഷിക്കാരുടേയും സഖ്യത്തെ ബലപ്പെടുത്താൻ. സഖാവ് ലെനിൻ, ഈ കല്പനയേയും മേന്മയോട് നിറവേററുമെന്നു ഞങ്ങളിതാ പ്രതിജ്ഞ ചെയ്യുന്നു!

സോവിയററുറിപ്പബ്ളിക്കിൻെറ രണ്ടാമത്തെ അടിസ്ഥാനം നമ്മുടെ രാജ്യത്തിലെ പണിയെടുക്കുന്ന ദേശീയജനവിഭാഗങ്ങളുടെ സഖ്യമാണ്. റഷ്യക്കാരും ഉക്രേൻകാരും, ബഷ്കീർകളും ബൈലോറഷ്യക്കാരും, ജോർജിയക്കാരും അസർബൈജാൻകാരും, ആർമീനിയക്കാരും ദാഗെസ്ഥാൻകാരും, താത്താർകളും കിർഗീഷ്യുകളും, ഉസ്ബെക്കുകളും തുർക്മെൻകളും, എല്ലാവരുംതന്നെ തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിൽ ഒരുപോലെ താല്പര്യമുള്ളവരാണ്. തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം ഈ രാഷ്ട്രങ്ങളെ ചങ്ങലക്കെട്ടിൽ നിന്നും മർദ്ദനത്തിൽനിന്നും മോചിപ്പിക്കുന്നുവെന്നു മാത്രമല്ല, അവരുടെ ഭാഗത്തുനിന്ന് ഈ രാഷ്ട്രങ്ങൾ സോവിയററുറിപ്പബ്ളിക്കിനോടുള്ള പരമമായ കൂറുകൊണ്ടും അതിനുവേണ്ടി ത്യാഗം ചെയ്യാനുള്ള സന്നദ്ധതകൊണ്ടും തൊഴിലാളിവർഗ്ഗത്തിൻെറ ശത്രുക്കളുടെ ചതിപ്രയോഗങ്ങളിൽനിന്നും നമ്മുടെ സോവിയററുറിപ്പബ്ളിക്കിനെ സംരക്ഷിക്കുകൂടി ചെയ്യുന്നു. അതുകൊണ്ടാണ് നമ്മുടെ രാജ്യത്തിലെ വിവിധരാഷ്ട്രങ്ങളുടെ സ്വയേച്ഛപ്രകാരമുള്ള യൂണിയനെ നിലനിർത്തുന്നതിൻെറ ആവശ്യകതയെപ്പററി, സോവിയററു റിപ്പബ്ളിക്കുകളുടെ യൂണിയൻെറ ചട്ടക്കൂട്ടിനുള്ളിൽ അവയുടെ സൗഹാർദ്ദപരമായ സഹകരണത്തിൻെറ ആവശ്യകതയെപ്പററി, സഖാവ് ലെനിൻ നമ്മോട് ഇടതടവില്ലാതെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നതു്.

> നമ്മെ വിട്ടുപിരിയുന്ന സമയത്തു, സഖാവു ലെനിൻ നമ്മോടാജ്ഞാപിച്ചു, സോവിയററു റിപ്പബ്ളിക്കുകളുടെ യൂണിയനെ ഉറപ്പിക്കാനും വിപുലപ്പെടുത്താനും. സഖാവ് ലെനിൻ, അങ്ങയുടെ ആ കല്പനയും ഞങ്ങൾ മേന്മയോടുകൂടി നിറവേററുമെന്നു ഇതാ പ്രതിജ്ഞ ചെയ്യുന്നു!

തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യത്തിൻെറ മൂന്നാമത്തെ അടിസ്ഥാനം നമ്മുടെ ചുവപ്പുപട്ടാളവും ചുവപ്പുനാവികപ്പടയുമാണ്. മുതലാളിരാജ്യങ്ങളുടെ ആക്രമണങ്ങളിൽനിന്നു നാം നേടിയിട്ടുള്ള ആശ്വാസം അധികകാലം നിലനിന്നേക്കാനിടയില്ലെന്നു് ഒന്നിലധികം തവണ ലെനിൻ നമ്മോടു് ഊന്നിപറഞ്ഞിട്ടുണ്ടു്. ചുവപ്പുപട്ടാളത്തെ ശക്തിപ്പെടുത്തലും അതിൻെറ സ്ഥിതി നന്നാക്കലും നമ്മുടെ പാർട്ടിയുടെ ഏററവും പ്രധാനമായ കടമകളിലൊന്നാണെന്നു് ലെനിൻ ഒന്നിലധികം തവണ നമുക്കു് എടുത്തു കാണിച്ചിട്ടുണ്ടു്. കർസൻെറ അന്ത്യശാസനവും ജർമ്മനിയിലെ കുഴപ്പവും സംബന്ധിച്ചുണ്ടായ സംഭവങ്ങൾ എല്ലായ്പോഴും എന്നപോലെ ഒരിക്കൽകൂടി ലെനിൻ ശരിയായിരുന്നുവെന്നു തെളിയിച്ചിരിക്കുന്നു. അതുകൊണ്ടു് സഖാക്കളെ, നമ്മുടെ ചുവപ്പുപട്ടാളത്തെയും ചുവപ്പു കാലാൾപ്പടയേയും ശക്തിപ്പെടുത്തുവാൻ നാം അങ്ങേയററം പരിശ്രമിക്കുമെന്നു നമുക്കു പ്രതിജ്ഞ ചെയ്യാം.

ഒരു കൂററൻ പാറക്കെട്ടുപോലെ, ബൂർഷ്വാരാഷ്ട്രങ്ങളുടെ കടലിൻെറ നടുക്കു് നമ്മുടെ രാജ്യം തല പൊക്കി നില്ക്കുന്നു. അതിനെ മുക്കിക്കളയുമോ തകർത്തു തരിപ്പണമാക്കുമോ എന്നു് ഭീഷണിപ്പെടുത്തുന്ന തരത്തിൽ ഒന്നിനു മീതെ ഒന്നായി തിരകളതിൻെറ നേക്കു് അടിച്ചുകൊണ്ടിരിക്കുന്നുണ്ടു്. പക്ഷെ, പാറക്കെട്ടു അടിയുറച്ചു നിൽക്കുന്നു, ദൃഢമായി നിൽക്കുന്നു. എവിടെയാണതിൻെറ ശക്തികിടക്കുന്നതു്? തൊഴിലാളികളുടേയും കൃഷിക്കാരുടേയും സഖ്യത്തിലാണു നമ്മുടെ രാജ്യം ആശ്രയിച്ചു നിൽക്കുന്നതെന്നു, സ്വതന്ത്രദേശീയ ജനവിഭാഗങ്ങളുടെ കൂട്ടുകെട്ടിനു അതു രൂപം കൊടുക്കുന്നുവെന്നു, ചുവപ്പുപട്ടാളത്തിൻേറയും ചുവപ്പുകാലാൾപ്പടയുടേയും ബലിഷ്ഠഹസ്തങ്ങൾ അതിനെ കാത്തുരക്ഷിക്കുന്നുവെന്നു, വാസ്തവത്തിൽമാത്രമല്ല, ആ ശക്തി. നമ്മുടെ രാജ്യത്തിൻെറ ശക്തിക്കും ദൃഢതയ്ക്കും ഐക്യത്തിനും കാരണം ലോകത്തിലെങ്ങുമുള്ള

തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഹൃദയങ്ങളിൽ അതിന്നു കിട്ടുന്ന അഗാധമായ അനുഭാവവും ശാശ്വതമായ പിൻബലവുമാണു്. സഖാവു് ലെനിൻെറ ഉന്നം തെററാത്ത കൈ ശത്രുചേരിയിലേക്കു് എയ്ത ഒരു ശരമെന്ന നിലയ്ക്കു്, മർദ്ദനത്തിൽനിന്നും ചൂഷണത്തിൽനിന്നും മോചനം നേടാമെന്ന തങ്ങളുടെ ആശകളുടെ ഒരു സ്വരൂപമെന്ന നിലയ്ക്കു, തങ്ങളുടെ സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗ്ഗം തെളിയിക്കുന്ന, വിശ്വസിക്കാവുന്ന ഒരു ദീപസ്തംഭമെന്ന നിലയ്ക്കു, സോവിയററിപ്പബ്ളിക്കു് സംരക്ഷിക്കപ്പെട്ടു കാണാൻ ലോകത്തിലുള്ള തൊഴിലാളികളും കൃഷിക്കാരും ആഗ്രഹിക്കുന്നു. അവർ അതിനെ നിലനിത്താനാഗ്രഹിക്കുന്നു; അതുകൊണ്ടു് അതിനെ നശിപ്പിക്കാൻ ജന്മികളേയും മുതലാളികളേയും അവർ അനുവദിക്കുകയില്ല. അവിടെയാണു് നമ്മുടെ ശക്തി കിടക്കുന്നതു്. അവിടെയാണു് എല്ലാ രാജ്യങ്ങളിലേയും പണിഎടുക്കുന്ന ബഹുജനങ്ങളുടെ ശക്തി കിടക്കുന്നതു്. ലോകത്തിലെങ്ങുമുള്ള ബൂഷ്വാസിയുടെ ദൗർബല്യവും കിടക്കുന്നതവിടെയാണു്.

സോവിയററിപ്പബ്ളിക്കിനെ സ്വയം ഒരു അവസാനലക്ഷ്യമായി ലെനിൻ ഒരിക്കലും കണക്കാക്കീട്ടില്ല. പടിഞ്ഞാററൻ രാജ്യങ്ങളിലേയും കിഴക്കൻരാജ്യങ്ങളിലേയും വിപ്ലവപ്രസ്ഥാനത്തിൻെറ ചങ്ങലയെ ശക്തിപ്പെടുത്താനാവശ്യമായ ഒരു കണ്ണിയായിട്ടാണു്, മുതലാളിത്തത്തിനെതിരായിട്ടു ലോകത്തിലെങ്ങുമുള്ള പണിയെടുക്കുന്ന ജനങ്ങളുടെ വിജയത്തെ എളുപ്പമാക്കാനാവശ്യമായ ഒരു കണ്ണിയായിട്ടാണു്, ലെനിൻ എല്ലായ്പോഴും അതിനെ കണക്കാക്കീട്ടുള്ളതു്. സാർവ്വദേശീയനിലപാടിൽനിന്നു നോക്കിയാലും, സോവിയററിപ്പബ്ളിക്കിനെ സംരക്ഷിക്കുകയെന്ന നിലപാടിൽനിന്നു നോക്കിയാലും, ശരിയായ ഒരൊററ ബോധം ഇതാണെന്നു ലെനിൻ മനസ്സിലാക്കിയിരുന്നു. ലോകത്തിലെങ്ങുമുള്ള പണിയെടുക്കുന്ന ജനങ്ങളിൽ സ്വന്തം മോചന

ത്തിനായി സുനിശ്ചിതമായ പോരാട്ടങ്ങറം നടത്താൻ വേണ്ടുന്ന ആവേശം കത്തിജ്വലിപ്പിക്കാൻ കഴിയുന്നതു ഇതിനു മാത്രമാണെന്നു ലെനിൻ മനസ്സിലാക്കിയിരുന്നു. അതുകൊണ്ടാണു്, തൊഴിലാളിവർഗ്ഗത്തിൻെറ സർവ്വാധിപത്യം സ്ഥാപിച്ചതിൻെറ അടുത്ത പുലർവേളയിൽത്തന്നെ, തൊഴിലാളിവർഗ്ഗനേതാക്കളിൽ ഏററവും ഉജ്ജ്വലനായ അദ്ദേഹം തൊഴിലാളികളുടെ സാർവ്വദേശീയ സംഘടനയുടെ അടിക്കല്ലു പാകിയതു്. അതുകൊണ്ടാണു് ലോകത്തിലാംകെയുള്ള പണിയെടുക്കുന്ന ആളുകളുടെ യൂണിയനായ കമ്മ്യൂണിസ്റ്റ് ഇൻറർനാഷ്നലിനെ ബലപ്പെടുത്തുകയും വിപുലപ്പെടുത്തുകയും ചെയ്യാൻ അദ്ദേഹം എല്ലായ്പ്പോഴും അക്ഷീണം പ്രവർത്തിച്ചതു്.

പത്തായിരക്കണക്കിലും നൂറായിരക്കണക്കിലും പണിയെടുക്കുന്ന ജനങ്ങറം സഖാവു ലെനിൻെറ ശവമഞ്ചത്തിലേക്കു തീർത്ഥയാത്ര വന്നതു് അടുത്ത കുറച്ചുനാറംകളിൽ നിങ്ങറം കാണുകയുണ്ടായി. അടുത്തുതന്നെ കോടിക്കണക്കിലുള്ള പണിയെടുക്കുന്നവരുടെ പ്രതിനിധികറം സഖാവു് ലെനിൻെറ ശവകുടീരത്തിലേക്കു തീർത്ഥയാത്ര വരുന്നതു നിങ്ങറം കാണുന്നതായിരിക്കും. കോടിക്കണക്കിനുള്ളവരുടെ പ്രതിനിധികളെത്തുടൎന്നു ലോകത്തിൻെറ നാനാഭാഗത്തുനിന്നും നൂറുകോടിക്കണക്കിനുള്ളവരുടെ പ്രതിനിധികറം വരുമെന്നതിലും അങ്ങനെ ലെനിൻ റഷ്യയിലെ തൊഴിലാളിവർഗ്ഗത്തിൻെറ മാത്രമല്ല, യൂറോപ്യൻ തൊഴിലാളികളുടെ മാത്രമല്ല, പൗരസ്ത്യദേശങ്ങളിലെ കോളനികളിലെ മാത്രമല്ല, ഭൂഗോളത്തിൻെറ എല്ലാം ഭാഗത്തുമുള്ള പണിയെടുക്കുന്ന ബഹുജനങ്ങളുടെയാകെ നേതാവായിത്തീരുന്നുവെന്നതിന്നു് സാക്ഷ്യം വഹിക്കുമെന്നതിലും നിങ്ങറംക്കു സന്ദേഹം വേണ്ട.

നമ്മെ വിട്ടുപിരിയുന്ന സമയത്തു, ലെനിൻ നമ്മോടാജ്ഞാപിച്ചു, കമ്മ്യൂണിസ്റ്റ് ഇൻറർനാഷ

ണലിൻെറ തത്വങ്ങളോടു കൂറുള്ളവരായിരിക്കാൻ. സഖാവ് ലെനിൻ, ലോകത്തിലെയാകെ പണിയെടുക്കുന്നവരുടെ യൂണിയനായ കമ്മ്യൂണിസ്റ്റ് ഇൻററർനാഷണലിനെ ശക്തിപ്പെടുത്താനും വിപുലപ്പെടുത്താനും ഞങ്ങൾ സ്വന്തം പ്രാണൻ കൊടുത്തും പ്രവർത്തിക്കുമെന്നു ഞങ്ങളിതാ പ്രതിജ്ഞ ചെയ്യുന്നു.

പ്രവ°ദം നമ്പർ 23.
ജനുവരി 30, 1924.

# ലെനിൻ

## ക്രെംലിൻ പട്ടാളസ്കൂളിൽ ചേന്ന ഒരു സ്മാരകയോഗത്തിൽ ചെയ്ത പ്രസംഗം.

(ജനുവരി 28, 1924)

സഖാക്കളെ, നിങ്ങഠം ഇന്ന വൈകുന്നേരം ഒരു ലെനിൻ സ്മാരകയോഗത്തിനേർപ്പാട ചെയ്തിട്ടുണ്ടെന്നും അതിലേക്ക് എന്നെ പ്രാസംഗികന്മാരിലൊരാളായി ക്ഷണിച്ചിട്ടുണ്ടെന്നും ഞാനറിഞ്ഞു. ലെനിൻെറ പ്രവൎത്തനങ്ങളെപ്പററി മുൻകൂട്ടിതയ്യാറാക്കിയ ഒരു പ്രസംഗം ചെയ്യേണ്ടുന്ന ആവശ്യമുണ്ടെന്ന എനിക്ക തോന്നുന്നില്ല. ഒരു മനുഷ്യനും രാജ്യതന്ത്രജ്ഞനുമെന്ന നിലയ്ക്കു ലെനിൻെറ ഗുണവിശേഷങ്ങളിൽ ചിലതിനെ തെളിയിക്കാൻ വേണ്ട കുറച്ചുസംഗതികഠം പറയുക മാത്രം ചെയ്യുന്നതായിരിക്കും കൂടുതൽ നല്ലതെന്നു ഞാൻ കരുതുന്നു. ഞാൻ പറയുന്ന കാൎയ്യങ്ങഠം തമ്മിൽ ആന്തരമായയാതൊരു ബന്ധവുമുണ്ടായില്ലെന്നുവരാം; പക്ഷെലെനിനെപ്പററി പൊതുവിൽ ഒരു ധാരണ ഉണ്ടാകുന്നതിന്ന അതു മൎമ്മപ്രധാനമായ ഒന്നല്ല. എങ്ങനെയായാലും ഞാനിപ്പോഠം ഏററതിലും അധികം എന്നെക്കൊണ്ടാവില്ല.

### ഒരു മലങ്കഴു

ഞാൻ ഒന്നാമതു് ലെനിനുമായി പരിചയപ്പെട്ടതു് 1903-ലാണു്. അതു നേരിട്ടു കണ്ടിട്ടുള്ള ഒരു പരിചയമായിരുന്നില്ല. കത്തിടപാടുവഴിയ്ക്കുള്ളതായിരുന്നു എങ്കിലും അതെൻെറ മനസ്സിൽ മറയ്ക്കാൻ വയ്യാതെ പതിഞ്ഞ ഒരു മതിപ്പുണ്ടാക്കി; പാർട്ടിയിലെ എൻെറ പ്രവൎത്തനകാലത്താകെത്തന്നെ അതെന്നിൽ നിന്നു വിട്ടുപോയിട്ടില്ല. ഞാനന്നു നാടു കടത്തപ്പെട്ടു്

സൈബീരിയയിലായിരുന്നു. പത്തൊമ്പതാംനൂററാണ്ടിൻെറ അവസാനദശകത്തിൻെറ ഒടുവുതൊട്ടു്, പ്രത്യേകിച്ചും 1901-നു ശേഷം ഇസ്ക്ര പത്രം ആവിർഭവിച്ചതിനുശേഷം, ലെനിൻെറ വിപ്ലവപ്രവത്തനങ്ങളെപ്പററി എനിക്കു കിട്ടിയ അറിവു് ലെനിനിൽ അസാധാരണമായ കരുത്തോടുകൂടിയ ഒരാളെ നമുക്കു കിട്ടിയിട്ടുണ്ടെന്നു എന്നെ ബോദ്ധ്യപ്പെടുത്തിയിരുന്നു. നമ്മുടെ പാർട്ടിയുടെ നേതാവായിട്ടു മാത്രമല്ല, അതിൻെറ യഥാത്ഥ സ്ഥാപകനായിട്ടാണു് ഞാനദ്ദേഹത്തെ കണക്കാക്കിയതു്; കാരണം നമ്മുടെ പാർട്ടിയുടെ ആന്തരസത്തും അടിയന്തിരാവശ്യങ്ങളും മനസ്സിലാക്കിയിരുന്നതു അദ്ദേഹം മാത്രമാണു്. നമ്മുടെ പാർട്ടിയിലെ മററു നേതാക്കളുമായി ഞാൻ അദ്ദേഹത്തെ താരതമ്യപ്പെടുത്തി നോക്കിയപ്പോൾ, പ്ലെഖനോവു്, മാർട്ടോവു്, ആക്സൻറോഡു് മുതലായ അദ്ദേഹത്തിൻെറ സഹപ്രവത്തകന്മാരെക്കാൾ ലെനിൻ തലയും ചുമലും ഉയന്നുനില്ക്കുന്നതായിട്ടാണു് എനിക്കു് എല്ലായ്പോഴും തോന്നിയതു്; അവരുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ, നേതാക്കന്മാരിലൊരാൾ മാത്രമല്ല; നേരേ മറിച്ചു് സമരത്തിൽ ഭയമെന്തെന്നറിയാത്ത, റഷ്യൻ വിപ്ലവപ്രസ്ഥാനത്തിൻെറ അജ്ഞാതമായ മാർഗ്ഗങ്ങളിലൂടെ നമ്മുടെ പാർട്ടിയെ സുധീരം നയിച്ച, ഏററവും ഉയന്ന പതനത്തിലുള്ള ഒരു നേതാവാണു്, ഒരു മലങ്കഴുവാണു്, ലെനിനെന്നു് എനിക്കു തോന്നി. ഈ ബോധം അത്രയ്ക്കാഴത്തിൽ എന്നെ പിടികൂടിയതുകൊണ്ടു്, ആ കാലത്തു് ഒരു രാഷ്ട്രീയവിപ്രവാസിയായി പുറംനാട്ടിൽ താമസിച്ചിരുന്ന എൻെറ ഒരടുത്ത സ്നേഹിതനു് ഇതിനെപ്പററി എഴുതാൻ ഞാൻ പ്രേരിതനായി; ആ കത്തിൽ ഞാനദ്ദേഹത്തിൻെറ അഭിപ്രായമറിയിക്കാനും അപേക്ഷിച്ചിരുന്നു. കുറച്ചുമാസങ്ങൾക്കുശേഷം, അപ്പോഴേക്കും ഞാൻ നാടു കടത്തപ്പെട്ടു സൈബീരിയയിലെത്തിയിരുന്നു-1903-ൻെറ അവസാനത്തിലാണതു്-എൻെറ സ്നേഹിതനിൽ നിന്നു് ഉത്സാഹം നിറഞ്ഞ ഒരു മറുപടി എനിക്കു കിട്ടി; എൻെറ കത്തിനെ ആ സ്നേഹിതൻ ലെ

നിനെ കാണിച്ചുകൊടുത്തതായി തോന്നുന്നു—കൂട്ടത്തിൽ ലെനി ൻെറ ലളിതവും അവഗാഢവുമായ അത്ഥപൂർണ്ണതയോടുകൂടിയ തുമായ ഒരു കുറിപ്പും ഉണ്ടായിരുന്നു. ലെനിൻെറ കുറിപ്പു താരത മ്യേന ചെറുതായിരുന്നു; എങ്കിലും അതിൽ നമ്മുടെ പാർട്ടിയുടെ പ്രായോഗികപ്രവൎത്തനത്തെ സംബന്ധിച്ച ധീരവും നിർഭയവു മായ ഒരു വിമൎശനവും അടിയന്തിരഭാവിയിലെ നമ്മുടെ പാർട്ടി യുടെ പ്രവൎത്തനപരിപാടിയുടെയാകെ അന്യാദൃശമാംവിധം വ്യ ക്തവും ചുരുങ്ങിയതുമായ ഒരു വിവരണവും അടങ്ങിയിരുന്നു ഏ റവും വിഷമം പിടിച്ച വിഷയങ്ങളെപ്പററി ഇത്രയും ലളിതമാ യും വിശദമായും, ഇത്രയും ചുരുങ്ങിയ വാക്കുകളിലും ധീരമായ രീ തിയിലും ലെനിന്നു മാത്രമേ എഴുതുവാൻ കഴികയുള്ളു. അതിലെ ഓരോ വാചകവും സംസാരിക്കുകയല്ല, വെടിപൊട്ടുംപോലെ മുഴങ്ങുകയാണു ചെയ്തതു്. ലെനിൻ നമ്മുടെ പാർട്ടിയിലെ മല ങ്കഴുവാണെന്ന എൻെറ അഭിപ്രായത്തെ ഈ ലളിതവും ധീരവു മായ കുറിപ്പു് ശക്തിപ്പെടുത്തി. ഒരു പഴയ അണ്ടർഗ്രൗണ്ടു് പ്രവ ൎത്തകൻെറ സ്വഭാവം കാരണം, മറെറത്രയോ കത്തുകളേപ്പോലെ ലെനിൻെറ ഈ കുറിപ്പിനേയും അഗ്നിക്കിരയാക്കിയതിൽ എനി ക്കു് സ്വയം മാപ്പു കൊടുക്കാൻ വയ്യ.

ഈ സമയം മുതൽക്കാണു് ലെനിനുമായുള്ള എൻെറ പരി ചയം തുടങ്ങുന്നതു്.

## വിനയം

ഫിൻലണ്ടിലെ താമർഫോർസ് എന്ന സ്ഥലത്തു വച്ചുചേ ൎന്ന ബോൾഷെവിക്കുപാർട്ടിസമ്മേളനത്തിലാണു് 1905 ഡിസ മ്പറിൽ ഞാൻ ലെനിനെ ഒന്നാമതു കണ്ടതു്. നമ്മുടെ പാർട്ടി യിലെ മലങ്കഴുവിനെ, മഹാനായ മനുഷ്യനെ, രാഷ്ട്രീയമായിട്ടു മാത്രമല്ല, നിങ്ങൾക്കു വേണമെങ്കിൽ, ശാരീരികമായും മഹാനാ യ ആ മനുഷ്യനെ—കാരണം ഗാംഭീൎയ്യവും ഗൗരവവും നിറഞ്ഞ ഒ രു ഭീമകായനായിട്ടാണു് എൻെറ ഭാവന ലെനിനെ ചിത്രീകരി

ച്ചിരുന്നതു്-കാണാൻ ഞാൻ വെമ്പൽകൊണ്ടിരുന്നു. പക്ഷെ അതിന്നുപകരം, ശരാശരി ഒരാളെക്കാളും ഉയരം കുറഞ്ഞ, യാതൊരുവിധത്തിലും അക്ഷരംപ്രതി യാതൊരു വിധത്തിലും, സാധാരണ മനുഷ്യജീവികളിൽനിന്നു വേർതിരിക്കാൻ വയ്യാത്ത, ഏററവും സാധാരണക്കാരനെപ്പോലെയിരിക്കുന്ന, ഒരാളെക്കണ്ടപ്പോഴെനിക്കുണ്ടായ ആശാഭംഗം പറയേണ്ടതുണ്ടോ............

"മഹാന്മാരായ മനുഷ്യരെ" സംബന്ധിച്ചിടത്തോളം പൊതുയോഗങ്ങൾക്കു വൈകിയിട്ടേ വരാൻപാടുള്ളുവെന്നതു ഒരു പതിവായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണു്. കാരണം, എന്നാലേ സദസ്സു് ശ്വാസമടക്കിപ്പിടിച്ചുകൊണ്ടു് അദ്ദേഹത്തിൻെറ വരവും പ്രതീക്ഷിച്ചിരിക്കുകയുള്ളു. എന്നിട്ടോ "മഹാനായമനുഷ്യൻ" പ്രവേശിക്കുന്നതിനു മുമ്പു്, ആഗമനസൂചകമായ പിറുപിറുക്കൽ എങ്ങും പരക്കുന്നു. "ശ്ശ്!—നിശ്ശബ്ദം—അദ്ദേഹം വരുന്നു!!" ഈ ചടങ്ങു് എനിക്കു അനാവശ്യമായി തോന്നിയിരുന്നില്ല; എന്തെന്നാൽ, അതൊരു മതിപ്പുണ്ടാക്കും. ആളുകളുടെ മനസ്സിൽ ആദരവുളവാക്കും. പക്ഷെ പ്രതിനിധികൾ വരുന്നതിനുമുമ്പുതന്നെ ലെനിൻ സമ്മേളനസ്ഥലത്തെത്തിയിരിക്കുന്നുവെന്നും അദ്ദേഹം ഏതോ ഒരു മൂലയിലിരിപ്പുറപ്പിച്ചു യാതൊരു നാട്യവും കൂടാതെ, സമ്മേളനത്തിനു വന്ന ഏററവും സാധാരണക്കാരായ പ്രതിനിധികളുമായി വർത്തമാനം, ഏററവും സാധാരണമായ വർത്തമാനം, പറഞ്ഞുകൊണ്ടിരിക്കുകയാണെന്നും അറിഞ്ഞപ്പോൾ എനിക്കുണ്ടായ ആശാഭംഗവും പറയേണ്ടതുണ്ടോ? ഇതു അത്യാവശ്യമായ ചില നിയമങ്ങളെ ലംഘിക്കലായിട്ടാണു് അന്നെനിക്കു തോന്നിയതെന്നു ഞാൻ നിങ്ങളിൽനിന്നു മറച്ചുവയ്ക്കുന്നില്ല.

ഈ അനാഡംബരത്വവും വിനയവും, ആരുടേയും ദൃഷ്ടിയിൽപ്പെടാതിരിക്കാനുള്ള-അല്ലെങ്കിൽ, ചുരുങ്ങിയതുസ്വയം ആർഭാടം കാണിക്കാതിരിക്കാനും തൻെറ ഉയന്ന നിലയെ കൊട്ടിഘോഷിക്കാതിരിക്കാനുള്ള-ഈ ഉൽക്കണ്ഠ—ഈ ഗുണാതിശയം ബഹുജനങ്ങളുടെ, അനാഡംബരരും സാധാരണക്കാരുമായ

ബഹുജനങ്ങളുടെ, മാനവസമുദായത്തിലെ അജ്ഞേയററത്ത "സാധാരണാംഗ"ങ്ങളുടെ,പുതിയ നേതാവെന്ന നിലയ്ക്കു ലെനിനുള്ള ശക്തിയേറിയ സ്വഭാവവിശേഷങ്ങളിലൊന്നാണെന്നു പിന്നീടു മാത്രമേ ഞാൻ മനസ്സിലാക്കിയുള്ളു.

## യുക്തിവാദത്തിൻെറ ശക്തി

ഈ കോൺഫ്രൻസിൽ ലെനിൻ ചെയ്ത രണ്ടു് പ്രസംഗങ്ങൾ അന്യാദൃശങ്ങളായിരുന്നു: ഒന്നു, രാഷ്ട്രീയസ്ഥിതിയെപ്പററിയും മറേറതു കാർഷികപ്രശ്നത്തെപ്പററിയും ആയിരുന്നു. നിർഭാഗ്യവശാൽ, അവയും സൂക്ഷിക്കപ്പെട്ടിട്ടില്ല. അവ ആവേശം കൊണ്ടവയായിരുന്നു; കൊടുങ്കാററുപോലത്തെ ഉത്സാഹത്തിൻെറ ഉച്ചകോടിയിലേക്കു അവ സമ്മേളനത്തെയാകെ തട്ടിയുണർത്തി. ശ്രോതാക്കളെ ബോദ്ധ്യപ്പെടുത്താനുള്ള അസാധാരണമായ ശക്തി, വാദമുഖങ്ങളുടെ ലാളിത്യവും വ്യക്തതയും, ആർക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ചെറിയ വാചകങ്ങൾ, ഉള്ളിൽ തട്ടാനുദ്ദേശിച്ചുകൊണ്ടുള്ള നാട്യങ്ങളുടേയും കൺമയക്കുന്ന ആംഗ്യകോലാഹലങ്ങളുടേയും നടന്മാർക്കു ചേർന്ന പദപ്രയോഗങ്ങളുടേയും അഭാവം-ഇതെല്ലാംതന്നെ ലെനിൻെറ പ്രസംഗത്തെ സാധാരണ "പാർളിമെൻററി" പ്രാസംഗികൻെറ പ്രഭാഷണങ്ങളിൽ നിന്നു സ്വാഗതാർഹമായ രീതിയിൽ വേർതിരിച്ചു കാണിച്ചു.

പക്ഷെ, എന്നെ അതാകർഷിച്ചതു ലെനിൻെറ പ്രസംഗങ്ങളുടെ ഈ പ്രത്യേകതകളല്ല. നേരേ മറിച്ചു് അവയിലുണ്ടായിരുന്ന യുക്തിവാദത്തിൻെറ തടുക്കാൻ വയ്യാത്ത ശക്തിയായിരുന്നു. ആ യുക്തിവാദം കുറെയൊക്കെ കഠിനമാണെങ്കിലും, സദസ്സിനെ അതിലാമഗ്നരാക്കി, മിന്നൽ കൊള്ളിച്ചു, എന്നിട്ടോ പഴഞ്ചൊല്ലിൽപ്പറയുംപോലെ തികച്ചും കീഴാക്കി. അന്നു പലേ പ്രതിനിധികളും പറഞ്ഞതു് ഞാനോർമ്മിക്കുന്നു "ലെനിൻെറ പ്രസംഗങ്ങളുടെ യുക്തിവാദം ഒരു ബലമേറിയ നീരാളിയേപ്പോലെ എല്ലാ

ഭാഗത്തുനിന്നും നിങ്ങളെ വരിഞ്ഞുകെട്ടുന്നു; അതിന്റെ പിടിയിൽ നിന്നും ഊരിച്ചാടാൻ നിങ്ങൾക്കു കെല്പില്ലാതാകുന്നു; ഒന്നുകിൽ നിങ്ങൾ കീഴടങ്ങണം, അല്ലെങ്കിൽ തോററു തുന്നം പാടാൻ തയ്യാറാവണം.”

ലെനിന്റെ പ്രസംഗങ്ങളുടെ ഈ ഗുണാതിശയമാണ് അദ്ദേഹത്തിന്റെ പ്രസംഗകലയുടെ ഏററവും ശക്തിമത്തായ സ്വഭാവവിശേഷമെന്നു ഞാൻ കരുതുന്നു.

## തേങ്ങിക്കരച്ചിലില്ല

രണ്ടാമതു ഞാൻ ലെനിനെ കണ്ടതു 1906-ൽ നമ്മുടെ പാർട്ടിയുടെ സ്റ്റോക്കു ഹോം കോൺഗ്രസ്സിൽ വച്ചായിരുന്നു. ഈ കോൺഗ്രസ്സിൽ ബോൾഷെവിക്കുകാർ ഒരു ന്യൂനപക്ഷമായിരുന്നുവെന്നും അവർ തോല്പിക്കപ്പെട്ടുവെന്നും നിങ്ങൾക്കറിയാം. തോല്പിക്കപ്പെട്ടവന്റെ നിലയിൽ ഞാൻ ലെനിനെ കാണുന്നതു അപ്പോഴാദ്യമാണ്. പക്ഷെ പരാജയം നേരിടുമ്പോൾ നിരാശനാവുകയും തേങ്ങിക്കരയുകയും ചെയ്യുന്ന അത്തരം നേതാക്കന്മാരെപ്പോലെയായിരുന്നില്ല ഒരംശംപോലും ലെനിൻ. നേരെമറിച്ചു, ഓജസ്സ് അമർത്തിവെച്ചിട്ടുള്ള ഒരു സ്പ്രിംഗായി ലെനിനെ പരാജയം മാററുകയാണുണ്ടായതു്; പുതിയ പോരാട്ടങ്ങൾക്കും ഭാവിയിലെ വിജയങ്ങൾക്കും തന്റെ അനുയായികൾക്ക് അതു ആവേശം കൊടുത്തു, ഞാൻ പറഞ്ഞു ലെനിൻ തോല്പിക്കപ്പെട്ടുവെന്ന്. എന്നാൽ അതു തോൽവിയായിരുന്നുവോ? സ്റ്റോക്ക് ഹോം കോൺഗ്രസ്സിലെ ജേതാക്കളായ-പ്ലഖ്നോവു", ആക്സൽറോഡ്, മാർട്ടോവ് തുടങ്ങിയ-അദ്ദേഹത്തിന്റെ എതിരാളികളെ നിങ്ങൾ ഒരു നോക്കു കാണുകയേ വേണ്ടിയിരുന്നുള്ളു. യഥാർത്ഥത്തിൽ ജയിച്ചവരുടെ നാട്യം അവർക്കു വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളു. കാരണം മെൻഷിവിസത്തെപ്പററിയുള്ള ലെനിന്റെ അപ്രതിരോധ്യമായ വിമർശനം അവരുടെ ശരീരത്തിൽ ഒരെല്ലുപോലും മുറിക്കാതെ ബാക്കി വച്ചിരുന്നില്ലെന്നു വേണമെങ്കിൽ

പറയാം. ലെനിൻെറ മുഖത്തേക്കുററു നോക്കിക്കൊണ്ടു്, അദ്ദേഹത്തിൻെറ ഉപദേശം ആരാഞ്ഞുകൊണ്ടു് ബോൾഷവിക്കു പ്രതിനിധികളായ ഞങ്ങൾ ഒരു ഗ്രൂപ്പായി ചേർന്നുനിന്നതു് ഞാനിപ്പോഴും ഓർക്കുന്നു. പ്രതിനിധികളിൽ ചിലരുടെ സംസാരത്തിൽ നൈരാശ്യത്തിൻേറയും മടുപ്പിൻേറയും ഒരു സ്വരം പ്രത്യക്ഷപ്പെട്ടിരുന്നു. പല്ലിറുമ്മിക്കൊണ്ടു് തുളച്ചുകയറുന്ന ഭാഷയിൽ ലെനിൻ അതിനു മറുപടി പറഞ്ഞതു ഞാനോർമ്മിക്കുന്നുണ്ടു്. "സഖാക്കളെ, തേങ്ങിക്കരയരുതു്, നാം തീർച്ചയായും ജയിക്കും, കാരണം നാം ശരിയാണു്." തേങ്ങിക്കരയുന്ന ബുദ്ധിജീവികളോടു വെറുപ്പു്, നമ്മുടെ സ്വന്തം ശക്തിയിൽ വിശ്വാസം, വിജയത്തിലുറപ്പു്—ഇതാണു ലെനിൻ അന്നു ഞങ്ങളിലുണ്ടാക്കിയ മതിപ്പു്. ബോൾഷവിക്കുകാർക്കു പററിയ പരാജയം താൽക്കാലികമാണെന്നും അടുത്ത ഭാവിയിൽ അവർ ജയിക്കാതിരിക്കുകയില്ലെന്നും എല്ലാവർക്കും തോന്നി. "പരാജയത്തെപ്പററി തേങ്ങിക്കരയരുതു്" അവസാനം വരെ കൂറോടെ നിൽക്കുന്നതും സ്വന്തം ശക്തിയിൽ വിശ്വാസമുള്ളതുമായ ഒരു പട്ടാളത്തെ കൂട്ടിയിണക്കി തൻെറ ചുററും അണിനിരത്താൻ ലെനിനെ സഹായിച്ച അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളുടെ സ്വഭാവവിശേഷമായിരുന്നു ഇതു്.

## അഹംഭാവമില്ല

1907-ൽ ലണ്ടനിൽ ചേർന്ന അടുത്ത കോൺഗ്രസ്സിൽ ബോൾഷവിക്കുകാർ വിജയം നേടി. ജേതാവിൻെറ നിലയിൽ ലെനിനെ ഞാനാദ്യമായി കണ്ടതു അവിടെ വച്ചായിരുന്നു. വിജയം സാധാരണയായി നേതാക്കളുടെ തലതിരിക്കാറുണ്ടു്, അവരെ അഹംഭാവികളും ഗർവ്വികളുമാക്കാറുണ്ടു്. അവർ മിക്കപ്പോഴും ഉടൻതന്നെ തങ്ങളുടെ വിജയം ആഘോഷിക്കാൻ തുടങ്ങും, കിട്ടിയ നേട്ടങ്ങളിൽ അവർ കൈകെട്ടിയിരിക്കും. ലെനിൻ ഒരണുപോലും അത്തരം നേതാക്കളെപ്പോലെ ആയിരുന്നില്ല. നേരേമറി

ച്ച് ഒരു വിജയത്തിനുശേഷമാണ് ലെനിൻ ഏററവും ജാഗ്രതയും ശ്രദ്ധയും ഉള്ളവനായിത്തീർന്നിരുന്നതു്. ലെനിൻ അന്നു പ്രതിനിധികളോടു് ഇടതടവില്ലാതെ ഊന്നിപ്പറഞ്ഞതു് ഞാനോക്കുന്നു: "ഒന്നാമതു വേണ്ടതു വിജയത്തിൻെറ അലയിൽ ഒഴുകിപ്പോകാതിരിക്കുകയാണ്, തലയ്ക്കു മത്തു പിടിക്കാതിരിക്കുകയാണ്; രണ്ടാമതു വേണ്ടതു നേടിയ വിജയത്തെ ഉറപ്പിക്കുകയാണ്; മൂന്നാമതു വേണ്ടതു് എതിരാളിയെ തകൎക്കുകയാണ്; കാരണം, എതിരാളി തോല്പിക്കപ്പെട്ടാലും തകൎക്കപ്പെട്ടിട്ടില്ല." "മെൻഷവിക്കുകാരുടെ കഥ കഴിഞ്ഞു"വെന്നു കാൎയ്യഗൗരവം കാണാതെ നിഷ്കർഷിച്ച പ്രതിനിധികളുടെ മേൽ ലെനിൻ നിശിതമായ ശകാരം കോരിവാരിച്ചൊരിഞ്ഞു. മെൻഷവിക്കുകാൎക്ക അപ്പോഴും തൊഴിലാളിപ്രസ്ഥാനത്തിനകത്തു വേരുകളുണ്ടെന്നും അവക്കെതിരായി സാമൎത്ഥ്യത്തോടുകൂടി പോരാടേണ്ടതുണ്ടെന്നും സ്വന്തം ശക്തിയെപ്പററി കൂടുതൽ കണക്കാക്കുന്നതും, പ്രത്യേകിച്ച് ശത്രുവിൻെറ ശക്തിയെപ്പററി കുറച്ചു കണക്കാക്കുന്നതു, ഒരു തരത്തിലും പാടില്ലെന്നും ചൂണ്ടിക്കാണിച്ചു കൊടുക്കാൻ ലെനിന്നു വിഷമമുണ്ടായിരുന്നില്ല.

"വിജയത്തിൽ മത്തു പിടിക്കരുതു്" ശത്രുവിൻെറ ശക്തി സ്വബോധത്തോടെ ശരിക്കു അളന്നു കണക്കാക്കാനും അപ്രതീക്ഷിത സംഭാവ്യതകൾക്കെതിരായി പാർട്ടിയെ ഉറപ്പിക്കാനും ലെനിനെ സഹായിച്ചു. അദ്ദേഹത്തിൻെറസ്വഭാവത്തിലെ ഒരു പ്രത്യേകതയായിരുന്നു ഇതു്.

## അടിസ്ഥാന പ്രമാണങ്ങളോടുള്ള ക്രൂറ്

പാർട്ടിനേതാക്കന്മാൎക്ക തങ്ങളുടെ പാർട്ടിയിലെ ഭൂരിപക്ഷത്തിൻെറ അഭിപ്രായത്തെ മാനിയ്ക്കാതിരിയ്ക്കാൻ വയ്യ. ഭൂരിപക്ഷമെന്നു പറഞ്ഞാൽ ഏതൊരു പാർട്ടി നേതാവും കണക്കിലെടുക്കേണ്ട ഒരു ശക്തിയാണ്. മറേറതു പാർട്ടി നേതാവിനെക്കാളും

ഒട്ടും കുറയാതെ ലെനിനും ഇതു മനസ്സിലാക്കി. പക്ഷെ ലെനിൻ ഒരിയ്ക്കലും ഭൂരിപക്ഷത്തിന്റെ ഒരു തടവുകാരനായിരുന്നില്ല—പ്രത്യേകിച്ചും ആ ഭൂരിപക്ഷത്തിനു യാതൊരു താത്വികാടിസ്ഥാനവുമില്ലെങ്കിൽ. ഭൂരിപക്ഷത്തിന്റെ അഭിപ്രായം അല്ലെങ്കിൽ പാർട്ടിയുടെ തൽക്ഷണതാല്പര്യങ്ങൾ തൊഴിലാളിവർഗ്ഗത്തിന്റെ ശാശ്വതതാല്പര്യങ്ങൾക്കെതിരായിത്തീൎന്ന സന്ദർഭങ്ങൾ നമ്മുടെ പാർട്ടിയുടെ ചരിത്രത്തിലുണ്ടായിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ ലെനിൻ ഒരിയ്ക്കലും ശങ്കിച്ചിട്ടില്ല. പാർട്ടിയുടെ ഭൂരിപക്ഷത്തിന്നെതിരായി തത്വങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം തന്റെ നിലപാടിൽ ഉറച്ചു നിന്നു. എന്നു മാത്രമല്ല, അത്തരം സന്ദർഭങ്ങളിൽ, ലെനിൻ പലപ്പോഴും പറയാറുള്ളതുപോലെ, "തത്വത്തെ അടിസ്ഥാനപ്പെടുത്തിയ നയമാണ് ശരിയായ ഒരൊററ നയം" എന്നു കണക്കാക്കി, മററെല്ലാവക്കുമെതിരായി ഒററയ്ക്കു നിൽക്കാൻ പോലും ലെനിൻ ഭയപ്പെട്ടിട്ടില്ല.

ഈ കാര്യത്തെ പ്രത്യേകിച്ചും തെളിയിക്കുന്നതാണ് താഴെ കൊടുക്കുന്ന രണ്ടു വാസ്തവങ്ങൾ.

ഒന്നാമത്തെ വാസ്തവം: എതിർ വിപ്ലവംകൊണ്ട് അങ്ങേയററം തകൎക്കപ്പെട്ട് പാർട്ടി പരിപൂൎണ്ണമായും ച്ഛിന്നഭിന്നമായിരുന്ന 1909—11 കാലത്തായിരുന്നു ഇതു്. പാർട്ടിയിൽ വിശ്വാസം നശിച്ചു, ബുദ്ധിജീവികൾ മാത്രമല്ല, കുറെയൊക്കെ തൊഴിലാളികൾ പോലും കൂട്ടത്തോടെ പാർട്ടിയെ വിട്ടോടിക്കൊണ്ടിരുന്ന ഒരു കാലഘട്ടമായിരുന്നു അതു്. രഹസ്യസംഘടനയുടെ ആവശ്യത്തെപ്പോലും നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടം, പിരിച്ചുവിടൽ വാദത്തിന്റേയും തകർച്ചയുടേയും കാലഘട്ടം. മെൻഷവിക്കുകാർ മാത്രമല്ല, പല കക്ഷികളായും തിരിവുകളായും പിളൎന്ന ബോൾഷവിക്കുകാർ കൂടി ഒട്ടേറെ തൊഴിലാളിപ്രസ്ഥാനത്തിൽനിന്നു വെട്ടിമുറിക്കപ്പെട്ടിരുന്നു. ഈ കാലഘട്ടത്തിലാണു രഹസ്യപ്പാർട്ടിയെ തികച്ചും പിരിച്ചുവിട്ട് നിയമസമ്മതി നേടാവുന്ന, മിതവാദരീതിയിലുള്ള ഒരു "സ്റ്റോളിപ്പിൻ" പാർട്ടിയായി

തൊഴിലാളികളെ സംഘടിപ്പിക്കണമെന്നുള്ള അഭിപ്രായം പൊന്തി വന്നതെന്നു നമുക്കറിയാം. ഈ പൊതു പകർച്ചവ്യാധിക്കിരയാകാതെ, പാർട്ടിയുടെ കൊടിക്കൂറയെ ഉയർത്തിപ്പിടിച്ചുകൊണ്ടു്, അസാധാരണമായ ധൈര്യത്തോടും അന്യാദൃശമായ സ്ഥിരപ്രത്യയത്തോടും കൂടി തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിനകത്തുള്ള ഓരോ പാർട്ടി വിരോധ ചിന്താഗതിയേയും എതിർക്കുകയും പാർട്ടിയുടെ ആശയത്തെ ന്യായീകരിക്കുകയും ചെയ്തുകൊണ്ടു്, അൽഭുതാവഹമായ ക്ഷമയോടും അനന്യമായ നിർബന്ധത്തോടും കൂടി, ചിന്നിച്ചിതറിയിരുന്ന, തകർന്നു പോയിരുന്ന, പാർട്ടി ശക്തികളെ വീണ്ടും ഒന്നിച്ചു ചേർത്തണിനിരത്തിയ ഒരൊററ ആൾ ആ സമയത്തു ലെനിനായിരുന്നു.

പാർട്ടിയുടെ ആശയത്തിനു വേണ്ടിയുള്ള ഈ പോരാട്ടത്തിൽ ലെനിൻ പിന്നീടു് വിജയ ശ്രീലാളിതനായെന്നു നമുക്കറിയാം.

രണ്ടാമത്തെ വാസ്തവം: ഇതു് 1914-17 കാലത്താണു് നടന്നതു്. സാമ്രാജ്യയുദ്ധം കൊടുമ്പിരിക്കൊണ്ടു നടന്നിരുന്ന കാലം; എല്ലാം അല്ലെങ്കിൽ ഒട്ടുമുക്കാലും എല്ലാ, സോഷ്യൽ ഡെമോക്രാററിക്കു്—സോഷ്യലിസ്ററു പാർട്ടികളും "പൊതുദേശാഭിമാന" പരമായ അപസ്മാര രോഗത്തിന്നിരയായി സ്വന്തം രാജ്യത്തിലെ സാമ്രാജ്യത്വത്തിൻെറ സേവനത്തിനു സ്വയം ഉഴിഞ്ഞു വച്ച കാലം. രണ്ടാം ഇൻററർ നാഷണൽ മുതലാളിത്തത്തിൻെറ മുമ്പിൽ തങ്ങളുടെ കൊടിക്കൂറയിറക്കിയ-പ്ലെഖു്നോവു്, കോട്സ്കി, ഗെഡ്ഡോ മുതലായ ആളുകൾക്കു പോലും സ്വദേശതാൻ പ്രമാണിത്തത്തിൻെറ അടിച്ചു കയററത്തെ തടുക്കാൻ കഴിയാതെ വന്ന ഒരു കാലമായിരുന്നു അതു്. അന്നു സോഷ്യലിസത്തിൻെറ കുപ്പായമിട്ട സ്വദേശതാൻപ്രമാണിത്തത്തിന്നും ശാന്തിവാദത്തിനും എതിരായി സുദൃഢമായ ഒരു പോരാട്ടം നടത്തിയതു്, ഗെസ്ഡേമാരുടേയും കോട്സ്കിമാരുടേയും വഞ്ചനയെ അധിക്ഷേപിച്ചതു്, അങ്ങുമിങ്ങുമില്ലാത്ത "വിപ്ലവകാരികളുടെ" മനസ്സില്ലാമനസ്സിനെ

ശരിയും തുറന്നുകാട്ടിയതു്, ലെനിൻ മാത്രമായിരുന്നു, അല്ലെങ്കിൽ ഒട്ടുമുക്കാലും ലെനിൻ മാത്രമായിരുന്നു. ഒരു ചെറിയ ന്യൂനപക്ഷം മാത്രമേ തനിക്കു പിൻബലമായിട്ടുള്ളുവെന്നു ലെനിന്നറിയാം. പക്ഷെ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അതായിരുന്നില്ല സർവ്വപ്രധാനമായ സംഗതി—എന്തുകൊണ്ടെന്നാൽ പതറിച്ചയില്ലാത്ത, സാർവ്വദേശീയതത്വത്തിന്റെ ഒരു നയം മാത്രമാണ്, തത്വത്തെ അടിസ്ഥാനപ്പെടുത്തിയ ഒരു നയം മാത്രമാണു, ശരിയായ ഭാവിയോടുകൂടിയ, നയമെന്നു ലെനിൻ മനസ്സിലാക്കി.

ഒരു പുതിയ ഇൻറർനാഷണലിനു വേണ്ടിയുള്ള ഈ പോരാട്ടത്തിൽ ലെനിൻ ജയിച്ചുവെന്നു നമുക്കറിയാം.

“തത്വത്തെ അടിസ്ഥാനപ്പെടുത്തിയ നയം മാത്രമാണു് ശരിയായ നയം”—ഈ പ്രമാണമുപയോഗപ്പെടുത്തിയാണു് ലെനിൻ അങ്ങോട്ടു കടന്നാക്രമിച്ചു് “അപ്രതിരോധ്യമായ” ശത്രുസ്ഥാനങ്ങളെ പിടിച്ചെടുത്തതു, തൊഴിലാളിവർഗ്ഗത്തിലെ ഏററവും നല്ല ആളുകളെ മാർക്സിസത്തിന്റെ ഭാഗത്തേക്കു കൊണ്ടുവന്നതു്.

## ബഹുജനങ്ങളിൽ വിശ്വാസം

പാർട്ടികളുടെ നേതാക്കന്മാർക്കും തത്വശാസ്ത്രജ്ഞന്മാർക്കും—ജനങ്ങളുടെ ചരിത്രവുമായി പരിചയമുള്ള, വിപ്ളവങ്ങളുടെ ചരിത്രം ആദ്യവസാനം പഠിച്ചിട്ടുള്ള, ആളുകൾക്കു്—ചിലപ്പോൾ ലജ്ജാവഹമായ ഒരു സുഖക്കേടു ബാധിക്കാറുണ്ടു്. ജനങ്ങളെപ്പററി ഭയം, ബഹുജനങ്ങളുടെ നിർമ്മാണപരമായ ശക്തിയിൽ വിശ്വാസമില്ലായ്മ എന്നു് ഈ സുഖക്കേടിനു പേരിടാം. വിപ്ളവങ്ങളുടെ ചരിത്രത്തെ അരച്ചുകലക്കി കുടിച്ചിട്ടുള്ളവരല്ലെങ്കിലും പഴയ വ്യവസ്ഥയെ നശിപ്പിക്കാനും പുതിയ ഒന്നിനെ കെട്ടിപ്പടുക്കാനും ചരിത്രം ഭരമേല്പിച്ചിട്ടുള്ള ബഹുജനങ്ങളുടെ നേരേ ഒരുതരം ആഭിജാത്യമനോഭാവം സ്വീകരിക്കുന്നതിനു നേതാക്കന്മാർ

ചിലപ്പോൾ ഈ സുഖക്കേട്ട കാരണം ഇടയായിത്തീരുന്നു. ഈ ആഭിജാത്യമനോഭാവത്തിന്നു കാരണം ജനങ്ങൾ കയറുപൊട്ടിച്ചു പോകുമോ, അവർ "ആവശ്യമുള്ളതിലധികം നശിപ്പിച്ചേക്കുമോ" എന്ന ഭയമാണ്. ബഹുജനങ്ങളിൽനിന്നും പഠിക്കാൻ മനസ്സില്ലാതെ, പുസ്തകത്തിൽ നിന്നു ബഹുജനങ്ങളെ പഠിപ്പിക്കാൻ ശ്രമിക്കുന്ന മുറിവൈദ്യനെപ്പോലെ പ്രവൎത്തിക്കാനുള്ള ഒരാഗ്രഹമാണു ഇതിന്നടിയിലുള്ളതു്.

ലെനിൻ ഇത്തരം നേതാക്കന്മാരുടെ നേരേ എതിരായിരുന്നു. ലെനിനെപ്പോലെ തൊഴിലാളിവർഗ്ഗത്തിന്റെ നിൎമ്മാണപരമായ ശക്തിയിലും അതിന്റെ നൈസർഗ്ഗികമായ വർഗ്ഗവാസനയുടെ വിപ്ലവകരമായ ശരിയിലും ഇത്രത്തോളം അഗാധമായ വിശ്വാസമുണ്ടായിരുന്ന ഒരു വിപ്ലവകാരിയെ ഞാനറിയില്ല. ലെനിനെപ്പോലെ, "വിപ്ലവത്തിന്റെ അരാജ"കത്തെപ്പററിയും ബഹുജനങ്ങളുടെ അനധികൃതമായ പ്രവൎത്തികളുടെ ലഹളയെപ്പററിയും ചാരുകസേരയിലിരുന്നു വിമർശിക്കുന്നവരെ ഇത്രയും നിശിതമായി തൊലിയുരിക്കാൻ കഴിവുണ്ടായിരുന്ന ഒരു വിപ്ലവകാരിയെ ഞാൻ കണ്ടിട്ടില്ല. സംഭാഷണത്തിനിടക്കു് വിപ്ലവത്തെത്തുടൎന്നു "സാധാരണ നിയമവും ക്രമവും നിലവിൽ വരണ"മെന്നഭിപ്രായപ്പെട്ട ഒരു സഖാവിനോടു ലെനിൻ പരിഹാസത്തോടെ പറഞ്ഞ മറുപടി ഞാനോൎക്കുന്നു. "ചരിത്രത്തിലെ ഏററവും സാധാരണമായ നിയമവും ക്രമവും വിപ്ലവകരമായ നിയമവും ക്രമവുംആണെന്നു് വിപ്ലവകാരികളാവാൻ ആഗ്രഹിക്കുന്നആളുകൾ മറന്നുപോകുന്നതു് വ്യസനകരമായ ഒരു സംഗതിയാണ്. അതുകൊണ്ടാണ് ബഹുജനങ്ങളെ മോശക്കാരായി കണക്കാക്കുകയും അവരെ പുസ്തകങ്ങളിൽ നിന്നു പഠിപ്പിക്കാൻ ശ്രമിക്കുകയുംചെയ്ത എല്ലാവരേയും ലെനിൻ പുഛത്തോടെ കണക്കാക്കിയതു്. അതുകൊണ്ടുതന്നെയാണ് ലെനിന്റെ ശാശ്വതപ്രമാണം ബഹുജനങ്ങളിൽനിന്നു പഠിക്കുക, അവരുടെ നടപടികളെ മനസ്സിലാക്കാൻ ശ്രമിക്കുക, ബഹുജനങ്ങളുടെ സമരത്തിന്റെ പ്രായോഗികാനുഭവത്തെ മനസ്സു വച്ചു പഠിക്കുക.

ബഹുജനങ്ങളുടെ നിമ്മാണശക്തിയിൽ ദൃഢവിശ്വാസം— ഇതായിരുന്നു ലെനിൻെറ പ്രവത്തനങ്ങളുടെ ഒരു സവിശേഷത; ഇതാണു ബഹുജനങ്ങളുടെ സ്വയം പ്രവത്തനത്തെ മനസ്സിലാക്കാനും അതിൻെറ ഗതിയെ തൊഴിലാളിവിപ്ളവത്തിൻെറ പാതയിലേക്കു തിരിച്ചു വിടാനും ലെനിന്നു കഴിവുണ്ടാക്കിയതു്.

## വിപ്ലവത്തിൻെറ ബുദ്ധിമാഹാത്മ്യം

ലെനിൻ വിപ്ളവത്തിനുവേണ്ടി ജനിച്ച ആളായിരുന്നു. വാസ്തവത്തിൽ അദ്ദേഹം, വിപ്ളവകരമായ പൊട്ടിപ്പുറപ്പെടലുകളുടെ ബുദ്ധിമാഹാത്മ്യവും വിപ്ളവകരമായ നേതൃത്വത്തിൻെറ കലയിൽ ഏററവും ഉയന്ന വിദഗ്ദ്ധനുമായിരുന്നു. വിപ്ളവകരമായ കോളിളക്കങ്ങളുടെ കാലത്തെന്നപോലെ അത്രയ്ക്കു സ്വാതന്ത്ര്യവും സുഖവും ലെനിന്നു മറെറാരിക്കലും തോന്നിയിരുന്നില്ല. എല്ലാ വിപ്ളവകരമായ പൊട്ടിപ്പുറപ്പെടലുകളേയും ലെനിൻ ശരിവച്ചുവെന്നോ അല്ലെങ്കിൽ എല്ലാ കാലത്തും എല്ലാ പരിതഃസ്ഥിതികളിലും ലെനിൻ വിപ്ളവം നടത്തുന്നതിനു അനുകൂലമായിരുന്നുവെന്നോ അല്ല ഇതുകൊണ്ടു് ഞാനുദ്ദേശിക്കുന്നതു്. ഒരുതരത്തിലും അല്ല. വിപ്ളവകരമായ പൊട്ടിപ്പുറപ്പെടലുകളുടെ കാലങ്ങളിലെന്നപോലെ അത്രയ്ക്കു സ്പഷ്ടമായും പരിപൂണ്ണമായും ലെനിൻെറ ഉജ്ജ്വലമായ ഉൾക്കാഴ്ച മറെറാരിക്കലും പുറത്തു കണ്ടിരുന്നില്ലെന്നു മാത്രമേ ഞാനുദ്ദേശിക്കുന്നുള്ളു. വിപ്ലവകരമായപൊട്ടിപ്പുറപ്പെടലുകളുടെ സന്ദർഭങ്ങളിൽ അദ്ദേഹം ശരിക്കും വിരിഞ്ഞു ശോഭിച്ചു; ഒരു ദീർഘദർശിയായി മാറി, വർഗ്ഗങ്ങളുടെ ഗതിയെ കണ്ടറിഞ്ഞു, വിപ്ളവത്തിലുണ്ടായേക്കാവുന്ന വഴിത്തിരിവുകളെ അവ സ്വന്തം ഉള്ളം കയ്യിൽ കിടക്കുന്നതുപോലെ മനസ്സിലാക്കി. നമ്മുടെ പാർട്ടി അണികൾക്കിടയിൽ ന്യായമായും ഇങ്ങനെ പ 'യാറുണ്ടായിരുന്നു: "ലെനിൻ വെള്ളത്തിൽ മത്സ്യമെ

ന്നപോലെ വിപ്ളവത്തിൻെറ വേലിയേററത്തിൽ നീന്തിക്കളിക്കുന്നു."

അതുകൊണ്ടാണ്; ലെനിൻെറ തന്ത്രപരമായ മുദ്രാവാക്യങ്ങളുടെ "കണ്ണഞ്ചിക്കുന്ന" വ്യക്തത; അദ്ദേഹത്തിൻെറ വിപ്ളവകരമായ പ്ളാനുകളുടെ "അത്ഭുതപ്പെടുത്തുന്ന" ധീരത.

ലെനിൻെറ ഈ സവിശേഷസ്വഭാവത്തെ പ്രത്യേകിച്ചും തെളിയിക്കുന്ന രണ്ടു വസ്തുതകൾ ഞാനോമ്മിക്കുന്നു.

ഒന്നാമത്തെ വസ്തുത: ഒക്ടോബർ വിപ്ളവത്തിൻെറ അടുത്തു മുമ്പുള്ള കാലഘട്ടത്തിലായിരുന്നു അതു്: രാജ്യത്തിൻെറ പിന്നണിയിലേയും യുദ്ധമുന്നണിയിലേയും കുഴപ്പം കാരണം കോടിക്കണക്കിനു തൊഴിലാളികളും കൃഷിക്കാരും പട്ടാളക്കാരും സമാധാനവും സ്വാതന്ത്ര്യവും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു; സൈന്യനായകന്മാരും ബൂർഷ്വാസിയും "യുദ്ധം അവസാനം വരെ നടത്താൻ" വേണ്ടി ഒരു പട്ടാളസർവ്വാധിപത്യം ഏർപ്പെടുത്താൻ പണിയെടുക്കുകയായിരുന്നു; "പൊതുജനാഭിപ്രായം" എന്നു പറയപ്പെടുന്നതും "സോഷ്യലിസ്ററു പാർട്ടി"കളെന്നു പറയപ്പെടുന്നവയും ബോൾഷെവിക്കുകാരെ എതിർക്കുകയും "ജർമ്മൻ ചാരന്മാ"രെന്നു മുദ്ര കുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു; ബോൾഷെവിക്കു പാർട്ടിയെ ഒളിവിൽ പറഞ്ഞയയ്ക്കാൻ–അപ്പോൾത്തന്നെ അതു കുറെ വിജയിച്ചിരുന്നു – കെറൻസ്കി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു; യുദ്ധത്തെ വിജയകരമായി അവസാനിപ്പിക്കാനെന്ന പേരിൽ പടിഞ്ഞാറൻ യൂറോപ്പിലെ"സോഷ്യലിസ്ററുകാർ" അവരവരുടെ ഗവണ്മെൻറുകളുമായി മതിമറന്നു കൂട്ടുകെട്ടിലേർപ്പെട്ടിരിക്കെ, അപ്പോഴും സുശക്തവും സുസംഘടിതവുമായ ആസ്ട്രോ ജർമ്മൻ ചേരിയുടെ സൈന്യങ്ങൾ നമ്മുടെ ക്ഷീണിച്ചതും തകർന്നതുമായ പട്ടാളങ്ങളെ നേരിട്ടുകൊണ്ടു നിൽക്കുന്നു.

ഇത്തരമൊരു സന്ദർഭത്തിൽ ഒരു ആയുധമേന്തിയ കലാപം തുടങ്ങുകയെന്നു പറഞ്ഞാൽ എന്താണർത്ഥം? ഇത്തരമൊരു പരിത:

സ്ഥിതിയിൽ ഒരു ആയുധമേന്തിയ കലാപം തുടങ്ങുകയെന്നു പറഞ്ഞാൽ, എല്ലാം പണയപ്പെടുത്തുകയെന്നർത്ഥമാണ്. പക്ഷെ, ലെനിൻ ആ അപായത്തെ ഭയപ്പെട്ടില്ല— കാരണം, ഒരു ആയുധമേന്തിയ കലാപം അനിവാര്യമാണെന്നു്; അതു വിജയിക്കുമെന്നു്, റഷ്യയിലെ ആയുധമേന്തിയ കലാപം സാമ്രാജ്യയുദ്ധത്തെ അവസാനിപ്പിക്കുമെന്നു്, പാശ്ചാത്യ രാജ്യങ്ങളിലെ യുദ്ധം കൊണ്ടു മടുത്ത ജനങ്ങളെ അതു തട്ടിയെഴുന്നേല്പിക്കുമെന്നു്, സാമ്രാജ യുദ്ധത്തെ ഒരു ആഭ്യന്തരയുദ്ധമാക്കി അതു മാററുമെന്നു്; ആയുധമേന്തിയ ഒരു കലാപം ഒരു സോവിയററു റിപ്പബ്ളിക്കിനെ ഉദിപ്പിക്കുമെന്നും ആ സോവിയററു റിപ്പബ്ളിക്കു് ലോകത്തിലെങ്ങുമുള്ള വിപ്ളവപ്രസ്ഥാനത്തിന്റെ നെടും കോട്ടയായിത്തീരുമെന്നും—തന്റെ ദീർഘദർശകമായ കണ്ണുകൊണ്ടു് ലെനിൻ കണ്ടു.

ലെനിന്റെ വിപ്ളവകരമായ ദീർഘദർശനം പിന്നീടു് അന്യാദൃശമായ സത്യസന്ധതയോടുകൂടി സാധൂകരിക്കപ്പെട്ടുവെന്നു് നമുക്കറിയാം.

രണ്ടാമത്തെ വസ്തുത: ഒക്ടോബർ വിപ്ളവം കഴിഞ്ഞു് ആദ്യത്തെ ദിവസങ്ങളിലായിരുന്നു അതു്; പീപ്പിൾസ് കമ്മിസ്സാർമാരുടെ കൌൺസിൽ (സോവിയററു് മന്ത്രിസഭ), യുദ്ധം നിർത്താനും ഒരു തൽക്കാലസന്ധിക്കായി ജർമ്മൻകാരോടു കൂടിയാലോചന തുടങ്ങാനും ലഹളക്കൊരുങ്ങിയ സർവ്വസൈന്യാധിപൻ ജനറൽ ഡുഖോനിനെ നിർബന്ധിക്കാൻ പരിശ്രമിക്കുന്ന സമയം. ലെനിനും പിന്നത്തെ സർവ്വസൈന്യാധിപനായ ക്രിലെങ്കോവും ഞാനും കൂടി ഡുഖോനിനുമായി നേരിട്ടു ഫോൺവഴി സംസാരിക്കാൻ പിഡോഗ്രാഡിലെ പട്ടാള തലസ്ഥാനത്തിലേക്കു പോയതു ഞാൻ ഓർക്കുന്നു. അതൊരു ഭയങ്കര സന്ദർഭമായിരുന്നു. ഡുഖോനിനും പട്ടാളതലസ്ഥാനവും പീപ്പിൾസ് കമ്മീസർമാരുടെ കൗൺസിലിന്റെ കല്പനയെ അനുസരിക്കില്ലെന്നു അററുമുറിച്ചു പറഞ്ഞു. പട്ടാള ഉദ്യോഗസ്ഥന്മാരെല്ലാം തികച്ചും പട്ടാളതലസ്ഥാ

നത്തിൻെറ ചൊല്പടിയിൻ കീഴിലായിരുന്നു. പട്ടാളക്കാരെ സംബന്ധിച്ചാണെങ്കിൽ, സോവിയററുകാഠക്കെതിരായ പട്ടാളസ്ഥാപനങ്ങാംക്കു് കീഴിലായിരുന്ന 140 ലക്ഷം പട്ടാളം എന്താണു ചെയ്യുകയെന്നു ആക്കും പറയാൻ വയ്യ. പിട്രോഗ്രാഡിൽത്തന്നെ കാഡററുകഠം (ഉദ്യോഗസ്ഥന്മാർ) ഒരു ലഹളയ്ക്കു ഒരുങ്ങിയിരുന്നുവെന്നു നമുക്കറിയാം. എന്നു തന്നെയല്ല, കെറൻസ്കി പിട്രോഗ്രാഡിനു നേക്കു പടയൊരുക്കുകയും ചെയ്തിരുന്നു. ഫോണിൻെറ മുമ്പിൽ ഒരു നിമിഷം നിന്നതിനുശേഷം ലെനിൻെറ മുഖം പെട്ടെന്നു ഉജ്ജ്വലിച്ചതു ഞാനോക്കുന്നു; ആ മുഖം അസാധാരണമായി തിളങ്ങി. വ്യക്തമായും അദ്ദേഹം ഒരു തീരുമാനത്തിലെത്തിക്കഴിഞ്ഞിരുന്നു. "നമുക്കു കമ്പിയില്ലാക്കമ്പി സ്റ്റേഷനിലേക്കു പോവുക" അദ്ദേഹം പറഞ്ഞു. "അതു നമ്മെ സഹായിക്കും. ജനറൽ ഡുഖോനിനെ ഉദ്യോഗത്തിൽനിന്നു പിരിച്ചുവിട്ടുകൊണ്ടും തൽസ്ഥാനത്തു ക്രിലെങ്കോവിനെ നിയമിച്ചുകൊണ്ടും ഒരു പ്രത്യേകകല്പന നാം പുറപ്പെടുവിക്കും. ഉദ്യോഗസ്ഥന്മാരെ വളഞ്ഞുപിടിക്കുവാനും, യുദ്ധം അവസാനിപ്പിക്കാനും, ജർമ്മൻ-ആസ്ട്രിയൻ പട്ടാളക്കാരായി ബന്ധം സ്ഥാപിക്കാനും അങ്ങനെ സമാധാനത്തിൻെറ കാര്യം സ്വന്തം കൈകളിലെടുക്കാനും, ഉദ്യോഗസ്ഥന്മാരുടെ തലയ്ക്കുമീതെ നാം നേരിട്ടു പട്ടാളക്കാരോടാവശ്യപ്പെടും."

ഇതു "ഇരുട്ടത്തുള്ള ഒരു ചാട്ട"മായിരുന്നു. പക്ഷെ ലെനിൻ ഈ "ചാട്ട"ത്തിൽ ചൂളിയില്ല; നേരെ മറിച്ചു ഔത്സുക്യത്തോടുകൂടി ആ ചാട്ടം ചാടുകയാണദ്ദേഹം ചെയ്തതു്. കാരണം പട്ടാളക്കാർ സമാധാനം ആഗ്രഹിക്കുന്നുണ്ടെന്നു, തങ്ങളുടെ മാർഗ്ഗത്തിലുള്ള എല്ലാ തടസ്ഥങ്ങളേയും തട്ടിനീക്കി അവർ സമാധാനം നേടുമെന്നും അദ്ദേഹം മനസ്സിലാക്കി; സമാധാനം സ്ഥാപിക്കാനുള്ള ഈ വഴി ജർമ്മൻ-ആസ്ട്രിയൻ പട്ടാളക്കാരുടെയിടയിലും തിരിച്ചടിയുണ്ടാക്കാതിരിക്കുകയില്ലെന്നും ഇതു എല്ലാ മുന്നണികളിലും ഒരുപോലെ സമാധാനവാഞ്ഛയുടെ കടിഞ്ഞാണഴിച്ചുവിടുമെന്നും അദ്ദേഹം മനസ്സിലാക്കി.

ഈ കാര്യത്തിലും ലെനിന്റെ വിപ്ലവകരമായ ദീർഘദർശനം പിന്നീട് അങ്ങേയററത്തെ സത്യസന്ധതയോടെ സാധൂകരിക്കപ്പെട്ടുവെന്നു നമുക്കറിയാം.

ഉജ്ജ്വലമായ ഉൾക്കാഴ്ച ആസന്നമായ സംഭവങ്ങളിൽ ഉൾച്ചേർന്നു കിടക്കുന്ന അർത്ഥം അതിവേഗത്തിൽ ഗ്രഹിക്കാനും കണ്ടറിയാനുമുള്ള കഴിവ്, ഈ ഗുണമാണ് വിപ്ലവപ്രസ്ഥാനത്തിന്റെ ഉർഘടഘട്ടങ്ങളിൽ ഒരു ശരിയായ സമരതന്ത്രവും വ്യക്തമായ പോരാട്ടമുറകളും രൂപീകരിക്കാൻ ലെനിനു കഴിവുണ്ടാക്കിയതു്.

[illegible]
പ്രവ്ദ നമ്പർ 34–
1924 ഫെബ്രു: 12

നമ്മുടെ നേതാവും ഗുരുനാഥനുമായ ലെനിനെ ഓർമ്മിക്കുക, സ്നേഹിക്കുക, പഠിക്കുക.

ലെനിൻ നമ്മെ പഠിപ്പിച്ചപോലെ, നമ്മുടെ നാട്ടിനകത്തും പുറമേ നിന്നുമുള്ള ശത്രുക്കളെ എതിർത്തു പോരാടി തോല്പിക്കുക.

ലെനിൻ നമ്മെ പഠിപ്പിച്ചപോലെ, പുതിയ ജീവിതം, പുതിയ അസ്തിത്വം, പുതിയ സംസ്കാരം, കെട്ടിപ്പടുക്കുക.

ചെറിയ കാര്യങ്ങൾ ചെയ്യാൻ ഒരിക്കലും കൂട്ടാക്കാതിരിക്കരുത്, കാരണം ചെറിയ കാര്യങ്ങളിൽനിന്നാണു വലിയ കാര്യങ്ങൾ നിർമ്മിക്കപ്പെടുന്നതു—ലെനിൻെറ ആജ്ഞകളിൽ പ്രധാനമായ ഒന്നാണിതു്.

ജെ. സ്റ്റാലിൻ

റാബോച്ചയ ഗസററാ നമ്പർ 17,
1925 ജനുവരി 21

# ഒന്നാമത്തെ അമേരിക്കൻ തൊഴിലാളി പ്രതിനിധി സംഘത്തിനു നൽകിയ കൂടിക്കാഴ്ച

(1927 സെപ്തമ്പർ 9—ചില ഭാഗങ്ങൾ)

## I

## പ്രതിനിധി സംഘത്തിന്റെ ചോദ്യങ്ങളും സ്റ്റാലിന്റെ മറുപടിയും.

ചോദ്യം ഒന്നു്: പ്രായോഗികമായി മാർക്സിസത്തിനു എന്തെല്ലാം പുതിയ തത്വങ്ങളാണു് ലെനിനും കമ്മ്യൂണിസ്ററു പാർട്ടിയും കൂട്ടിച്ചേർത്തതു്, സാമ്പത്തിക ശക്തികളുടെ വളർച്ചയുടെ പരിണാമത്തിനായി കാത്തിരിക്കുന്നതിലേക്കു് മാർക്സ് ചാഞ്ഞിരുന്ന സമയത്തു് ലെനിൻ "നിർമ്മാണാത്മകമായ വിപ്ലവ"ത്തിൽ വിശ്വസിച്ചുവെന്നു് പറയുന്നതു ശരിയായിരിക്കുമോ?

ഉത്തരം: ലെനിൻ യാതൊരു "പുതിയ തത്വങ്ങളേയും" മാർക്സിസത്തിനു "കൂട്ടിച്ചേർക്കു"കയാകട്ടെ, മാർക്സിസത്തിന്റെ ഏതെങ്കിലും "പഴയ" തത്വങ്ങളെ ഇല്ലാതാക്കുകയാകട്ടെ ചെയ്തുവെന്നു ഞാൻ വിശ്വസിക്കുന്നില്ല. മാർക്സിന്റേയും എംഗത്സിന്റേയും ഏററവും കൂറോടുകൂടിയ, പതറിച്ചയില്ലാത്ത, ശിഷ്യനായിരുന്നു ലെനിൻ; ഇന്നും അങ്ങനെതന്നെയാണു്. മാർക്സിസത്തിന്റെ തത്വങ്ങളെ പരിപൂർണ്ണമായും തികച്ചും അടിസ്ഥാനമാക്കിയാണു് ലെനിൻ പ്രവത്തിച്ചതു്.

പക്ഷെ, ലെനിൻ മാർക്സിന്റേയും എംഗൽസിന്റേയും സിദ്ധാന്തങ്ങളെ നടപ്പിൽ വരുത്തുക മാത്രമല്ല ചെയ്തുള്ളു; അവയെ അദ്ദേഹം പിന്നെയും വളത്തി.

എന്താണിതിന്നർത്ഥം?

വളർച്ചയുടെ പുതിയ സാഹചര്യങ്ങൾക്കനുസരിച്ച, മുതലാളിത്തത്തിൻെറ പുതിയ ഘട്ടത്തിന്നനുസരിച്ച്, സാമ്രാജ്യത്വഘട്ടത്തിന്നനുസരിച്ച്, അദ്ദേഹം മാർക്സിൻേറയും ഏംഗത്സിൻേറയും സിദ്ധാന്തങ്ങളെ വളർത്തി. എന്താണിതിന്നർത്ഥം? വർഗ്ഗസമരത്തിൻെറ പുതിയ സാഹചര്യങ്ങളിൽ മാർക്സിൻെറ സിദ്ധാന്തങ്ങളെ വളർത്തുന്ന സമയത്തു, മാർക്സും ഏംഗത്സും നൽകിയ സംഭാവനയുമായി, മുതലാളിത്തത്തിൻെറ സാമ്രാജ്യത്വത്തിന്നു മുമ്പത്തെ കാലഘട്ടത്തിൽ എന്തു സംഭാവന നൽകാൻ കഴിയുമെന്നതുമായി, താരതമ്യപ്പെടുത്തി നോക്കുമ്പോൾ, ലെനിൻ മാർക്സിസത്തിൻെറ പൊതുഭണ്ഡാഗാരത്തിലേക്കു പുതിയ ചിലതു സംഭാവന ചെയ്തുവെന്നാണിതിനർത്ഥം. മാർക്സിസത്തിൻെറ ഭണ്ഡാരത്തിലേക്കു ലെനിൻ നൽകിയ പുതിയ സംഭാവന പരിപൂർണ്ണമായും, തികച്ചും മാർക്സും ഏംഗൽസും രൂപീകരിച്ച തത്വങ്ങളെ ആസ്പദമാക്കിയുള്ളതാണ്.

ഈ അർത്ഥത്തിലാണ് നാം ലെനിനിസത്തെ സാമ്രാജ്യത്വത്തിൻേറയും തൊഴിലാളി വിപ്ലവങ്ങളുടേയും കാലഘട്ടത്തിലെ മാർക്സിസമെന്നു പറയുന്നതു്.

മാർക്സിൻെറ സിദ്ധാന്തങ്ങളെ വളർത്തുന്നതിൽ ലെനിൻ പുതുതായി ചിലതു് സംഭാവന നൽകിയ ചില പ്രശ്നങ്ങളെ താഴെ കൊടുക്കുന്നു.

ഒന്നാമതു്: കുത്തകമുതലാളിത്തത്തിൻെറ—മുതലാളിത്തത്തിൻെറ പുതിയ ഘട്ടമെന്ന നിലക്കു സാമ്രാജ്യത്വത്തിൻെറ—പ്രശ്നം.

"മൂടക്കുമുതലെ"ന്ന പുസ്തകത്തിൽ മാർക്സും ഏംഗൽസും മുതലാളിത്തത്തിൻെറ അടിസ്ഥാനങ്ങളെ വിശകലനം ചെയ്തു. പക്ഷെ, കുത്തകരൂപം കൈക്കൊണ്ടു കഴിഞ്ഞിട്ടില്ലാത്ത മുതലാളി

ത്തത്തിന്റെ കാലഘട്ടത്തിലാണു, മുതലാളിത്തം തടസ്ഥമില്ലാതെ വളരുകയും 'സമാധാനപരമായി' ലോകത്തിലാകെ പരക്കുകയും ചെയ്ത കാലഘട്ടത്തിലാണു, മാർക്സും എംഗൽസും ജീവിച്ചതു്.

മുതലാളിത്തത്തിന്റെ ഈ പഴയ ഘട്ടം പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനത്തോടും ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തോടുംകൂടി അവസാനിച്ചു. അപ്പോഴേക്കും മാർക്സും എംഗത്സും മരിച്ചുകഴിഞ്ഞിരുന്നു. പഴയ ഘട്ടത്തെത്തുടൎന്നുവന്ന മുതലാളിത്തത്തിലെ പുതിയ ഘട്ടത്തിലെ, സാമ്രാജ്യത്വകത്തകഘട്ടത്തിലെ, മുതലാളിത്തവളർച്ചയുടെ പുതിയ ഉപാധികളെപ്പററി മാർക്സിന്നും എംഗൽസിന്നും ഊഹിക്കുവാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളുവെന്നു വ്യക്തമാണു് — ഈ പുതിയ ഘട്ടത്തിൽ, മുതലാളിത്തത്തിന്റെ തടസ്ഥമില്ലാത്ത വളർച്ചയുടെ സ്ഥാനത്തു്, തുടർച്ചയില്ലാത്ത, ഇടയ്ക്കിടയ്ക്കുള്ള വളർച്ച വന്നു; മുതലാളിത്തത്തിന്റെ വളർച്ചയിലെ അസമത്വവും പരസ്പരവൈരുദ്ധ്യങ്ങളും പ്രത്യേകിച്ചും പ്രത്യക്ഷമായിത്തീൎന്നു; അങ്ങേയററം അസമമായ ഈ വളർച്ചയുടെ പശ്ചാത്തലത്തിൽ, കമ്പോളങ്ങൾക്കും മുടക്കുമുതൽ കയററി അയയ്ക്കാനുള്ള പ്രദേശങ്ങൾക്കും വേണ്ടിയുള്ള മൽസരം ലോകത്തെയും സ്വാധീനവൃത്തങ്ങളെയും വീണ്ടും പങ്കുവയ്ക്കാൻ വേണ്ടി ഇടയ്ക്കിടക്കുണ്ടാകുന്ന സാമ്രാജ്യയുദ്ധങ്ങളെ അനിവാര്യമാക്കിത്തീർത്തു.

"മുടക്കുമുത"ലിൽ പ്രതിപാദിച്ച അടിസ്ഥാനപ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ, മുതലാളിത്തത്തിന്റെ അവസാനഘട്ടമെന്ന നിലക്കു സാമ്രാജ്യത്വത്തെപ്പററി യുക്തിയുക്തമായ ഒരു മാർക്സിസ്ററവിശകലനം നടത്തുകയും അതിന്റെ പുണ്ണുകളെ തുറന്നു കാണിക്കുകയും അതിന്റെ അനിവാര്യമായ അന്ത്യത്തിന്റെ ഉപാധികളെ വ്യക്തമാക്കുകയും ചെയ്തുവെന്നതാണു ലെനിന്റെ സേവനം, അങ്ങനെ അദ്ദേഹം നൽകിയ പുതിയ സംഭാവന. ഒററക്കൊററക്കെടുത്താൽ പ്രത്യേക മുതലാളിത്ത രാജ്യങ്ങളിൽ സോഷ്യലിസത്തിന്റെ വിജയം സാമ്രാജ്യത്വത്തിന്റെ സാഹച

ര്യങ്ങളിൽ സാദ്ധ്യമായിട്ടുണ്ടെന്ന ലെനിൻെറ സുപ്രസിദ്ധമായ തത്വം ഈ വിശകലനത്തിൽ നിന്നാണുണ്ടായിട്ടുള്ളതു്.

രണ്ടാമത്തു്: തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറ പ്രശ്നം.

തൊഴിലാളി വർഗ്ഗത്തിൻെറ രാഷ്ട്രീയ ഭരണമെന്ന നിലയ്ക്കും മുടക്കുമുതലിൻെറ ഭരണത്തെ ബലം പ്രയോഗിച്ചു അട്ടിമറിക്കാനുള്ള വഴിയെന്ന നിലയ്ക്കും തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിൻെറ ആശയത്തെ മാർക്സും ഏംഗൽസും മുന്നോട്ടു കൊണ്ടു വന്നിട്ടുണ്ടു്.

ഈ രംഗത്തിൽ ലെനിൻെറ പുതിയ സംഭാവന എന്താണെന്നു വെച്ചാൽ:

(എ) പാരീസു കമ്മ്യൂണിൻേറയും റഷ്യൻ വിപ്ലവത്തിൻേറയും അനുഭവങ്ങളെ ഈ ആവശ്യത്തിന്നായുപയോഗിച്ചുകൊണ്ടു് തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിൻെറ ഏററവും നല്ല ഭരണകൂട രൂപം സോവിയററു രൂപത്തിലുള്ള സക്കാരാണെന്നു കണ്ടുപിടിച്ചു;

(ബി) തൊഴിലാളിവർഗ്ഗത്തിൻെറ ബന്ധുക്കളുടെ പ്രശ്നത്തിൻെറ വീക്ഷണത്തിൽ നിന്നു നോക്കുമ്പോൾ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം ഉൾക്കൊള്ളുന്ന വർഗ്ഗക്കൂട്ടുകെട്ടാണെന്നു ലെനിൻ വിശകലനം ചെയ്തു. നേതാവെന്ന നിലയ്ക്കു തൊഴിലാളിവർഗ്ഗവും നയിക്കപ്പെടുന്നവരെന്ന നിലയ്ക്കു കൃഷിക്കാർ മുതലായ, തൊഴിലാളികളല്ലാത്ത മററു ചൂഷണം ചെയ്യപ്പെടുന്ന ബഹുജനങ്ങളും തമ്മിലുള്ള വർഗ്ഗസഖ്യത്തിൻെറ ഒരു സവിശേഷരൂപമാണു തൊഴിലാളിവർഗ്ഗസർവ്വാധിപത്യമെന്നു അദ്ദേഹം നിർവ്വചിക്കുകയും ചെയ്തു;

(സി) ചൂഷകന്മാരായ ന്യൂനപക്ഷത്തിൻെറ താല്പര്യങ്ങളെ പ്രകടിപ്പിക്കുന്ന മുതലാളി, ജനാധിപത്യത്തിനെതിരായി, ചൂഷിതരായ ഭൂരിപക്ഷത്തിൻെറ താല്പര്യങ്ങളെ പ്രകടിപ്പിക്കുന്ന

തൊഴിലാളി ജനാധിപത്യത്തിന്റെ രൂപമാണ്, വർഗ്ഗസമുദായത്തിലെ — ജനാധിപത്യത്തിന്റെ ഏററവും ഉയൎന്ന മാതൃകയാണ് തൊഴിലാളിവൎഗ്ഗസൎവ്വാധിപത്യമെന്ന വാസ്തവത്തെ ലെനിൻ പ്രത്യേകം ഊന്നിപ്പറഞ്ഞു

മൂന്നാമത്: മുതലാളിത്തരാഷ്ട്രങ്ങളാൽ ചുററപ്പെട്ട ഒരു രാജ്യത്തിൽ, മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കുള്ള പരിവൎത്തനത്തിന്റെ കാലഘട്ടത്തിൽ, തൊഴിലാളിവർഗ്ഗസൎവ്വാധിപത്യത്തിന്റെ കാലഘട്ടത്തിൽ, വിജയകരമായി സോഷ്യലിസം കെട്ടിപ്പടുക്കുന്നതിനുള്ള രൂപങ്ങളുടേയും വഴികളുടേയും പ്രശ്നം.

വിപ്ളവകരമായ ഏററുമുട്ടലുകളും ആഭ്യന്തര യുദ്ധങ്ങളും നിറഞ്ഞ, ഏറെക്കുറെ നീണ്ട ഒരു കാലഘട്ടമായിട്ടാണ് തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തെ മാർക്സും ഏംഗൽസും കണക്കാക്കിയതു്—ഈ കാലഘട്ടത്തിൽ ഭരണാധികാരത്തിലിരിക്കുന്ന തൊഴിലാളിവൎഗ്ഗം, പഴയ മുതലാളിത്തസമ്പ്രദായത്തിന്റെ സ്ഥാനത്തു്, ഒരു പുതിയ സോഷ്യലിസ്റ്റ് സമുദായം, വർഗ്ഗങ്ങളും ഭരണകൂടങ്ങളുമില്ലാത്ത ഒരു സമുദായം, സൃഷ്ടിക്കാനാവശ്യമായ സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവും സംഘടനാപരവുമായ നടപടികളെടുക്കുമെന്നും അവർ കാണുകയുണ്ടായി. മാർക്സിന്റേയും ഏംഗെൽസിന്റേയും ഈ മൗലികതത്വങ്ങളെ ലെനിൻ പരിപൂൎണ്ണമായും തികച്ചും അടിസ്ഥാനമാക്കിയെടുത്തു.

ഈ രംഗത്തിൽ ലെനിന്റെ പുതിയ സംഭാവനകൾ:

(ഏ) തൊഴിലാളിവർഗ്ഗ സൎവ്വാധിപത്യത്തോടുകൂടിയ ഒരു രാജ്യത്തിൽ, സാമ്രാജ്യത്വരാഷ്ട്രങ്ങളാൽ ചുററപ്പെട്ടതാണെങ്കിലും ആ മുതലാളിത്തരാജ്യങ്ങൾ പട്ടാളപരമായി കൈകടത്തി ഞെക്കിക്കൊന്നില്ലെങ്കിൽ, പരിപൂർണ്ണമായ ഒരു സോഷ്യലിസ്ററസമുദായം കെട്ടിപ്പടുക്കാൻ സാധിക്കുമെന്നു ലെനിൻ തെളിയിച്ചു.

(ബി) സാമ്പത്തികവ്യവസ്ഥയിലെ മൎമ്മപ്രധാനമായ സ്ഥാ

നങ്ങളെ നിയന്ത്രിക്കുന്ന (വ്യവസായം, ഭൂമി, ഗതാഗതം, ബാങ്കുകഠം മുതലായവ) തൊഴിലാളിവർഗ്ഗത്തിന്നു പൊതുസ്വത്താക്കപ്പെട്ട വ്യവസായത്തേയും കൃഷിയേയും കൂട്ടിയിണക്കാൻ ("വ്യവസായവും കൃഷിക്കാരുടെ കൃഷിയും തമ്മിലുള്ള കൂട്ടുകെട്ട്") കഴിയുന്നതും അങ്ങനെ, ദേശീയസാമ്പത്തികവ്യവസ്ഥയാകെ സോഷ്യലിസത്തിലേക്കു നയിക്കാൻ കഴിയുന്നതുമായ സാമ്പത്തികനയത്തിന്റെ ("പുതിയ സാമ്പത്തികനയം") വ്യക്തമായ രൂപങ്ങളെന്തായിരിക്കണമെന്നു ലെനിൻ വിവരിച്ചു.

(സി) ചെറിയ തോതിലുള്ള കൃഷിയെ രൂപാന്തരപ്പെടുത്താനും കർഷകബഹുജനങ്ങളെ സോഷ്യലിസത്തിന്റെ സ്പിരിററിൽ പുനർവിദ്യാഭ്യാസം ചെയ്യിക്കാനുമുള്ള കരുത്തേറിയ ഉപകരണമാണ് സഹകരണസംഘങ്ങഠം. അവയിലൂടെ കർഷകബഹുജനങ്ങളെ സോഷ്യലിസ്ററ്നിർമ്മാണത്തിന്റെ പാതയിലേയ്ക്കു് ക്രമേണ ആകർഷിക്കാനും നയിക്കാനുമുള്ള പ്രത്യേക മാർഗ്ഗങ്ങളെന്തെന്നു ലെനിൻ വിവരിച്ചു.

<u>നാലാമത്തു്:</u> വിപ്ലവത്തിൽ, എല്ലാ ജനകീയവിപ്ലവങ്ങളിലും, സാറിസത്തിനെതിരായ വിപ്ലവത്തിലും മുതലാളിത്തത്തിന്നെതിരായ വിപ്ലവത്തിലും, തൊഴിലാളിവർഗ്ഗനേതൃത്വത്തിന്റെ പ്രശ്നം.

തൊഴിലാളിവർഗനേതൃത്വമെന്ന ആശയത്തിന്റെ പ്രധാനവശങ്ങഠം മാർക്സും എംഗെൽസും പ്രതിപാദിച്ചിട്ടുണ്ടു്. തൊഴിലാളിവർഗനേതൃത്വത്തിന്റെ ഒന്നിച്ചു കൂട്ടിയിണക്കിയ ഒരു തത്വസമുച്ചയമായി, സാറിസത്തേയും മുതലാളിത്തത്തേയും അട്ടിമറിക്കുന്ന കാര്യത്തിൽ മാത്രമല്ല, തൊഴിലാളിവർഗസർവ്വാധിപത്യത്തിൻകീഴിൽ സോഷ്യലിസം കെട്ടിപ്പടുക്കുന്ന കാര്യത്തിൽക്കൂടി, പട്ടണത്തിലേയും നാട്ടിൻപുറത്തേയും പണിയെടുക്കുന്ന ബഹുജനങ്ങളെനയിക്കുകയെന്ന അർത്ഥത്തിലുള്ള തൊഴിലാളിവർഗനേതൃത്വത്തിന്റെ ഒരു ഏകോപിച്ച സിദ്ധാന്തമായി, മാർക്സും

ഏംഗെൽസും പ്രതിപാദിച്ച പ്രധാനസംഗതികളെ വളത്തുകയും വിപുലപ്പെടുത്തുകയും ചെയ്തതാണ ഈ രംഗത്തിൽ ലെനിൻെറ പുതിയ സംഭാവന.

ലെനിനും അദ്ദേഹത്തിൻെറ പാർട്ടിയും കാരണം, റഷ്യയിൽ തൊഴിലാളിവർഗ്ഗനേതൃത്വത്തിൻെറ ആശയം ഏററവും നിപുണമായ രീതിയിൽ പ്രയോഗിക്കപ്പെട്ടുവെന്നു നമുക്കറിയാം. ചുരുക്കത്തിൽപ്പറയട്ടെ; റഷ്യയിലെ വിപ്ലവം തൊഴിലാളിവർഗത്തെ അധികാരത്തിൽ കൊണ്ടുവരാനുള്ള കാരണം ഇതാണ്.

അതിനുമുമ്പു നടന്ന വിപ്ലവങ്ങളിൽ, തെരുവുകളിലെ പോരാട്ടമെല്ലാം നടത്തുന്നതു തൊഴിലാളിവർഗമാണ്; അവരാണ ചോര ചിന്തുക, പഴയ വ്യവസ്ഥയെ അട്ടിമറിയ്ക്കുക, പക്ഷെ, അധികാരം കിട്ടുന്നതു ബൂർഷ്വാസിക്കുമായിരിക്കും. ആ ബൂർഷ്വാസിയാകട്ടെ, പിന്നീടു തൊഴിലാളികളെ മർദ്ദിക്കുകയും ചൂഷണം ചെയ്യുകയും ചെയ്യും. ഇംഗ്ളണ്ടിലും ഫ്റാൻസിലും അതാണ നടന്നതു്. ജമ്മനിയിൽ അതാണ നടന്നതു്. പക്ഷെ, റഷ്യയിൽ സംഗതികാം മറെറാരു രൂപമെടുത്തു. റഷ്യയിൽ തൊഴിലാളികാം വിപ്ലവത്തിൻെറ മുന്നണിപ്പടയായി പ്രവത്തിക്കുക മാത്രമല്ല ചെയ്തുള്ളു. വിപ്ലവത്തിൻെറ മുന്നണിപ്പടയായി പ്രവത്തിക്കുന്നതോടൊപ്പംതന്നെ, റഷ്യയിലെ തൊഴിലാളിവർഗം പട്ടണത്തിലേയും നാട്ടിൻപുറത്തേയും പണിയെടുക്കുന്ന ബഹുജനങ്ങളെ തങ്ങളുടെ ചുററം അണിനിരത്തുകയും അവരെ ബൂഷ്വാസിയിൽ നിന്നു വേർതിരിക്കുകയും ബൂഷ്വാസിയെ രാഷ്ട്രീയമായൊററപ്പെടുത്തുകയും ചെയ്തിട്ടു് അവരുടെ രാഷ്ട്രീയനേതൃത്വത്തിന്നുവേണ്ടിയും പരിശ്രമിച്ചു. ചൂഷണം ചെയ്യപ്പെടുന്ന ബഹുജനങ്ങളുടെ നേതാവായതുകൊണ്ടു് റഷ്യൻതൊഴിലാളിവർഗം ഭരണാധികാരം സ്വന്തം കൈകളിലെടുക്കാനും ബൂഷ്വാസിക്കെതിരായി, മുതലാളിത്തത്തിന്നെതിരായി സ്വന്തം താല്പര്യങ്ങാംക്കുവേണ്ടി ആ അധികാരത്തെ ഉപയോഗപ്പെടുത്താനും പോരാടി. റഷ്യയിൽ ശക്തിമത്തായി വിപ്ലവം പൊട്ടിപ്പുറപ്പെട്ട ഓരോ സന്ദർഭത്തിലും

1905 ഒക്ടോബറിലായാലും 1917 ഫെബ്രവരിയിലായാലും—തൊഴിലാളിവർഗത്തെ അടിച്ചമർത്തുകയെന്ന ജോലിയോടു കൂടിയ പഴയ ഭരണസ്ഥാപനമായ ബൂർഷ്വാപാർളിമെൻറിന്നെതിരായി, ബൂർഷ്വാസിയെ അടിച്ചമർത്തുക എന്ന കടമ നിർവ്വഹിക്കാനുള്ള പുതിയ ഭരണകൂടയന്ത്രത്തിൻെറ അന്യരൂപമെന്ന നിലയ്ക്കു തൊഴിലാളിപ്രതിനിധികളുടെ സോവിയററുകൾ ഉയൎന്നുവന്നതിന്നു വാസ്തവത്തിൽ കാരണമിതാണ്.

രണ്ടുതവണ റഷ്യയിലെ ബൂർഷ്വാസി ബൂർഷ്വാപാർളിമെൻറിനെ പുനഃസ്ഥാപിക്കാനും സോവിയററുകളെ നശിപ്പിക്കാനും പരിശ്രമിക്കുകയുണ്ടായി. ബോൾഷെവിക്കുകാർ അധികാരം പിടിച്ചെടുക്കുന്നതിന്നുമുമ്പ് "പ്രി-പാർളിമെൻറി"ൻെറ സമയത്തു 1917 ആഗസ്റ്റിൽ, തൊഴിലാളിവർഗം അധികാരം പിടിച്ചെടുത്തതിന്നുശേഷം "ജനപ്രതിനിധിസഭ"യുടെ സമയത്തു 1918 ജനുവരിയിൽ ഈ രണ്ടു സന്ദർഭത്തിലും അവർ തോൽവിയടഞ്ഞു. എന്തുകൊണ്ട്? അപ്പോൾത്തന്നെ ബൂർഷ്വാസി രാഷ്ട്രീയമായി ഒററപ്പെട്ടിരുന്നതുകൊണ്ട് പത്തുലക്ഷക്കണക്കിലുള്ള പണിയെടുക്കുന്ന ബഹുജനങ്ങൾ തൊഴിലാളിവർഗത്തെ വിപ്ലവത്തിൻെറ ഏകനേതാവായി കണക്കാക്കിയിരുന്നതുകൊണ്ട്, തങ്ങളുടെ സ്വന്തം തൊഴിലാളിസർക്കാരെന്ന നിലയ്ക്കു ബഹുജനങ്ങൾ സോവിയററുകളെ പ്രയോഗിച്ചു പരീക്ഷിച്ചു തൃപ്തിപ്പെട്ടുകഴിഞ്ഞതുകൊണ്ട് — അതിന്നുപകരം ഒരു ബൂർഷ്വാപാർളിമെൻറു വീണ്ടും സ്ഥാപിക്കുകയെന്നതു തൊഴിലാളിവർഗത്തെ സംബന്ധിച്ചിടത്തോളം ആത്മഹത്യയാകുമായിരുന്നു. അതുകൊണ്ട് റഷ്യയിൽ ബൂർഷ്വാപാർളിമെൻററിസമ്പ്രദായം വേരൂന്നിയില്ലെന്നതിൽ അത്ഭുതമില്ല. അതുകൊണ്ടാണ് റഷ്യയിലെ വിപ്ലവം തൊഴിലാളികളുടെ ഭരണത്തിലേയ്ക്കു നയിച്ചതു്.

വിപ്ലവത്തിൽ തൊഴിലാളിവർഗനേതൃത്വമെന്ന ലെനിൻെറ സിദ്ധാന്തത്തെ പ്രയോഗിച്ചതിൻെറ ഫലങ്ങൾ ഇത്തരത്തിലായിരുന്നു.

അഞ്ചാമതു്: ദേശീയകൊളോണിയൽ പ്രശ്നം.

ഐർലണ്ടിലും, ഇന്ത്യയിലും, ചൈനയിലും, മദ്ധ്യയൂറോപ്യൻരാജ്യങ്ങളിലും, പോളണ്ടിലും, ഹംഗറിയിലും നടന്ന സമകാലീനസംഭവങ്ങളെ വിശകലനം ചെയ്തിട്ടു മാർക്സും എംഗെൽസും ദേശീയ-കൊളോണിയൽ പ്രശ്നത്തെപ്പററി മൗലികവും പ്രാഥമികവുമായ ആശയങ്ങൾ രൂപികരിച്ചിരുന്നു. ലെനിൻ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ആസ്പദമാക്കിയെടുത്തതു ഈ ആശയങ്ങളെയാണു്.

ഈ രംഗത്തിൽ ലെനിന്റെ പുതിയ സംഭാവന താഴെപ്പറയുന്നവയായിരുന്നു.

(എ) സാമ്രാജ്യത്വത്തിന്റെ കാലഘട്ടത്തിൽ നടക്കുന്ന ദേശീയ-കൊളോണിയൽ വിപ്ലവങ്ങളെ സംബന്ധിച്ച ഒന്നിച്ചിണക്കിച്ചേർത്ത ഒരു തത്വസമുച്ചയമായി ലെനിൻ ഈ ആശയങ്ങളെ കൂട്ടിയിണക്കി;

(ബി) സാമ്രാജ്യത്വത്തെ അട്ടിമറിക്കുന്നതിനോടു ലെനിൻ ദേശീയകൊളോണിയൽപ്രശ്നത്തെ ബന്ധപ്പെടുത്തി;

(സി) സാർവ്വദേശീയതൊഴിലാളിവിപ്ലവമെന്ന പൊതുപ്രശ്നത്തിന്റെ ഒരു അഭേദ്യഭാഗമാണു ദേശീയകൊളോണിയൽ പ്രശ്നമെന്നു ലെനിൻ പ്രഖ്യാപിച്ചു.

അവസാനമായി: തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിയുടെ പ്രശ്നം.

തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയാണു പാർട്ടിയെന്ന ആശയത്തിന്റെ, അധികാരം പിടിച്ചെടുക്കുകയെന്ന അർത്ഥത്തിലാകട്ടെ മുതലാളിത്തസമുദായത്തെ പുനർനിർമ്മാണം ചെയ്യുകയെന്ന അർത്ഥത്തിലാകട്ടെ തൊഴിലാളിവർഗ്ഗത്തിനു സ്വന്തം മോചനം നേടണമെങ്കിൽ പാർട്ടിയെക്കൂടാതെ സാദ്ധ്യമല്ലെന്ന ആശയത്തിന്റെ, പ്രധാനവശങ്ങൾ മാർക്സും എംഗെൽസും ചൂണ്ടിക്കാണിച്ചിരുന്നു.

ഈ രംഗത്തിൽ ലെനിൻെറ സംഭാവന, അദ്ദേഹം ഈ വശങ്ങളെ കൂടുതൽ വളൎത്തുകയും സാമ്രാജ്യത്വകാലഘട്ടത്തിലെ തൊഴിലാളിവർഗസമരങ്ങളുടെ പുതിയ സാഹചര്യങ്ങളിൽ അവയെ പ്രയോഗിക്കുകയും താഴെപ്പറയുന്ന സംഗതികഠം സ്പഷ്ടമാക്കുകയും ചെയ്തുവെന്നതാണ്.

(എ) തൊഴിലാളിവർഗത്തിൻെറ മററു സംഘടനാരൂപങ്ങളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോഠം (ട്രേഡ്യൂണിയനുകഠം, സഹകരണസംഘങ്ങഠം, ഭരണകൂടം) തൊഴിലാളിവർഗത്തിൻെറ വർഗസംഘടനയുടെ ഏററവും ഉയൎന്നരൂപമാണു പാർട്ടി—മററെല്ലാ സംഘടനകളുടേയും പ്രവൎത്തനത്തിനു പൊതുരൂപം കൊടുക്കുകയും വഴികാണിക്കുകയും ചെയ്യേണ്ടതു പാർട്ടിയാണ്;

(ബി) പാർട്ടിവഴിക്കു മാത്രമെ തൊഴിലാളിവർഗസർവ്വാധിപത്യം സാധിക്കുകയുള്ളു. ആ സർവ്വാധിപത്യത്തിൻെറ നിയാമകശക്തി പാർട്ടിയാണ്;

(സി) ഒറ്റപ്പാർട്ടി, കമ്മ്യൂണിസ്ററുപാർട്ടി, നയിച്ചെങ്കിൽ മാത്രമെ തൊഴിലാളിവർഗസർവ്വാധിപത്യം പൂൎത്തിയാവുകയുള്ളു. മററൊരു പാർട്ടിയായും കമ്മ്യൂണിസ്റ്റ്പാർട്ടിനേതൃത്വത്തെ പങ്കിടാൻ പാടുള്ളതല്ല.

(ഡി) പാർട്ടിയിൽ ഉരുക്കുപോലത്തെ അച്ചടക്കമില്ലാതെ; ചൂഷകന്മാരെ അടിച്ചമൎത്തുകയും വർഗസമുദായത്തെ സോഷ്യലിസ്ററുസമുദായമായി മാററുകയും ചെയ്യുകയെന്ന തൊഴിലാളിവർഗസർവ്വാധിപത്യത്തിൻെറ കടമ നിറവേററാൻ സാദ്ധ്യമല്ല.

സാമ്രാജ്യത്വത്തിൻെറ കാലഘട്ടത്തിലെ തൊഴിലാളിവർഗസമരങ്ങളുടെ പുതിയ പരിത:സ്ഥിതികഠംക്കു പ്രായോഗികമായ രീതിയിൽ മാർക്സിസത്തിൻെറ സിദ്ധാന്തങ്ങഠംക്കു കൂടുതൽ വ്യക്തമായ രൂപം കൊടുക്കുകയും അവയെ വളൎത്തുകയും ചെയ്തുകൊണ്ട്, ലെനിൻ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിൽ നൽകിയ പുതിയ സംഭാവന, പ്രധാനമായും ഇതാണ്.

അതുകൊണ്ടു്, നാം സാമ്രാജ്യത്വത്തിൻേറയും തൊഴിലാളി വിപ്ലവങ്ങളുടേയും കാലഘട്ടത്തിലെ മാർക്സിസമാണ് ലെനിനിസമെന്നു പറയുന്നു്.

ലെനിനിസത്തെ മാർക്സിസത്തിൽനിന്നു വേർതിരിക്കാൻ സാദ്ധ്യമല്ലെന്നു, അതിലും കുറച്ചു മാത്രമെ മാർക്സിസത്തിന്നെതിരായി ലെനിനിസത്തെ കാണിക്കുന്നതിലർത്ഥമുള്ളുവെന്നു, ഇതിൽനിന്നു വ്യക്തമാണല്ലോ.

പ്രതിനിധിസംഘം സമർപ്പിച്ച ചോദ്യം തുടന്നു ചോദിക്കുന്നു: "സാമ്പത്തികശക്തികളുടെ വളർച്ചയുടെ പരിണാമത്തിന്നായി, കാത്തിരിക്കുന്നതിലേയ്ക്കു മാർക്സ് കൂടുതൽ ചാഞ്ഞിരുന്ന സമയത്തു, ലെനിൻ 'നിർമ്മാണാത്മകമായ വിപ്ലവ'ത്തിൽ വിശ്വസിച്ചുവെന്നു പറയുന്നതു ശരിയായിരിക്കുമോ?

അങ്ങനെ പറയുന്നതു തീരെ തെററായിരിക്കുമെന്നു ഞാൻ കരുതുന്നു. എല്ലാ ജനകീയവിപ്ലവങ്ങളും, അവ യഥാർത്ഥത്തിൽ ജനകീയവിപ്ലവങ്ങളാണെങ്കിൽ, നിർമ്മാണാത്മകങ്ങളായ വിപ്ലവങ്ങളാണ്;—കാരണം അവ പഴയ വ്യവസ്ഥയെ തകർക്കുകയും പുതിയ ഒന്നിനെ നിർമ്മിക്കുകയും ചെയ്യുന്നു—എന്നുഞാൻ കരുതുന്നു.

തീർച്ചയായും ഒരു ഗോത്രക്കാർ, മറെറാരു ഗോത്രക്കാർക്കെതിരായി ചില പിന്നോക്കരാജ്യങ്ങളിലുണ്ടാകുന്നപോലെ, നടത്തുന്ന വെറുംകോമാളി "ലഹള"കളെപ്പോലെയുള്ള "വിപ്ലവ"ങ്ങളിൽ–അവയെ അങ്ങനെ വിളിക്കാമെങ്കിൽ–നിർമ്മാണാത്മകമായി യാതൊന്നുംതന്നെയില്ല. പക്ഷെ, മാർക്സിസ്ററുകാർ അത്തരം കോമാളി "ലഹള"കളെ വിപ്ലവങ്ങളായി കണക്കാക്കുന്നില്ല. മർദ്ദകവർഗ്ഗങ്ങൾക്കെതിരായിമർദ്ദിതവർഗ്ഗങ്ങൾ ഉയിർത്തെഴുനേൽക്കുന്ന ബഹുജനവിപ്ലവങ്ങളെപ്പററിയാണു്, ഇത്തരം ലഹളകളെപ്പററിയല്ല നാം പറയുന്നതെന്നു സ്വയം വ്യക്തമല്ലേ? ഇത്തരം ഏതു

വിപ്ലവവും നിർമ്മാണാത്മകമാവാതിരിക്കാൻ വയ്യ. വ്യക്തമായും ഇത്തരം വിപ്ലവങ്ങൾക്കവേണ്ടിയാണ്, ഇത്തരം വിപ്ലവങ്ങൾക്ക വേണ്ടി മാത്രമാണ്, മാർക്സ്സും ലെനിനും നിലകൊണ്ടത്. എല്ലാ പരിത:സ്ഥിതികളിലും ഇങ്ങനെയൊരു വിപ്ലവമുണ്ടാവാൻ നിവൃത്തിയില്ല. ഖണ്ഡിതമായ ചില അനുകൂലസാമ്പത്തികരാഷ്ട്രീയ സാഹചര്യങ്ങളിൽ മാത്രമെ അതു പൊട്ടിപ്പുറപ്പെടുകയുള്ളു എന്നു പറയേണ്ടതായിട്ടില്ലല്ലോ.

പ്രാവ്ദാ, നമ്പർ 210
1925 സെപ്റ്റമ്പർ 15.

# ജർമ്മൻലേഖകനായ എമിൻ ല്യഡ്വിഗ്ഗുമായി നടത്തിയ അഭിമുഖസംഭാഷണം

## (1931 ഡിസംബർ 13—ഭാഗങ്ങഠം)

ല്യഡ്വിഗ്ഗ: എന്നെ സ്വീകരിച്ചു സംസാരിക്കാൻ അവസരം കണ്ടതിന്നു ഞാൻ അങ്ങയോടു വളരെ കടപ്പെട്ടിരിക്കുന്നു. ഇരുപതിലധികം വർഷങ്ങളായി ഞാൻ മുൻപന്തിയിൽ നില്ക്കുന്ന ചരിത്രപുരുഷന്മാരുടെ ജീവിതങ്ങളേയും പ്രവർത്തനങ്ങളേയും പഠിച്ചുകൊണ്ടിരിക്കുകയാണ്. ആളുകളുടെ കാര്യത്തിൽ ഞാനൊരു നല്ല വിധികർത്താവാണെന്നു ഞാൻ കരുതുന്നു. എന്നാൽ, നേരെ മറിച്ച് സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതിഗതികളെ എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല.

സ്റ്റാലിൻ: നിങ്ങഠം വിനീതനാവാൻ ശ്രമിക്കുകയാണ്.

ല്യഡ്വിഗ്ഗ: അല്ല, വാസ്തവത്തിലങ്ങിനെയാണ്. അതുകൊണ്ട് ഞാൻ ചോദിക്കുന്ന ചോദ്യങ്ങഠം അങ്ങേയ്ക്കു് അസാധാരണമായി തോന്നിയേക്കാം. ഇവിടെ ക്രെംലിനിൽ ഞാൻ മഹാനായ പീററർ ചക്രവർത്തിയുടെ പലേ അവശിഷ്ടങ്ങളും കണ്ടു. ഞാൻ അങ്ങയോടു ചോദിക്കാനാഗ്രഹിക്കുന്ന ആദ്യത്തെ ചോദ്യമിതാണ്: അങ്ങയും മഹാനായ പീററർചക്രവർത്തിയും തമ്മിൽ ഒരു സമാന്തരസാദൃശ്യം കാണാൻ കഴിയുമെന്നു അങ്ങു വിചാരിക്കുന്നുണ്ടോ? മഹാനായ പീററർ ചക്രവർത്തിയാരംഭിച്ച ജോലി തുടർന്നുപോകുന്ന ആളായി അങ്ങ് സ്വയം കണക്കാക്കുന്നുണ്ടോ?

സ്റ്റാലിൻ: ഒരുതരത്തിലും ഇല്ല. ചരിത്രത്തിൽ സമാന്തരസാദൃശ്യങ്ങഠം കാണാൻ നോക്കുന്നതു എല്ലായ്പ്പോഴും അപകടമാണ്. ഇപ്പറഞ്ഞതാകട്ടെ അസംബന്ധവും.

ലുഡ്വിഗ്: പക്ഷെ മഹാനായ പീററർചക്രവത്തി സ്വന്തം രാജ്യത്തെ അഭിവൃദ്ധിപ്പെടുത്താൻ, പാശ്ചാത്യനാഗരികത റഷ്യയിൽനട്ടുവളത്താൻ വളരെയധികം പ്രവത്തിച്ചആളാണല്ലോ.

സ്റ്റാലിൻ: തീർച്ചയായും അതേ. ഭൂവുടമവർഗ്ഗത്തെ ഉന്നതനിലയിലേയ്ക്കു കൊണ്ടുവരാനും ഉയന്നുവരുന്ന വ്യാപാരിവർഗ്ഗത്തെ വളത്താനും മഹാനായ പീററർ ചക്രവത്തി വളരെയേറെ പ്രവത്തിക്കുകയുണ്ടായി. ഭൂവുടമകളുടേയും വ്യാപാരികളുടേയും ദേശീയരാഷ്ട്രം സൃഷ്ടിക്കാനും ശക്തിപ്പെടുത്താനും പീററർ വളരെ കാര്യങ്ങറം ചെയ്തു. പക്ഷെ, ഭൂവുടമവർഗ്ഗത്തെ ഉന്നതനിലയിലേയ്ക്കു കൊണ്ടുവന്നതും ഉയന്നുവരുന്ന വ്യാപാരിവർഗ്ഗത്തിന്നു പ്രോത്സാഹനം നൽകിയതും ഈ വർഗ്ഗങ്ങളുടെ ദേശീയരാഷ്ട്രം ശക്തിപ്പെടുത്തിയതും എല്ലാം അടിയാളരായ കൃഷിക്കാരുടെ ചെലവിന്മേലാണെന്നും അവരുടെ ചോരയൂററിക്കുടിച്ചിട്ടാണെന്നും കൂടി പറയേണ്ടതായിട്ടുണ്ട്.

എന്നെ സംബന്ധിച്ചിടത്തോളമാണെങ്കിൽ, ഞാൻ ലെനിന്റെ ഒരു ശിഷ്യൻമാത്രമാണ്; അദ്ദേഹത്തിന്റെ അർഹതപ്പെട്ട ശിഷ്യനായിത്തീരുകയെന്നതാണ് എന്റെ ജീവിതലക്ഷ്യം. ഞാൻ എന്റെ ജീവിതമാകെ ഉഴിഞ്ഞുവെച്ചിട്ടുള്ള കടമ തീരെ വ്യത്യസ്തമായ മറെറാരു വർഗ്ഗത്തെ-അതായതു തൊഴിലാളിവർഗ്ഗത്തെ-ഉന്നതനിലയിലേയ്ക്കു കൊണ്ടുവരികയെന്നതാണ്. ആ കടമ ഏതെങ്കിലും തരത്തിലുള്ള "ദേശീയ" രാഷ്ട്രത്തെ ശക്തിപ്പെടുത്തലല്ല; നേരേമറിച്ച് ഒരു സോഷ്യലിസ്റ്റ്രാഷ്ട്രത്തെ ശക്തിപ്പെടുത്തലാണ്—അതായത്, ഒരു സാർവ്വദേശീയരാഷ്ട്രത്തെ; ആ രാഷ്ട്രത്തെ ശക്തിപ്പെടുത്താൻ ഉതകുന്ന എല്ലാംതന്നെ സാർവ്വദേശീയതൊഴിലാളിവർഗ്ഗത്തെയാകെ ശക്തിപ്പെടുത്താൻ സഹായിക്കുന്നു. തൊഴിലാളിവർഗ്ഗത്തെ ഉന്നതനിലയിലേയ്ക്കു കൊണ്ടുവരാനും ആ വർഗത്തിന്റെ സോഷ്യലിസ്റ്റ്രാഷ്ട്രത്തെ ശക്തിപ്പെടുത്താനുമുള്ള എന്റെ പ്രയത്നങ്ങളിലെ ഓരോ കാൽവെപ്പും തൊഴിലാളിവർഗത്തിന്റെ നിലയെ ശക്തിപ്പെടുത്തുകയും നന്നാക്കു

കയും ചെയ്യുന്ന മാർഗത്തിലൂടെയല്ലെങ്കിൽ, ഞാൻ എൻെറ ജീവിതം പ്രയോജനശൂന്യമായി കണക്കാക്കും.

അപ്പോഠം നിങ്ങളുടെ സമാന്തരസാദൃശ്യം സന്ദർഭത്തിന്നു യോജിച്ചതല്ലെന്നു നിങ്ങഠംതന്നെ കാണുന്നില്ലേ?

ലെനിനേയും മഹാനായ പീററർ ചക്രവത്തിയേയും സംബന്ധിച്ചിടത്തോളമാണെങ്കിൽ, രണ്ടാമതു പറഞ്ഞ ആഠം കടലിലെ ഒരുതുള്ളി വെള്ളമായിരുന്നു—ലെനിനാകട്ടെ ഒരു മഹാസമുദ്രമാകെയും.

ലുഡ്വിഗ്: വ്യക്തികഠം ചരിത്രത്തിൽ എന്തെങ്കിലും എടുത്തുപറയത്തക്ക പങ്കു വഹിക്കുന്നുവെന്നതിനെ മാർക്സിസം നിഷേധിക്കുന്നുണ്ടല്ലോ. അങ്ങാകട്ടെ ചരിത്രപുരുഷന്മാർ എടുത്തുപറയത്തക്ക പങ്കു വഹിക്കുന്നുണ്ടെന്നു ഏതായാലും അംഗീകരിക്കുന്നുവെന്ന വസ്തുതയും ചരിത്രത്തിൻെറ ഭൌതികവ്യാഖ്യാനവും തമ്മിൽ ഒരു വൈരുദ്ധ്യം അങ്ങു കാണുന്നില്ലേ?

സ്റ്റാലിൻ: ഇല്ല, ഇവിടെ യാതൊരു വൈരുദ്ധ്യവും ഇല്ല. മററുള്ളവരിൽനിന്നുയന്നുനില്ക്കുന്ന വ്യക്തികഠം വഹിക്കുന്ന പങ്കിനെ മാർക്സിസം ഒരു തരത്തിലും നിഷേധിക്കുന്നില്ല; മനുഷ്യരാണു ചരിത്രം നിമ്മിക്കുന്നതെന്ന വസ്തുതയേയും മാർക്സിസം നിഷേധിക്കുന്നില്ല. മാർക്സ് എഴുതിയ "തത്വശാസ്ത്രത്തിൻെറ ദാരിദ്ര്യ"ത്തിലും മററു കൃതികളിലും മനുഷ്യരാണു ചരിത്രം നിമ്മിക്കുന്നതെന്നു പ്രസ്താവിച്ചിട്ടുള്ളതായി കാണാം. പക്ഷെ തീർച്ചയായും സ്വന്തം ഭാവനയുടെ പ്രേരണകഠക്കനുസരിച്ചോ തലയിൽ കടന്നുകൂടുന്ന എന്തെങ്കിലുമനുസരിച്ചോ അല്ല മനുഷ്യർ ചരിത്രം നിമ്മിക്കുന്നതു്. ഓരോ പുതിയ തലമുറയ്ക്കും നേരിടേണ്ടിവരുന്നതു ആ തലമുറ ജനിക്കുമ്പോഠംതന്നെ 'റെഡിമെയിഡ്' ആയി നിലനിൽക്കുന്ന ചില വ്യക്തമായ സാഹചയ്യങ്ങളെയാണു്. മഹാന്മാരായ വ്യക്തികഠക്കു എന്തെങ്കിലും വിലയുണ്ടെങ്കിൽ, ഈ സാഹചയ്യങ്ങളെ അവർ തെററുകൂടാതെ മനസ്സിലാക്കുകയും അവയെ മാ

റേറണ്ടതെങ്ങനെയെന്നു അറിയുകയും ചെയ്യുന്നതെത്രത്തോളമു ണ്ടോ അത്രത്തോളം മാത്രമാണ്. ഈ സാഹചര്യങ്ങളെ അവക്ക മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിൽ അവരുടെ ഭാവനയുടെ പ്രേ രണകാംക്കനുസരിച്ച് അവയെ മാററി അവർ പുറപ്പെട്ടകയാണെ ങ്കിൽ, അവർ സ്വയം 'ഡോൺക്വിക്സോട്ടി'നെപ്പോലെയാകുന്നതു കാണാം. അപ്പോാം ഖണ്ഡിതമായും മാർക്സിൻെറ അഭിപ്രായത്തിൽ മനുഷ്യരെ സാഹചര്യങ്ങാംക്കെതിരായി കണക്കാക്കുന്നതു തെ റാറാണ്. മനുഷ്യരാണു ചരിത്രം സൃഷ്ടിക്കുന്നതു്; പക്ഷേ, 'റെ ഡിമെയിഡാ'യി അവർ കാണുന്ന സാഹചര്യങ്ങളെ എത്രത്തോ ളം അവക്ക ശരിയായി മനസ്സിലായിട്ടുണ്ട്, ആ സാഹചര്യങ്ങ ളെ മാററേണ്ടതെങ്ങിനെയെന്നു അവർ എത്രത്തോളം അറിയുന്നു ണ്ട്, അത്രത്തോളമേ അവർ ചരിത്രം സൃഷ്ടിക്കുന്നുള്ളു. എങ്ങിനെ യായാലും അത്തരത്തിലാണു റഷ്യൻബോാംഷെവിക്കകാരായ ഞ ങ്ങാം മാർക്സിനെ മനസ്സിലാക്കുന്നതു്. ഞങ്ങാം ഒരു ദശാബ്ദ ത്തിലധികമായി മാർക്സിനെ പഠിക്കുന്നവരാണുതാനും.

ലൂഡ്വിഗ്: ഏകദേശം മുപ്പതുകൊല്ലം മുമ്പ് ഞാൻ സർവ്വ കലാശാലയിൽ പഠിക്കുന്ന കാലത്തു, ചരിത്രത്തിൻെറ ഭൌതിക വ്യാഖ്യാനത്തെ അനുകൂലിക്കുന്നവരായി സ്വയം കണക്കാക്കിയ പലേ ജമ്മൻപ്രഫസർമാരും, വീരപുരുഷന്മാർ വഹിക്കുന്ന പ ങ്കിനെ, ചരിത്രത്തിൽ ധീരോദാത്തരായ വ്യക്തികാം വഹിക്കുന്ന പങ്കിനെ, മാർക്സിസം നിഷേധിക്കുന്നുവെന്നു ഞങ്ങളെ പഠിപ്പി ച്ചിരുന്നു.

സ്റ്റാലിൻ: അവർ മാർക്സിസത്തെ വൈകൃതപ്പെടുത്തിയ വരായിരുന്നു. മാർക്സിസം വീരപുരുഷന്മാരുടെ പങ്കിനെ ഒരിക്ക ലും നിഷേധിച്ചിട്ടില്ല. നേരേമറിച്ച്, ഞാൻ മേൽ വിവരിച്ച ഉപാധികാംക്ക കീഴിൽ വീരപുരുഷന്മാർ ഒരു പ്രധാനമായ പങ്കു വഹിക്കുന്നുണ്ടെന്നു അതു അംഗീകരിക്കുന്നുണ്ട്.

ലൂഡ്വിഗ്: ലെനിൻ ഒരു വിപ്രവാസിയായി വളരെ കൊ ല്ലങ്ങാം പുറംനാട്ടകളിലാണല്ലോ കഴിച്ചുകൂട്ടിയതു്. അങ്ങാണെ

ങ്കിൽ വളരെ കുറച്ചു കാലത്തേയ്ക്കു പുറമേയ്ക്കു പോയിട്ടുള്ളു. അങ്ങേയ്ക്കു ഒരു പോരായ്മയായി അങ്ങു് ഇതിനെ കണക്കാക്കുന്നുണ്ടോ? അങ്ങയുടെ അഭിപ്രായത്തിൽ ആരാണു വിപ്ലവത്തിനു കൂടുതൽ നന്മ കൈവരുത്തിയിട്ടുള്ളതു്?-ജനങ്ങളുമായി നേരിട്ടുള്ള ബന്ധം നഷ്ടപ്പെടാനിടയായെങ്കിലും യൂറോപ്പിനെ അടുത്തുപഠിക്കാനവസരം കിട്ടിയ, പുറംനാട്ടുകളിൽ താമസിക്കേണ്ടിവന്നവരോ; അതോ യൂറോപ്പിനെപ്പററി വളരെ കുറച്ചുമാത്രമേ അറിഞ്ഞുള്ളുവെങ്കിലും ഇവിടെത്തന്നെ തുടർന്നുപ്രവർത്തിക്കാൻ സാധിച്ചതുകൊണ്ടു് ജനങ്ങളുടെ മനോഭാവങ്ങൾ മനസ്സിലാക്കിപ്പോന്ന വിപ്ലവകാരികളോ?

സ്റ്റാലിൻ: ഈ താരതമ്യത്തിൽനിന്നു ലെനിനെ ഒഴിച്ചുനിർത്തണം. റഷ്യയിൽത്തന്നെ താമസിച്ചു് പ്രവർത്തിച്ച ആളുകൾക്കിടയിൽപ്പോലും, വളരെക്കാലം പുറംനാട്ടുകളിൽ കഴിക്കേണ്ടിവന്ന ഒരാളാണെന്നിരിക്കിലും ലെനിനെപ്പോലെ റഷ്യൻകാര്യങ്ങളായും തൊഴിലാളിപ്രസ്ഥാനമായും അത്രയും അടുത്ത ബന്ധപ്പെട്ടവർ അപൂർവ്വമായിരുന്നു. ഞാൻ ലെനിനെ പുറംനാട്ടുകളിൽ പോയി സന്ദർശിച്ചപ്പോഴെല്ലാം—1906-ലും 1907-ലും 1912-ലും 1913-ലും റഷ്യയിലെ ഉശിരൻപ്രവർത്തകരിൽ നിന്നു കിട്ടിയ എഴുത്തുകളുടെ കൂമ്പാരങ്ങൾ ഞാൻ കാണുകയുണ്ടായി. റഷ്യയിൽത്തന്നെ നിന്നു പ്രവർത്തിച്ചിരുന്നവരേക്കാൾ കൂടുതൽ കാര്യങ്ങൾ ലെനിന്നു എല്ലായ്പ്പോഴുംഅറിയാമായിരുന്നു. തന്റെ വിപ്രവാസം തനിക്കുള്ള ഒരു ഭാരമായിട്ടാണു അദ്ദേഹം എല്ലായ്പൊഴും കണക്കാക്കിയതു്.

തീർച്ചയായും ഞങ്ങളുടെ പാർട്ടിയിലും അതിന്റെ നേതൃസ്ഥാപനങ്ങളിലുമുള്ള സഖാക്കളുടെ കൂട്ടത്തിൽ ഒരിക്കലും പുറത്തേക്കു പോകാത്ത ആളുകൾ മുമ്പു് പുറംനാട്ടുകളിൽ പോയി താമസിച്ചവരേക്കാൾ എത്രയോ കൂടുതലാണു്. തീർച്ചയായും അവർക്കു പുറമേ പോയി താമസിക്കേണ്ടിവന്നവരേക്കാൾ കൂടുതൽ

നന്മ വിപ്ലവത്തിന്നു നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടു്. പണ്ടു പുറംനാട്ടുകളിൽ പോയി പാൎത്തിരുന്നവരുടെ കൂട്ടത്തിൽ നിന്നു ഇന്നു പാർട്ടിയിൽ ശേഷിപ്പുള്ളവർ യഥാൎത്ഥത്തിൽ വളരെ കുറവാണു്. പാർട്ടിയിലിന്നുള്ള 20 ലക്ഷം മെമ്പർമാരുടെ കൂട്ടത്തിൽ നൂറോ ഇരുനൂറോ പേരെ കണ്ടേയ്ക്കാം. പാർട്ടിയുടെ കേന്ദ്രക്കമ്മിററിയിലെ 70 മെമ്പർമാരിൽ മൂന്നോ നാലോ ആളുകളിൽ കൂടുതൽ പുറംനാട്ടുകളിൽ പോയി പാൎക്കേണ്ടിവന്നവരല്ല.

യൂറോപ്പിനെപ്പററിയുള്ള പരിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം, അന്നു യൂറോപ്പിലെ കാൎയ്യങ്ങൾ പഠിക്കാൻ തീർച്ചയായും, അതിന്നാഗ്രഹിച്ച ആളുകൾക്കു യൂറോപ്പിൽ പോയി താമസിക്കുന്ന കാലത്തു കൂടുതൽ നല്ല സൌകൎയ്യമുണ്ടായിരുന്നു. ആ അൎത്ഥത്തിൽ, പുറത്തുപോയി വളരെക്കാലം താമസിക്കാത്ത ഞങ്ങളുടെയിടയിലുള്ള ആളുകൾക്കു ചെറിയൊരു നഷ്ടമുണ്ടു്. എന്നാൽ യൂറോപ്പിലെ സാമ്പത്തികശാസ്ത്രവും, സാങ്കേതികവൈരുദ്ധ്യശാസ്ത്രവും തൊഴിലാളിപ്രസ്ഥാനത്തിലെ പ്രമുഖനേതാക്കളേയുംനോവൽ, ശാസ്ത്രീയഗ്രന്ഥങ്ങൾ തുടങ്ങിയ എല്ലാത്തരം സാഹിത്യത്തേയും പഠിക്കാൻ പുറത്തു പോയി താമസിക്കുന്നതു ഒരു തരത്തിലും നിൎണ്ണായകപ്രാധാന്യത്തോടുകൂടിയ ഒന്നല്ല. മററു സാഹചൎയ്യങ്ങൾ ഒരുപോലെയാണെങ്കിൽ, യൂറോപ്പിൽ താമസിക്കുമ്പോൾ തീർച്ചയായും യൂറോപ്പിനെപ്പററി പഠിക്കാൻ കൂടുതൽ എളുപ്പമാണു്. നേരെമറിച്ചു് "ചാർലട്ടൻബർഗിലോ" "ലാററിൻക്വാർട്ടറിലോ" എവിടെയെങ്കിലും ഒരിടത്തു ഇരുപതു കൊല്ലക്കാലം താമസിക്കുകയും എത്രയോ കൊല്ലങ്ങൾ കടകളിൽ ബീയറും കുടിച്ചു കഴിച്ചുകൂട്ടുകയും എന്നിട്ടും യൂറോപ്പിനെ പഠിക്കാനോ ആ വൻകരയെ മനസ്സിലാക്കാനോ സാധിക്കാതെ പോവുകയും ചെയ്ത എത്രയോ സഖാക്കളെ എനിക്കു് അറിയാം.

"ബോൾഷേവിക്കു്" നമ്പർ 8,

1930 ഏപ്രിൽ 30.

# മോസ്ക്കോവിലെ സ്റ്റാലിൻ നിയോജക മണ്ഡലത്തിലെ വോട്ടറന്മാരുടെ ഒരു യോഗത്തിൽ ചെയ്ത പ്രസംഗം

(1837 ഡിസംബർ 11,–ബോക്കേഷോയ് തിയേററർ)

അദ്ധ്യക്ഷൻ: സ്ഥാനാർത്ഥിയായ സഖാവു സ്റ്റാലിനെ ഞാൻ പ്രസംഗിക്കാൻ ക്ഷണിക്കുന്നു.

സ്റ്റാലിൻ: സഖാക്കളെ, സത്യം പറഞ്ഞാൽ ഞാൻ ഒരു പ്രസംഗം ചെയ്യാനുദ്ദേശിച്ചിരുന്നില്ല. എന്നാൽ നമ്മുടെ ബഹുമാന്യനായ നികിററാസെർജിയേവിച്ച് ബലം പ്രയോഗിച്ചെന്നുതന്നെ പറയാം എന്നെ ഈ യോഗത്തിലേയ്ക്കു വലിച്ചുകൊണ്ടുവന്നു. "നല്ലൊരു പ്രസംഗം ചെയ്യു", അദ്ദേഹം പറഞ്ഞു. ഞാൻ എന്തിനെപ്പററി സംസാരിക്കണം, എങ്ങിനെയുള്ള പ്രസംഗമാണു ചെയ്യേണ്ടതു്? തിരഞ്ഞെടുപ്പിന്നുമുമ്പു് പറയേണ്ടതെല്ലാംതന്നെ കാലിനിൻ, മൊളോട്ടോവു്, വൊറോഷിലോവ്, കഗനോവിച്ച് എന്നീ നമ്മുടെ നേതാക്കന്മാരായ സഖാക്കളും മററനേകം ഉത്തരവാദപ്പെട്ട സഖാക്കളും ഒന്നിലധികം തവണ പറഞ്ഞുകഴിഞ്ഞിരിക്കുന്നു—അവരുടെ പ്രസംഗങ്ങളിൽ. അതിൽക്കൂടുതലെന്തു പറയാനാണു്?

തിരഞ്ഞെടുപ്പുപ്രക്ഷോഭം സംബന്ധിച്ച ചില പ്രശ്നങ്ങളെപ്പററി വിശദീകരണമാണു ആവശ്യമെന്നു അവർ പറയുന്നു. എന്തു വിശദീകരണം, ഏതു പ്രശ്നങ്ങളെപ്പററി? ബോംഷെവിക്പാർട്ടി, യുവകമ്മ്യൂണിസ്റ്റുലീഗു്, ട്രേയിഡ്യൂണിയനുകളുടെ കേന്ദ്രകൌൺസിൽ, വിമാന–രസായനരാജ്യരക്ഷാസൊസൈററി, ശരീരാരോഗ്യക്കമ്മററി മുതലായവരുടെ വിജ്ഞാപന

ങ്ങളിൽ വിശദീകരിക്കേണ്ട കാര്യങ്ങളെല്ലാം ആവർത്തിച്ചു വിശദീകരിച്ചിട്ടുണ്ടു്. അതിൽക്കൂടുതലായെന്തു പറയാനുണ്ടു്?

തീർച്ചയായും എല്ലാററിനെപ്പററിയും ഒന്നിനെപ്പററിയല്ലാതെയും കഴമ്പില്ലാത്ത ഒരുതരം പ്രസംഗം ചെയ്യാം. ഒരുപക്ഷേ അങ്ങിനെയൊരു പ്രസംഗം സദസ്സിനെ രസിപ്പിച്ചേക്കാം. അങ്ങു മുതലാളിത്തരാജ്യങ്ങളിൽ മാത്രമല്ല, ഇവിടെ നമ്മുടെ സോവിയററുനാട്ടിലും അത്തരം പ്രസംഗങ്ങൾ ചെയ്യുന്നതിൽ അതിസമർത്ഥരായ ചില ആളുകളുണ്ടെന്നു പറയുന്നു. പക്ഷേ, ഒന്നാമതു ഞാൻ അത്തരം പ്രസംഗങ്ങൾ ചെയ്യുന്നതിൽ സമർത്ഥനല്ല. രണ്ടാമതു, ബോൾഷെവിക്കുകാരായ നമ്മളെല്ലാംതന്നെ "മൂക്കററം ജോലിയിൽ മുങ്ങിയിരിക്കുന്ന" ഈ അവസരത്തിൽ അത്തരം രസികത്തരങ്ങളിലേർപ്പെടുന്നതുകൊണ്ടെന്താണു പ്രയോജനം? ഒന്നുമില്ലെന്നു ഞാൻ കരുതുന്നു.

ഇത്തരം സാഹചര്യങ്ങളിൽ നല്ലൊരു പ്രസംഗം ചെയ്യാൻ സാദ്ധ്യമല്ലെന്നു സ്പഷ്ടമല്ലേ?

എങ്കിലും ഞാൻ പ്രസംഗവേദിയിൽ കയറിയ സ്ഥിതിക്കു എനിക്കു എന്തെങ്കിലും പറയാതിരിക്കാൻ നിവൃത്തിയില്ലല്ലോ.

ഒന്നാമതു, വോട്ടർമാർ എന്നോടു കാണിച്ച വിശ്വാസത്തിനു എനിക്കു അവരോടുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. എന്നെ ഒരു സ്ഥാനാർത്ഥിയായി നോമിനേററു് ചെയ്യുകയും സോവിയററു് തലസ്ഥാനത്തിലെ സ്റ്റാലിൻനിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പുകമ്മീഷൻ എന്റെ സ്ഥാനാർത്ഥിത്വം അംഗീകരിച്ചു് രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സഖാക്കളെ, ഇതു വലിയൊരു വിശ്വാസപ്രകടനമാണു്. ഞാൻ മെമ്പറായ ബോൾഷെവിക്കുപാർട്ടിയിലും ആ പാർട്ടിയുടെ പ്രതിനിധിയെന്ന നിലയ്ക്കു വ്യക്തിപരമായി എന്നിലും നിങ്ങൾ അർപ്പിച്ച ഈ വിശ്വാസത്തിനു നിങ്ങളോടു എനിക്കുള്ള അഗാധമായ ബോൾഷെവിക്കുനന്ദി നിങ്ങളെ അറിയിക്കാൻ അനുവദിക്കുക.

ഈ വിശ്വാസത്തിന്റെ അർത്ഥമെന്താണെന്നു എനിക്കു് അറിയാം. അതു എന്നിൽ സ്വാഭാവികമായും പുതുതും കൂടുതലുമായ കടമകളും അതിൽനിന്നുളവാകുന്ന പുതുതും കൂടുതലുമായ ഉത്തരവാദിത്വങ്ങളും അർപ്പിക്കുന്നുണ്ടു്. ഉത്തരവാദിത്വങ്ങളേറെറടുക്കാൻ കൂട്ടാക്കാതിരിക്കുന്നതു ബോൾഷെവിക്കുകാരായ നമ്മുടെയിടയിൽ പതിവില്ലല്ലോ. ഞാനവയെ സ്വമനസ്സാലെ ഏറെറടുക്കുന്നു.

എന്നെ സംബന്ധിച്ചിടത്തോളം, സഖാക്കളെ, നിങ്ങൾക്കു സഖാവു് സ്റ്റാലിനെ പൂർണ്ണമായും വിശ്വസിക്കാമെന്നു ഉറപ്പു തരാൻ ഞാനാഗ്രഹിക്കുന്നു. ജനങ്ങളോടും, തൊഴിലാളിവർഗ്ഗത്തോടും കൃഷിക്കാരോടും ബുദ്ധിജീവികളോടും, തനിക്കുള്ള കടമകൾ നിറവേററാൻ സഖാവു് സ്റ്റാലിന്നു തികച്ചും കഴിവുണ്ടെന്നു നിങ്ങൾക്കു ഉറപ്പിക്കാവുന്നതാണു്.

കൂടാതെ, സഖാക്കളെ, സോവിയററുയൂണിയനിലെ സുപ്രീംസോവിയററിലേയ്ക്കുള്ള തിരഞ്ഞെടുപ്പുകൾ നടക്കുന്ന ദിവസമായ, ആസന്നമായ ദേശീയാഘോഷദിനവേളയിൽ നിങ്ങളെ അഭിനന്ദിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ആസന്നമായ തിരഞ്ഞെടുപ്പുകൾ വെറും തിരഞ്ഞെടുപ്പുകൾ മാത്രമല്ല, സഖാക്കളെ; നമ്മുടെ തൊഴിലാളികൾക്കും നമ്മുടെ കൃഷിക്കാർക്കും നമ്മുടെ ബുദ്ധിജീവികൾക്കും അതൊരു ദേശീയഒഴിവുദിവസംകൂടിയാണു്. ലോകത്തിന്റെ ചരിത്രത്തിൽ മുമ്പൊരിക്കലുംതന്നെ യഥാർത്ഥത്തിൽ സ്വതന്ത്രവും യഥാർത്ഥത്തിൽ ജനാധിപത്യസ്വഭാവത്തോടുകൂടിയതുമായ ഇങ്ങിനെയൊരു തിരഞ്ഞെടുപ്പു് നടന്നിട്ടില്ല-മുമ്പൊരിക്കലും നടന്നിട്ടില്ല! നമ്മുടെ തിരഞ്ഞെടുപ്പുകൾ സാർവ്വത്രികവും സമവും രഹസ്യവും നേരിട്ടുള്ളതുമായിരിക്കുന്നുവെന്നതു മാത്രമല്ല കാര്യം—തീർച്ചയായും ആ വസ്തുതതന്നെ വളരെ പ്രാധാന്യമുള്ള ഒന്നാണു്. ലോകത്തിലെ മറെറതു രാജ്യത്തിലേയും തിരഞ്ഞെടുപ്പുകളുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ, ഏററവും സ്വതന്ത്രവും ഏററവും ജനാധിപത്യപരവുമായിട്ടായിരി

ക്കും നമ്മുടെ സാർവ്വത്രികതിരഞ്ഞെടുപ്പുകൾ നടത്തപ്പെടുകയെന്നതാണു കാര്യം.

ജനാധിപത്യരാജ്യങ്ങളെന്നു പറയപ്പെടുന്ന ചില മുതലാളിത്തരാജ്യങ്ങളിൽ സാർവ്വത്രികമായ തിരഞ്ഞെടുപ്പുകൾ നിലവിലുണ്ട്, നടത്തപ്പെടാറുണ്ട്. എന്നാൽ ആ രാജ്യങ്ങളിൽ എന്തൊരു അന്തരീക്ഷത്തിലാണു തിരഞ്ഞെടുപ്പുകൾ നടക്കുന്നത്? വർഗ്ഗസംഘട്ടനങ്ങളുടെ അന്തരീക്ഷത്തിൽ, വർഗ്ഗശത്രുതയുടെ അന്തരീക്ഷത്തിൽ, മുതലാളികളും ഭൂവുടമകളും ബാങ്കർമാരും മററു മുതലാളിത്തസ്രാവുകളും വോട്ടർമാരുടെമേൽ കൊണ്ടുവരുന്ന സമ്മർദ്ദത്തിന്റെ അന്തരീക്ഷത്തിൽ, അത്തരം തിരഞ്ഞെടുപ്പുകളെ, സാർവ്വത്രികവും, സമവും രഹസ്യവും നേരിട്ടുള്ളതുമാണെങ്കിൽത്തന്നെയും, തികച്ചും ജനാധിപത്യപരവുമായ തിരഞ്ഞെടുപ്പുകളെന്നു വിളിക്കാൻ വയ്യ.

ഇവിടെ നമ്മുടെ രാജ്യത്തിലാകട്ടെ തീരെ വിഭിന്നമായ ഒരു അന്തരീക്ഷത്തിലാണ് തിരഞ്ഞെടുപ്പുകൾ നടക്കുന്നത്. ഇവിടെ മുതലാളികളോ ഭൂവുടമകളോ ഇല്ല. അതുകൊണ്ട് സ്വത്തുടമവർഗ്ഗങ്ങൾ സ്വത്തില്ലാത്ത വർഗ്ഗങ്ങളുടെ മേൽ ചെലുത്തുന്ന സമ്മർദ്ദവുമില്ല. തൊഴിലാളികളും കൃഷിക്കാരും ബുദ്ധിജീവികളും സഹകരിച്ച് പ്രവർത്തിക്കുന്ന ഒരു അന്തരീക്ഷത്തിലാണ്, പരസ്പരവിശ്വാസത്തിന്റെ – അവർ തമ്മിലുള്ള പരസ്പരസൗഹാർദ്ദത്തിന്റെ എന്നുതന്നെ ഞാൻ പറയും- ഒരു അന്തരീക്ഷത്തിലാണ്, ഇവിടെ തിരഞ്ഞെടുപ്പുകൾ നടക്കുന്നത്. കാരണം, നമ്മുടെ രാജ്യത്തിൽ മുതലാളികളില്ല, ഭൂവുടമകളില്ല, ചൂഷണമില്ല–ജനങ്ങളുടെ സ്വയേച്ഛയെ വളച്ചൊടിക്കത്തക്കവിധം അവരുടെമേൽ നിർബ്ബന്ധംകൊണ്ടുവരാൻ, നേരുപറഞ്ഞാൽ, യാതൊരാളുമില്ല.

ലോകത്തിലൊട്ടാകെ യഥാർത്ഥത്തിൽ സ്വതന്ത്രവും യഥാർത്ഥത്തിൽ ജനാധിപത്യപരവുമായ തിരഞ്ഞെടുപ്പുകൾ നമ്മുടെ തിരഞ്ഞെടുപ്പുകൾ മാത്രമാണെന്നു പറയുന്നതിതുകൊണ്ടാണ്.

സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ പരിപൂർണ്ണമായ വിജയത്തിന്റെ അടിസ്ഥാനത്തിൽമാത്രമേ ഇത്തരം സ്വാതന്ത്ര്യവും യഥാർത്ഥത്തിൽ ജനാധിപത്യപരവുമായ തിരഞ്ഞെടുപ്പുകൾ ഉണ്ടാവുകയുള്ളൂ—നമ്മുടെ നാട്ടിൽ സോഷ്യലിസം കെട്ടിപ്പടുത്തുകൊണ്ടിരിക്കുകയാണെന്നതു മാത്രമല്ല, ജീവിതത്തിന്റെ—ജനങ്ങളുടെ നിത്യജീവിതത്തിന്റെ—ഒരു ഭാഗമായിക്കഴിഞ്ഞിരിക്കുന്നു അതെന്ന വസ്തുതയാണു ആ അടിസ്ഥാനം. ഒരു പത്തുകൊല്ലം മുമ്പ് നമ്മുടെ നാട്ടിൽ സോഷ്യലിസം കെട്ടിപ്പടുക്കാൻ സാധിക്കുമോ ഇല്ലയോ എന്ന ചോദ്യം ഒരു വിവാദവിഷയമായിത്തന്നെ ഇരിക്കുമായിരുന്നു. ഇന്ന് അതൊരു വാദവിഷയമേയല്ല. ഇന്നു അതു സത്യാവസ്ഥകളുടെ ഒരു കാര്യമാണ്, യഥാർത്ഥജീവിതത്തിന്റെ ഒരു കാര്യമാണ്, നമ്മുടെ ജനങ്ങളുടെ ജീവിതത്തിലുടനീളം ഇഴുകിച്ചേർന്നുകഴിഞ്ഞ സ്വഭാവങ്ങളുടെ ഒരു കാര്യമാണ്. നമ്മുടെ മില്ലുകളും ഫാക്ടറികളും മുതലാളികളെ കൂടാതെ നടക്കുന്നു. ജനങ്ങളിൽപെട്ട സ്ത്രീപുരുഷന്മാർതന്നെ ജോലിയെ നിയന്ത്രിച്ചുനയിക്കുന്നു. അതാണു പ്രയോഗത്തിൽ സോഷ്യലിസമെന്നു പറഞ്ഞാൽ. നമ്മുടെ പാടങ്ങളിൽ ഭൂവുടമകളും ധനികകൃഷിക്കാരുമില്ലാതെ കൃഷിപ്പണി നടക്കുന്നു. ജനങ്ങൾക്കിടയിൽ നിന്നുവന്ന സ്ത്രീപുരുഷന്മാർതന്നെയാണ് ആ ജോലിയേയും നിയന്ത്രിച്ചുനയിക്കുന്നതു്. ഇതിനെയാണ് ഞങ്ങൾ ദൈനംദിനജീവിതത്തിലെ സോഷ്യലിസമെന്നു വിളിക്കുന്നതു, സ്വാതന്ത്ര്യമായ സോഷ്യലിസ്റ്റ് ജീവിതമെന്നു വിളിക്കുന്നതു്.

ഈ അടിത്തറയിന്മേലാണു നമ്മുടെ പുതിയ, യഥാർത്ഥത്തിൽ സ്വാതന്ത്ര്യവും യഥാർത്ഥത്തിൽ ജനാധിപത്യപരവുമായ തിരഞ്ഞെടുപ്പുകൾ ഉയർന്നുവന്നിട്ടുള്ളതു—മാനവസമുദായത്തിന്റെ ചരിത്രത്തിൽ അതു അഭൂതപൂർവ്വമാകുന്നു്.

അപ്പോൾപിന്നെ, സോവിയററ്യൂണിയനിലെ സുപ്രീം സോവിയററിലേക്കുള്ള തിരഞ്ഞെടുപ്പുകളുടെ ദിവസത്തിൽ,

ദേശീയാഘോഷദിനവേളയിൽ, നിങ്ങളെയെങ്ങിനെ അഭിനന്ദിക്കാതിരിക്കാൻ സാധിക്കും?

കൂടാതെ, സഖാക്കളെ, നിങ്ങൾക്കു ചില ഉപദേശങ്ങൾ തരാനും ഞാൻ ആഗ്രഹിക്കുന്നു. ഒരു സ്ഥാനാൎത്ഥിയെന്ന നിലക്കു വോട്ടർമാൎക്കു തരാനുള്ള ഉപദേശമാണതു്. മുതലാളിത്തരാജ്യങ്ങളെ എടുത്താൽ, നിങ്ങൾക്കു ഒന്നു കാണാൻ കഴിയും: അവിടെ ജനപ്രതിനിധികളും വോട്ടർമാരും തമ്മിൽ അസാധാരണമായ–അസ്വാഭാവികമെന്നുതന്നെ ഞാൻ പറയും–ബന്ധങ്ങളാണുള്ളതു്. തിരഞ്ഞെടുപ്പു് നടക്കുന്ന സമയത്തു, ജനപ്രതിനിധികൾ വോട്ടർമാരുമായി ശൃംഗരിക്കുന്നു, വോട്ടർമാരുടെ സേവ പിടിക്കാൻ നോക്കുന്നു, ആണയിട്ടു് കൂറു പ്രഖ്യാപിക്കുന്നു, എല്ലാത്തരം വാഗ്ദാനങ്ങളും നിർല്ലോഭം ചെയ്യുന്നു. തിരഞ്ഞെടുപ്പുകൾ കഴിയേണ്ട താമസം, സ്ഥാനാർത്ഥികൾ ജനപ്രതിനിധികളായാൽപിന്നെ, ആ ബന്ധത്തിൽ മൌലികമായ ഒരു മാററം വരുന്നു. ജനപ്രതിനിധികൾ വോട്ടർമാരെ ആശ്രയിച്ചുനില്ക്കുന്നതിന്നുപകരം, അവർ തികച്ചും സ്വതന്ത്രരായിത്തീരുന്നു. നാലഞ്ചുകൊല്ലക്കാലത്തേക്കു, അതായതു അടുത്ത തിരഞ്ഞെടുപ്പുവരെ, ജനപ്രതിനിധികൾ തികച്ചും സ്വതന്ത്രരാണു്, അവൎക്കു ജനങ്ങളേ, വോട്ടർമാരേ, ഒട്ടും ആശ്രയിക്കേണ്ടതില്ല അയാൾക്കു ചേരിമാറാം. ശരിയായ മാർഗ്ഗം വിട്ടു തെററായ വഴിക്കു പോകാം; ഒട്ടും പുറത്തു പറയാൻ കൊള്ളാത്ത സൂത്രപ്പണികളിൽ ചെന്നു കുടുങ്ങുകപോലും ചെയ്യാം; അയാൾക്കിഷ്ടംപോലെ കുട്ടിക്കരണം മറിയാം–അയാൾ സ്വതന്ത്രനാണു്.

ഇത്തരം ബന്ധങ്ങളെ സ്വാഭാവികമായി കണക്കാക്കാമോ? ഒരുതരത്തിലും വയ്യാ സഖാക്കളെ. നമ്മുടെ ഭരണഘടന ഈ സ്ഥിതിയെ പരിഗണിച്ചിട്ടുണ്ടു്; കാലാവധി കഴിയുന്നതിന്നുമുമ്പുതന്നെ, സ്വന്തം പ്രതിനിധിയെ തിരിച്ചുവിളിക്കാനുള്ള അവകാശം വോട്ടർമാൎക്കു നൽകീട്ടുണ്ടു്—ആ പ്രതിനിധി കള്ളത്തരം കാണിക്കാൻ തുടങ്ങുകയാണെങ്കിൽ, അയാൾ വഴിതെററിപ്പോവുകയാ

ണെങ്കിൽ, അല്ലെങ്കിൽ ജനങ്ങളെ, വോട്ടർമാരെ, ആശ്രയിച്ചാണ് അയാാം നിലനിൽക്കുന്നതെന്നു വിസ്മരിക്കുകയാണെങ്കിൽ.

സഖാക്കളെ, ഇതൊരു അത്ഭുതകരമായ നിയമമാണ്. ജനങ്ങളുടെ ദാസനാണു താനെന്നു, സുപ്രീംസോവിയററിലെ അവരുടെ ദൂതനാണു താനെന്നു, ജനങ്ങാം അയാാംക്കു നൽകിയ തിരഞ്ഞെടുപ്പു നിർദ്ദേശത്തിൽ കാണിച്ച നയം അയാാം അനുസരിക്കണമെന്നു, ഓരോ പ്രതിനിധിക്കും നല്ല ബോദ്ധ്യമുണ്ടായിരിക്കണം. അയാാം വഴിതെററിപ്പോവുകയാണെങ്കിൽ പുതിയ തെരഞ്ഞെടുപ്പാവശ്യപ്പെടാൻ വോട്ടർമാക്കു അവകാശമുണ്ട്; വഴിതെററിയ പ്രതിനിധിയെ സംബന്ധിച്ചാണെങ്കിൽ, അയാളെ കെട്ടുകെട്ടിക്കാനും വോട്ടർമാക്കു അവകാശമുണ്ട്. ഇതു ഒരൊന്നാംതരം നിയമമാണ്. ഒരു സ്ഥാനാർത്ഥിയെന്ന നിലയ്ക്കു വോട്ടർമാരോടുള്ള എൻെറ ഉപദേശം ഇതാണ്: വോട്ടർമാരുടെ ഈ അവകാശത്തെ, കാലാവധി കഴിയുംമുമ്പ് പ്രതിനിധികളെ തിരിച്ചുവിളിക്കാനുള്ള അവകാശത്തെ, അവർ ഓമ്മിക്കണം; പ്രതിനിധികളുടെ മേൽ അവക്കു എപ്പോഴും ഒരു കണ്ണുണ്ടായിരിക്കണം, അവരെ നിയന്ത്രിക്കണം; ശരിയായ മാഗ്ഗത്തിൽനിന്നു അവർ തെററിപ്പോകാനാലോചിക്കുകയാണെങ്കിൽ, അവരെ മാററാനും പുതിയ തിരഞ്ഞെടുപ്പുകാം നടത്തണമെന്നാവശ്യപ്പെടാനുമുള്ള അവകാശത്തെ വോട്ടർമാർ മറക്കരുതു്. പുതിയ തിരഞ്ഞെടുപ്പു നടത്താൻ സക്കാർ ബാദ്ധ്യസ്ഥരാണ്. ഈ നിയമത്തെ ഓമ്മിക്കുകയും ആവശ്യം വന്നാൽ അതുപയോഗപ്പെടുത്തുകയും ചെയ്യണമെന്നാണ് എൻെറ ഉപദേശം.

അവസാനമായി സ്ഥാനാർത്ഥിയെന്ന നിലയ്ക്കു വോട്ടർമാക്കു ഒരുപദേശം കൂടി എനിക്കു തരാനുണ്ട്. പൊതുവിൽ സ്വന്തം പ്രതിനിധികളിൽനിന്നു ഒരാാം എന്താവശ്യപ്പെടണം; എത്രയോ ആവശ്യങ്ങളുണ്ടാവും; അവയിലെ ഏററവും പ്രാഥമികമായതെന്താണ്?

തങ്ങറംക്ക നിറവേററാനുള്ള ചുമതലകറം വഹിക്കാൻപോന്നവരായിത്തീരണമെന്നു, സ്വന്തം പ്രവത്തനത്തിൽ രാഷ്ട്രീയപണ്ഡിതമൂഢന്മാരുടെ നിലവാരത്തിലേയ്ക്കു അധഃപതിച്ചുപോകരുതെന്നു വോട്ടർമാർ, ജനങ്ങറം, അവരുടെ പ്രതിനിധികളോടാവശ്യപ്പെടണം; ലെനിൻ മാതൃകയിലുള്ള രാഷ്ട്രീയപ്രവത്തകരായിവത്തിക്കണമെന്നു, ലെനിൻ ആയിരുന്നപോലെ അത്രതന്നെ വ്യക്തതയും സ്പഷ്ടതയുമുള്ള പൊതുപ്രവത്തകരായിത്തീരണമെന്നു; ലെനിൻ ആയിരുന്നപോലെ സമരത്തിൽ നിർഭയരും ജനശത്രുക്കളോടു നിർദ്ദയരുമായിരിക്കണമെന്നു; ലെനിനെപ്പോലെതന്നെ ഏതെങ്കിലും ആപത്തു ചക്രവാളത്തിൽ തലപൊക്കാൻ തുടങ്ങുമ്പോറം, സംഗതികറം കെട്ടുപിണഞ്ഞതായിത്തീരുമ്പോറം, ഒരു തരത്തിലും പരിഭ്രമിച്ചുപോകരുതെന്നും ബേജാറിൻെറ ലാഞ്ഛനപോലും തീണ്ടരുതെന്നും, സവ്വസ്പർശിയായ പുത്തൻ സമീപനരീതിയും അനുകൂലപ്രതികൂലസാഹചര്യങ്ങളെല്ലാം ഒന്നൊഴിയാതെ കണക്കിലെടുത്തു തൂക്കിനോക്കലും ആവശ്യപ്പെടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങറം തീരുമാനിക്കേണ്ടിവരുന്ന സമയത്തു ലെനിനെപ്പോലെ ബുദ്ധിശാലികളും സുചിന്തിതരുമാകണമെന്നു; ലെനിൻ ആയിരുന്നപോലെ നേരും നെറിയുമുള്ളവരാകണമെന്നു; ലെനിൻ ചെയ്തപോലെ സ്വന്തം ജനങ്ങളെ സ്നേഹിക്കണമെന്നു—വോട്ടർമാർ, ജനങ്ങറം, അവരുടെ പ്രതിനിധികളോടാവശ്യപ്പെടണം.

തികച്ചും ഇത്തരത്തിലുള്ള പൊതുപ്രവത്തകരാണ് എല്ലാ സ്ഥാനാർത്ഥികളുമെന്നു നമുക്ക പറയാൻ കഴിയുമോ? ഞാനങ്ങിനെ പറയില്ല. ലോകത്തിൽ പലേ ജാതിക്കാരായ ആളുകളുണ്ടു്; അതുപോലെതന്നെ ലോകത്തിൽ പലേ തരക്കാരായ പൊതുപ്രവത്തകരുമുണ്ടു്. ഏതുതരക്കാരാണെന്നു,–നല്ലവരാണോ, ചീത്തയാളുകളാണോ, ധീരന്മാരാണോ, ഭീരുക്കളാണോ, പൂർണ്ണമനസ്സോടെ ജനങ്ങറംക്കുവേണ്ടി നിലക്കൊള്ളുന്നവരാണോ അതോ ജനശത്രുക്കറംക്കുവേണ്ടി നിലക്കൊള്ളുന്നവരാണോ–എന്നു നിങ്ങറംക്ക പറയാൻ വയ്യാത്ത ആളുകളുണ്ടു്, അത്തരം ആളുകളുണ്ടു്,

അത്തരം പൊതുപ്രവർത്തകരുമുണ്ടു്; അത്തരക്കാർ നമ്മുടെയിടയിലും, ബോൾഷേവിക്കുകാരുടെയിടയിലും ഉണ്ടു്. ഓരോ കുടുംബത്തിലും 'കറുത്താടുക'ളുണ്ടെന്നു നിങ്ങൾക്കു തന്നെ അറിയാമല്ലോ, സഖാക്കളെ. എന്തെന്നു പറയാൻ വയ്യാത്ത ഇത്തരം ആളുകളെപ്പററിയാണു്—രാഷ്ട്രീയപ്രവർത്തകരെക്കാൾ രാഷ്ട്രീയപണ്ഡിതമൂഢന്മാരായ, അവ്യക്തവും അനിശ്ചിതവുമായ സ്വഭാവത്തോടുകൂടിയ, ഇത്താരം ആളുകളെപ്പററിയാണു—മഹാനായ റഷ്യൻ എഴുത്തുകാരനായ ഗൊഗോൾ കുറിക്കുകൊള്ളുന്ന രീതിയിൽ പറഞ്ഞതു്: "പുകപോലെയുള്ള ആളുകൾ, അവർ മണ്ണുമല്ല ചാണകവുമല്ല; അവരെപ്പററി വാലും തലയും തിരിച്ചറിയാൻവയ്യ; അവർ പട്ടണത്തിലെ ബോഗ്ഡാനുമല്ല, നാട്ടിൻപുറത്തെ സെലിഫാനുമല്ല." എന്താണെന്നു നിശ്ചയമില്ലാത്ത ഇത്തരം ആളുകളെപ്പററി നാട്ടുകാർക്കിടയിൽ പററിയ പഴല ചൊല്ലുകളുമുണ്ടു്. "എങ്ങും തൊടാത്ത ഒരാൾ—മത്സ്യവുമല്ല, മാംസവുമല്ല" "അമ്പലത്തിൽ വിളക്കു വെയ്ക്കാനും പററില്ല, ചെകുത്താനു ചൂട്ടുപിടിക്കാനുംപററില്ല."

സ്ഥാനാർത്ഥികളുടെ കൂട്ടത്തിലും (തീർച്ചയായും ഞാനവരോടു മാപ്പു ചോദിക്കുന്നു) നമ്മുടെ പൊതുപ്രവർത്തകരുടെ കൂട്ടത്തിലും നാട്ടുകാർക്കിടയിലുള്ള ചൊല്ലുപോലെ "അമ്പലത്തിൽ വിളക്കു വെയ്ക്കാനും പററില്ല; ചെകുത്താനു ചൂട്ടുപിടിക്കാനും പററില്ല" എന്ന സ്വഭാവംകൊണ്ടും സ്വരൂപംകൊണ്ടും പറയാവുന്ന ആളുകൾ, മററന്തിനെക്കാളും കൂടുതലായി രാഷ്ട്രീയപണ്ഡിതമൂഢന്മാരുടെ ഛായയിലുള്ള ആളുകൾ, തീരെ ഇല്ലെന്നു ഉറപ്പിച്ചുപറയാൻ എന്നെക്കൊണ്ടാവില്ല.

സഖാക്കളെ, നിങ്ങളുടെ പ്രതിനിധികളുടെ മേൽ നിങ്ങൾ തുടർച്ചയായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കണമെന്നു, മഹാനായ ലെനിൻെറ മഹത്തായ മാതൃക എപ്പോഴും കൺമുന്നിലുണ്ടായിരിക്കണമെന്നും എല്ലാ കാര്യങ്ങളിലും ലെനിനെ അനുകരിക്കണമെന്നും അവരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു.

തിരഞ്ഞെടുപ്പോടുകൂടി വോട്ടർമാരുടെ ചുമതലകറം അവസാനിക്കുന്നില്ല. ഒരു പ്രത്യേകസുപ്രീംസോവിയററിന്റെ കാലാവധിക്കിടയ്ക്കു് ആദ്യവസാനം ആ ചുമതലകറം തുടൎന്നു നിറവേറേണ്ടതായിട്ടുണ്ടു്. ശരിയായ മാർഗ്ഗത്തിൽനിന്നു തെററിപ്പോയാൽ കാലാവധി തീരുംമുമ്പുതന്നെ സ്വന്തംപ്രതിനിധികളെ തിരിച്ചുവിളിക്കാൻ വോട്ടർമാൎക്കു അധികാരം നൽകുന്ന നിയമത്തെപ്പററി ഞാൻ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ടു് പ്രതിനിധികളെ നിരന്തരം തങ്ങളുടെ നിയന്ത്രണത്തിൽ നിൎത്തേണ്ടതും യാതൊരു സാഹചര്യത്തിലും രാഷ്ട്രീയപണ്ഡിതമൂഢന്മാരുടെ നിലവാരത്തിലേയ്ക്കു അധഃപതിക്കരുതെന്നും മഹാനായ ലെനിനെപ്പോലെ ആയിരിക്കണമെന്നും ; അവരെ ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കേണ്ടതും വോട്ടർമാരുടെ അവകാശവും കടമയും ആണു്.

ഇതാണു സഖാക്കളെ, എന്റെ രണ്ടാമത്തെ ഉപദേശം; ഒരു സ്ഥാനാൎത്ഥിയെന്ന നിലയ്ക്കു വോട്ടർമാൎക്കു നൽകാനുള്ള ഉപദേശം.

പ്രാവ്ദാ, നമ്പർ 340,
1937 ഡിസമ്പർ 12.

# ഉപരിവിദ്യാഭ്യാസപ്രവർത്തകർക്കു ക്രെംലിനിൽവെച്ചു നൽകിയ ഒരു സ്വീകരണയോഗത്തിൽ ചെയ്ത പ്രസംഗം

(1938 മെയ് 17)

സഖാക്കളെ, ശാസ്ത്രത്തിന്നും അതിൻെറ പുരോഗതിക്കും, ശാസ്ത്രകാരന്മാരുടെ ആരോഗ്യത്തിന്നും ഒരു പാനോപചാരം ചെയ്യാൻ എന്നെ അനുവദിക്കുക.

ജനങ്ങളിൽനിന്നു സ്വയം വേലികെട്ടി അകന്നുനില്ക്കാത്തതും ജനങ്ങളിൽനിന്നു ഒഴിഞ്ഞുമാറിപ്പോകാത്തതുമായ, എന്നാൽ ജനങ്ങളെ സേവിക്കാനും ജനങ്ങൾക്കു ശാസ്ത്രത്തിൻെറ എല്ലാ നന്മകളും പകർന്നുകൊടുക്കാനും തയ്യാറായ, നിർബ്ബന്ധംകൊണ്ടല്ലാതെ സ്വമനസ്സാലേയും സ്വമേധയായും ജനങ്ങളെ സേവിക്കുന്ന, ശാസ്ത്രത്തിൻെറ പുരോഗതിക്കു്.

ശാസ്ത്രത്തിൻെറ മേൽശാന്തിക്കാരുടേയും കുത്തകാവകാശികളുടേയും ഉടുപ്പണിഞ്ഞുകൊണ്ടു് സുഖലോലുപതയിൽ മയങ്ങിക്കഴിഞ്ഞുകൂടാൻ പഴക്കംചെന്നവരും അംഗീകരിക്കപ്പെട്ടവരുമായ സ്വന്തം നേതാക്കന്മാരെ അനുവദിക്കാത്ത; പഴക്കം ചെന്ന ശാസ്ത്രകാരന്മാരും പുതിയ ചെറുപ്പക്കാരായ ശാസ്ത്രകാരന്മാരും തമ്മിലുള്ള സഖ്യത്തിൻെറ അർത്ഥവും പ്രാധാന്യവും സർവ്വശക്തിത്വവും മനസ്സിലാക്കുന്ന; നമ്മുടെ രാജ്യത്തിലെ യുവശക്തികൾക്കു സ്വമനസ്സാലേയും സ്വമേധയായും ശാസ്ത്രത്തിൻെറ എല്ലാ വാതിലുകളും മലക്കെ തുറന്നിട്ടുകൊടുക്കുകയും ശാസ്ത്രത്തിൻെറ ഉന്നത ശിഖരങ്ങളിലേയ്ക്കു കയറാൻ അവക്കു എല്ലാ അവസരങ്ങളും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്ന; ഭാവിയിരിക്കുന്നതു യുവ

കാരന്മാരുടെ കയ്യിലാണെന്നു അംഗീകരിക്കുന്ന, ശാസ്ത്രത്തിൻെറ പുരോഗതിയുള്ളൂ.

യാതൊരു ശാസ്ത്രത്തിൻെറ ഭക്തന്മാർ സുസ്ഥാപിതമായ ശാസ്ത്രീയപാരമ്പര്യങ്ങളുടെ ശക്തിയും പ്രാധാന്യവും മനസ്സിലാക്കുകയും ശാസ്ത്രത്തിൻെറ താല്പര്യങ്ങൾക്കുവേണ്ടി അവയെ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം ഈ പാരമ്പര്യങ്ങൾക്കു അടിമകളായിത്തീരാൻ തയ്യാറല്ലയോ; യാതൊരു ശാസ്ത്രത്തിന്നു പഴകിപ്പോവുകയും പുരോഗതിയെ പിടിച്ചുനിർത്താൻ തുടങ്ങുകയും ചെയ്യുന്ന പഴയ പാരമ്പര്യങ്ങളേയും മാനദണ്ഡങ്ങളേയും അഭിപ്രായങ്ങളേയും തട്ടിത്തകക്കാൻവേണ്ട ധൈര്യവും ദൃഢനിശ്ചയവുമുണ്ടോ; യാതൊരു ശാസ്ത്രത്തിന്നു പുതിയ പാരമ്പര്യവും മാനദണ്ഡങ്ങളും പുതിയ അഭിപ്രായങ്ങളും സൃഷ്ടിക്കാൻ കഴിവുണ്ടോ—അത്തരം ശാസ്ത്രത്തിൻെറ പുരോഗതിയുള്ളൂ.

അതിൻെറ വളർച്ചയ്ക്കിടയിൽ ശാസ്ത്രം പല ധീരന്മാരായ ആളുകളേയും കണ്ടിട്ടുണ്ട്— എല്ലാ തടസ്ഥങ്ങളേയും തട്ടിനീക്കികൊണ്ടും എല്ലാററിനേയും കൂസാതെകണ്ടും പഴയതു തകക്കാനും പുതിയതു സൃഷ്ടിക്കാനും കഴിഞ്ഞ ആളുകളായിരുന്നു അവർ. അത്തരം ശാസ്ത്രകാരന്മാരായിരുന്നു ഗലിലിയോവും ഡാർവിനും മററു പലരും—അവരെ എല്ലാവക്കും അറിയാം. ഈ സമുന്നതശാസ്ത്രജ്ഞന്മാരിലൊരാളെപ്പററി,—അതേസമയത്തു അദ്ദേഹം ആധുനികകാലത്തെ ഏററവും വലിയ മഹാൻ കൂടിയായിരുന്നു—പറയാൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ ഗുരുനാഥനും അദ്ധ്യാപകനുമായ ലെനിനാണു എൻെറ മനസ്സിലുള്ളതു്. 1917-ാം കൊല്ലത്തെ ഒന്നു ഓർത്തുനോക്കു. റഷ്യയിലെ സാമൂഹ്യവളർച്ചയുടേയും സാർവ്വദേശീയസ്ഥിതിയുടേയും ഒരു ശാസ്ത്രീയമായ അപഗ്രഥനം വഴി അന്നത്തെ സ്ഥിതിയിൽനിന്നു പുറത്തു കടക്കാനുള്ള ഏകമാർഗ്ഗം റഷ്യയിൽ സോഷ്യലിസത്തിൻെറ വിജയമാണെന്ന നിഗമനത്തിലെത്താൻ ലെനിന്നു സാധിച്ചു. ഈ നിഗമനം അന്നത്തെ പല ശാസ്ത്രകാരന്മാക്കും തീരെ പ്രതീക്ഷി

ക്കാത്ത ഒരു ആശ്ചര്യമായിട്ടാണനുഭവപ്പെട്ടതു്. അന്നു ഒരുയൻ ശാസ്ത്രകാരനായ പ്ലെഖനോവു് ലെനിനെപ്പററി അവജ്ഞയോടെ സംസാരിച്ചു, 'ലെനിൻ പിച്ചും പേയും' പറയുകയാണെന്നധിക്ഷേപിച്ചു. അത്രതന്നെ അറിയപ്പെടുന്ന മററു ശാസ്ത്രകാരന്മാർ "ലെനിന്നു ഭ്രാന്തു പിടിച്ചിരിക്കുന്നു"വെന്നും അദ്ദേഹത്തെ ഭദ്രമായ ഒരിടത്തു കൊണ്ടചെന്നാക്കണമെന്നും പ്രഖ്യാപിച്ചു. എല്ലാതരക്കാരായ ശാസ്ത്രകാരന്മാരും മുറവിളി കൂട്ടി, ലെനിൻ ശാസ്ത്രത്തെ നശിപ്പിക്കുകയാണെന്നു്. എന്നാൽ ഒഴുക്കിന്നെതിരായി, പാരമ്പര്യത്തിൻെറ ശക്തിക്കെതിരായി, പോകുവാൻ ലെനിൻ പേടിച്ചില്ല. ലെനിൻ ജയിക്കുകയും ചെയ്തു.

കാലഹരണം വന്ന ശാസ്ത്രത്തെ സുധീരം എതിർക്കുകയും ഒരു പുതിയ ശാസ്ത്രത്തിൻെറ വഴി തെളിയിക്കുകയും ചെയ്ത ഒരു ശാസ്ത്രകാരൻെറ ഉദാഹരണം നാമിവിടെ കാണുന്നു.

പക്ഷെ ചിലപ്പോഠം ശാസ്ത്രത്തിൽ നല്ലപോലെ അറിയപ്പെടുന്ന ആളുകളായിരിക്കുകയില്ല ശാസ്ത്രത്തിന്നും സാങ്കേതിക വൈദഗ്ദ്ധ്യത്തിന്നും പുതിയ വഴികഠം വെട്ടിത്തെളിയിക്കുന്നതു്; പിന്നെയോ, ശാസ്ത്രലോകത്തിൽ തീരെ പേരില്ലാത്ത, പ്രായോഗികപ്രവർത്തകരായ സ്വന്തം പ്രവർത്തനരംഗത്തിൽ പുത്തൻ രീതികഠം കണ്ടുപിടിക്കുന്ന, സാധാരണക്കാരായിരിക്കും. ഇവിടെ നമ്മുടെ മുമ്പിൽ സഖാക്കഠം സ്റ്റഖനോവും പപ്പാനിനും ഇരിക്കുന്നുണ്ടു്. അവർ ശാസ്ത്രലോകത്തിൽ അറിയപ്പെടുന്നവരല്ല, അവക്കു ശാസ്ത്രീയബിരുദങ്ങളൊന്നും ഇല്ല; അവർ സ്വന്തം രംഗത്തിൽ പ്രായോഗികമായി ജോലി ചെയ്യുന്നവരാണു്. പക്ഷേ വ്യവസായത്തിലെ അവരുടെ പ്രായോഗികപ്രവർത്തനത്തിൽ സ്റ്റഖനോവും 'സ്റ്റഖനൊവൈററു'കാരും (സ്റ്റഖനോവു് മാതൃക സ്വീകരിച്ചവർ) പേരുകേട്ട ശാസ്ത്രജ്ഞന്മാരാലും സാങ്കേതികവിദഗ്ദ്ധന്മാരാലും സ്ഥാപിക്കപ്പെട്ട നിലവിലുള്ള മാനദണ്ഡങ്ങളെയെല്ലാം തകിടം മറിച്ചിരിക്കുന്നുവെന്നു ആക്കാണു് അറിയാത്തതു്?

11837



ആ മാനദണ്ഡങ്ങൾ പഴകിപ്പോയെന്നു കാണിക്കാനും യഥാൎത്ഥ ശാസ്ത്രത്തിൻേറയും സാങ്കേതികവൈദഗ്ദ്ധ്യത്തിൻേറയും ആവശ്യങ്ങൾക്കു അനുസൃതമായ പുതിയ മാനദണ്ഡങ്ങൾ അവതരിപ്പിക്കാനും അവൎക്കു കഴിഞ്ഞുവെന്നു ആൎക്കാണറിയാത്തതു്? ഒഴുകിക്കൊണ്ടിരിക്കുന്ന ഹിമദ്വീപിന്മേൽ വച്ചു നടത്തിയ പ്രായോഗികപ്രവൎത്തനത്തിൻെറ ഫലമായി പാപ്പാനിനും അദ്ദേഹത്തിൻെറ കൂട്ടുകാരും ധ്രുവപ്രദേശത്തെ സംബന്ധിച്ച പഴയ ധാരണകളെ തകിടംമറിക്കുകയും പ്രത്യേകമായ ശ്രമമൊന്നും കൂടാതെ മററു ജോലികൾക്കിടയിലെന്നുതന്നെ പറയാം ആ പഴയ ധാരണകൾ കാലഹരണം വന്നതാണെന്നു തെളിക്കുകയും യഥാൎത്ഥശാസ്ത്രത്തിൻെറ ആവശ്യത്തിനൊത്തു ഒരു പുതിയ ധാരണ ഉണ്ടാക്കുകയും ചെയ്തുവെന്നു ആൎക്കാണറിയാത്തതു്? സ്റ്റഖനോവും പപ്പാനിനും ശാസ്ത്രത്തിലെ പുത്തൻകണ്ടുപിടുത്തക്കാരാണെന്ന, നമ്മുടെ പുരോഗമിച്ച ശാസ്ത്രത്തിൻെറ പ്രവൎത്തകരാണെന്ന, വസ്തുതയെ ആൎക്കു നിഷേധിക്കാൻ കഴിയും?

ശാസ്ത്രത്തിൽ എന്തെല്ലാം "അത്ഭുതകൃത്യ"ങ്ങളാണു നടക്കുന്നതെന്നു നോക്കു.

ശാസ്ത്രത്തെപ്പററിയാണു ഞാൻ സംസാരിച്ചിരുന്നതു്. എന്നാൽ നാനാതരം ശാസ്ത്രങ്ങളുണ്ടു്. ഞാൻ സംസാരിച്ചിരുന്ന ശാസ്ത്രം പുരോഗമിച്ച ശാസ്ത്രമാണു്.

നമ്മുടെ പുരോഗമിച്ച ശാസ്ത്രത്തിൻെറ അഭിവൃദ്ധിയ്ക്കു്!

പുരോഗമിച്ച ശാസ്ത്രത്തിൻെറ പ്രവൎത്തകന്മാൎക്കു്!

ലെനിന്നും ലെനിനിസത്തിന്നും!

സ്റ്റഖനോവിന്നും സ്റ്റഖനോവൈററുകാൎക്കും!

പപ്പാനിന്നും പപ്പാനിനൈററുകാൎക്കും!

പ്രാവ്ദാ നമ്പർ 136
1938 മെയ് 19.